KOTTAYAM PUBLIC LIBRARY

Call No. MA 2 Acc.No. 19663

Author കൊച്ചി മലയാള ഭാഷാ പരിഷ്കരണ കമ്മറ്റി

Title ശേഖരണം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

*
*

1

2

...മധർമ്മഗ്രന്ഥാവലി നമ്പർ 36.

# കേശഗ്രഹണം

## പ്രബന്ധം.

[ടിപ്പണീസഹിതം]

KOTTAYAM PUBLIC LIBRARY KOTTAYAM 19663

---

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

---

കോപ്പി ൫൦൦

തൃശ്ശിവപേരൂർ,
രാമാനുജമുദ്രാലയം (ക്ലിപ്ത)ത്തിൽ അച്ചടിച്ചത്.

൧൧൧൨

പകർപ്പവകാശം കമ്മിററിക്കമാത്രം.

...വില 8ണ] [എട്ടണ മാത്രം]

MA2

# പ്രസ്താവന.

ഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു കഴിഞ്ഞ വൎഷത്തിൽ പ്രകാശിതമായ ബകവധം ചമ്പുവിന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചിരുന്ന കേശഗ്രഹണം ചമ്പു ശ്രീരാമവൎമ്മഗ്രന്ഥാവലിയിൽ 36-ാം നമ്പരായി ഇതാ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

മഹാഭാരതകഥയെ ആധികാരികമായ ഭേദം നോക്കി പല ഖണ്ഡങ്ങളായി വേർതിരിച്ച് ഇതിവൃത്തനിൎണ്ണയം ചെയ്തു നിൎമ്മിച്ചിട്ടുള്ള വിവിധചമ്പൂപ്രബന്ധങ്ങളിൽ രാജസൂയം കഴിഞ്ഞാൽ അവ്യവഹിതമായി അടുത്തു നില്ക്കുന്നതാണ് കേശഗ്രഹണം. മഹാഭാരതം സഭാപൎവ്വത്തിൽപെട്ട ദ്യൂതപൎവ്വ(അധ്യായം 73 മുതൽ 95 വരെ)ത്തിലേയും അനുദ്യൂതപൎവ്വ(അധ്യായം 96 മുതൽ 103 വരെ)ത്തിലേയും കഥ ഇതിൽ അടങ്ങിയിരിക്കുന്നു.

സൎവ്വഗുണസമ്പന്നനായ ധൎമ്മപുത്രർ നാനാരാജാക്കന്മാരെ ജയിച്ചു രാജസൂയം ചെയ്തു സമ്പൂൎണ്ണയായ രാജ്യലക്ഷ്മിയാൽ സ്വയംവൃതനായി പരിലസിക്കുന്നതു കണ്ട് ധൃതരാഷ്ട്രപുത്രനായ ദുൎയ്യോധനൻ അസൂയാകലുഷിതനായിച്ചമഞ്ഞ് മാതുലനായ ശകുനിയോടു തന്റെ മനോവ്യഥയെക്കുറിച്ചു പറയുന്നതു മുതൽക്കാണ് കേശഗ്രഹണത്തിലെ കഥ ആരംഭിക്കുന്നത്. യുധിഷ്ഠിരന്റെ അനന്യസാമാന്യമായ ഐശ്വൎയ്യവും തജ്ജന്യമായ ഭീമസേനന്റെ അഹങ്കാരവും പാഞ്ചാലിയുടെ പരിഹാസവും തനിക്കു മേൽക്കുമേൽ ദുസ്സഹമായിരിക്കുന്നുവെന്നു സോദാഹരണം വിവരി

ച്ച് അവ കണ്ടുകൊണ്ടിരിക്കുന്നതിനെക്കാൾ മരിക്കുകയാണ് ഭേദമെന്നു ദുര്യോധനൻ ഉപന്യസിക്കുന്നു. അതു കേട്ടു ശകുനി പ്രബലന്മാരെ നേരായ മാൎഗ്ഗത്തിൽക്കൂടി ജയിപ്പാൻ സാധിക്കയില്ലെന്നും യുധിഷ്ഠിരനെ ദ്യൂതവിനോദത്തിനായി വിളിച്ചു വരുത്താമെങ്കിൽ അദ്ദേഹത്തെ ദുൎവ്വചനംകൊണ്ടു താൻ ജയിച്ചുതരാമെന്നും പറഞ്ഞ് മരുമകനെ ആശ്വസിപ്പിക്കുന്നു. അനന്തരം ദുര്യോധനനും ശകുനിയുംകൂടി ധൃതരാഷ്ട്രരുടെ അടുക്കൽ ചെല്ലുന്നു. ദുര്യോധനൻ മുൻകൂട്ടി ഏല്പാട്ടു ചെയ്തിരുന്നതിന്മണ്ണം ശകുനി ആദ്യമായി ദുര്യോധനന്റെ മനോവ്യഥയെ സാമാന്യമായിധരിപ്പിച്ച് ധൃതരാഷ്ട്രക്ക് പുത്രനെക്കുറിച്ച് ഉൽകണ്ഠയും അനുകമ്പയും ജനിപ്പിക്കുന്നു. അനുകമ്പാകുലനായിച്ചമഞ്ഞ പിതാവ് അനുനയവാക്കുകളെക്കൊണ്ടു പുത്രനെ ആശ്വസിപ്പിക്കുന്നു. ദുര്യോധനൻ അതുകൊണ്ടൊന്നും ആശ്വാസം ലഭിക്കാതെ പാണ്ഡവന്മാൎക്കുണ്ടായിട്ടുള്ള ഉയൎച്ചയും തനിക്കു നേരിട്ടിട്ടുള്ള താഴ്ചയും വിവരിച്ച് അവരിൽനിന്നു തനിക്കു സംഭവിച്ച അപമാനങ്ങളെ വിസ്തരിച്ച് ഗ്രഹിപ്പിക്കുന്നു. എല്ലാം കേട്ടതിനുശേഷം ധൃതരാഷ്ട്രർ, പാണ്ഡവന്മാർ സുകൃതികളാകകൊണ്ടും വിശേഷിച്ച് ത്രൈലോക്യസ്വാമിയായ ശ്രീകൃഷ്ണൻ ബന്ധുവാകകൊണ്ടും അവൎക്കു പീഡ വരുത്തുവാൻ പ്രയാസമുണ്ടെന്നും ജ്യേഷ്ഠനായ ധൎമ്മപുത്രരുടെ സൎവ്വസ്വവും അനുജനായ തനിക്കുള്ളതാണെന്നു വിചാരിച്ച് ആശ്വസിക്കണമെന്നും ദുര്യോധനനോടു പറയുന്നു. ദുര്യോധനൻ പിന്നെയും, ധൎമ്മപുത്രരെ വരുത്തി ദ്യൂതക്രീഡ ചെയ്വാൻ അനുവാദം തന്നാൽ ദുൎവ്വചനംകൊണ്ടു സൎവ്വരേയും ജയിക്കുന്നതിനു നിപുണനായ അമ്മാമൻ ശകുനി തനിക്കു ജയം

സമ്പാദിച്ചു തരുമെന്നും അതു ചെയ്യുന്നതിനനുവദിക്കയേ വേണ്ടതുള്ളുവെന്നും പിതാവിനെ അറിയിക്കുന്നു. അതിനു ധൃതരാഷ്ട്രർ, ദുർദ്യൂതം ക്ഷത്രിയക്ക് ഉചിതമോ അല്ലയോ എന്നു തനിക്കറിവില്ലെന്നും വിദ്വാനായ വിദുരരോടു ചോദിച്ചാൽ അതു വിശദമായറിയാമെന്നും പറയുന്നു. വിദുരർ തൻെറ വിരോധികളുടെ കൂററുകാരനാണെന്നും, വിദുരർ പറഞ്ഞാലേ അച്ഛനു സമ്മതമാകയുള്ളുവെങ്കിൽ താൻ മരിക്കുവാനാണുദ്ദേശിക്കുന്നതെന്നും ദുര്യോധനൻ ശഠിക്കുന്നു. ഈ ഘട്ടത്തിൽ അഭിമാനികളിലഗ്രഗണ്യനായ കർണ്ണൻ ദ്യൂതയുദ്ധം വേണ്ടതില്ലെന്നും താൻ യുദ്ധദ്യൂതംകൊണ്ടു പാണ്ഡവന്മാരെ ജയിച്ചുകൊള്ളാമെന്നും ദുശ്ശാസനാദികളായ വീരന്മാർ യുദ്ധത്തിന്നു വട്ടംകൂട്ടട്ടെ എന്നും അത്യന്തം ആവേശത്തോടുകൂടി പറയുന്നു. സംരംഭിയായ കർണ്ണനെ ഒതുക്കി ദുര്യോധനൻ താൻ പിടിച്ച ഭാഗം ജയിക്കുന്നതിനുവേണ്ടി പിതാവിനെ പിന്നെയും നിർബ്ബന്ധിക്കുന്നു. ഈ വ്യതികരത്തിൽ നയജ്ഞനായ ധൃതരാഷ്ട്രർ വിദുരരെ വരുത്തി അഭിപ്രായം ചോദിക്കുകയും വിദുരർ ദുർദ്യൂതത്തെ എതിർത്തു യുധിഷ്ഠിരാധികളും ദുര്യോധനാദികളെപ്പോലെ ധൃതരാഷ്ട്രരുടെ പുത്രന്മാർതന്നെയാണെന്നും അവരെ നശിപ്പിക്കുവാൻ പല കപടപ്രയോഗങ്ങളും അതിനുമുമ്പു പ്രയോഗിച്ചതു വിഫലമായിപ്പോയെന്നും മേലെങ്കിലും ഇരുകൂട്ടരും തമ്മിൽ യോജിച്ചു കഴിയുവാനുള്ള ഏർപ്പാടാണ് ചെയ്യേണ്ടതെന്നും അഭിപ്രായപ്പെടുന്നു. പക്ഷെ, പുത്രവാത്സല്യത്തിൻെറ ശക്തിയാലോ ഭവിതവ്യയുടെ പ്രഭാവത്താലോ എന്തോ വിദുരരുടെ ഹിതവാക്യത്തെ സ്വീകരിക്കാതെ ദ്യൂതക്രീഡയ്ക്കുചിതമായ ഒരു കനകസഭ പണിയിച്ച് പാണ്ഡ

വന്മാരെ അതു കാണുവാൻ കൂട്ടിക്കൊണ്ടു വരുന്നതിനു വിദുരരെ കല്പിച്ചയയ്ക്കുകയാണു് ധൃതരാഷ്ട്രർ ചെയ്യുന്നത്.

വിഹ്വലഹൃദയനായ വിദുരർ ഉടനെ പോയി പാണ്ഡുവന്മാരെ പാഞ്ചാലിയോടു കൂടി ധൃതരാഷ്ട്രസന്നിധിയിലേക്കു കൂട്ടിക്കൊണ്ടുവരുന്നു. അവർ മഹാർഹങ്ങളായ സൽക്കാരങ്ങളെ സ്വീകരിച്ചു് അന്നേ ദിവസം സുഖമായി അവിടെ താമസിക്കുകയും പിറേറന്നു രാവിലെ സന്ധ്യാവന്ദനം കഴിഞ്ഞു് സഭയിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. അപ്പോൾ ആ സഭ അക്ഷധൂർത്തന്മാരാൽ സനാഥയായിട്ടാണു് കാണപ്പെടുന്നത്. ധർമ്മപുത്രർ സഭയിൽ എത്തിയ ഉടനെ ശകുനി അദ്ദേഹത്തെ ചൂതുകളിപ്പാൻ വിളിക്കുന്നു. ചൂതുകളി സാമ്രാജ്യം വാഴുന്ന രാജാക്കന്മാർക്കു വിധിച്ചിട്ടുള്ള ഒരു വിനോദമാണെന്നാണു് ശകുനിയുടെ പക്ഷം. യുധിഷ്ഠിരനാകട്ടെ വൈരഹേതുവായ കിതവകൃത്യത്തെ നിന്ദിച്ചു് “ഞങ്ങളെ ചൂതുകൊണ്ടു ജയിപ്പാൻ ആഗ്രഹിക്കുന്നുണ്ടോ? ജയേച്ഛയുണ്ടെങ്കിൽ ആയുധമെടുക്കുക. യുദ്ധത്തിൽ പരാക്രമം പ്രകടിപ്പിക്കുന്നവർക്കാണല്ലോ കീർത്തി” എന്നു പറയുന്നു. പക്ഷെ ദ്യൂതവിനോദത്തിൽ മറിച്ചൊന്നും ശങ്കിക്കേണ്ടതില്ലെന്നും അതിൽ വല്ല ആപത്തും കാണുന്നുണ്ടെങ്കിൽ വേണ്ടെന്നു വച്ചു പിന്തിരിക്കാമെന്നും ശകുനി പറയുന്നു. പിന്തിരിക്കുക എന്നു കേട്ടപ്പോൾ ധർമ്മപുത്രർ “കിതവന്മാർ ചൂതിനും വിമതന്മാർ പോരിനും വിളിച്ചാൽ ഞാൻ പിന്തിരിക്കുകയില്ല” എന്നു പറഞ്ഞു് ചൂതു പൊരുതുവാൻ സന്നദ്ധനാകുന്നു. എതിർവശത്തു കളിപ്പാൻ ശകുനിയും പണയം പറവാൻ ദുര്യോധനനുമുണ്ടു. തന്റെ ഭാഗത്തു രണ്ടിനും താൻ മാത്രമേ ഉള്ളു; ഈ വൈഷമ്യം അറിഞ്ഞി

രുന്നിട്ടും യുധിഷ്ഠിരൻ അതു സമ്മതിച്ച ചൂതാരംഭിക്കുന്നു അന്ധനായ ധൃതരാഷ്ട്രരുടെ മുമ്പിൽ വച്ച് രാജാക്കന്മാരോരോരുത്തരും ആസനസ്ഥന്മാരായിരിക്കവേ ആരംഭിച്ചതും ക്ഷത്രിയക്ക നാശകാരണവുമായ ഈ ചൂതുകളിയിൽ നേർകളികൊണ്ടൊന്നും ജയം വരായ്കയാൽ ശകുനി നേരും നെറിയും കെട്ട കള്ളക്കളി കളിക്കുവാൻ തുടങ്ങുന്നു. കള്ളക്കളി ആരംഭിച്ചതോടു കൂടി ധർമ്മപുത്രർ തോൽക്കുവാനും ശകുനി ജയിക്കുവാനും തുടങ്ങുന്നു. ഓരോ വര തോൽക്കുമ്പോഴും ധർമ്മപുത്രർ രാജകീയധനങ്ങളിൽ ഓരോന്നു പണയം വയ്ക്കുന്നു. ഇങ്ങനെ അനേകം വര ധർമ്മപുത്രർ തോൽക്കുകയും കേശഗ്രഹങ്ങൾ, രാജ്യം, ഗജസമൂഹം മുതലായ എല്ലാ രാജകീയധനങ്ങളും പണയം വയ്ക്കുകയും ചെയ്യുന്നു. ധനമെല്ലാമൊടുങ്ങിയപ്പോൾ യുധിഷ്ഠിരൻ ഭീമാദികളായ അനുജന്മാരേയും അവരെത്തുടന്ന് തന്നെയും ഒടുവിൽ യജ്ഞവേദിയിൽനിന്നുത്ഭവിച്ച പ്രിയപത്നിയായ പാഞ്ചാലിയേയും പണയം വയ്ക്കുന്നു.

ഇപ്രകാരം ശകുനിയുടെ വഞ്ചനയിൽ കുടുങ്ങി സർവ്വസ്വവും പണയം വച്ച പരവശനായി യുധിഷ്ഠിരൻ മുഖം താഴ്ത്തി സ്ഥിതിചെയ്യുമ്പോൾ ദുർബുദ്ധിയായ ദുര്യോധനൻ ദുശ്ശാസനനെ വിളിച്ച പാണ്ഡവപത്നിയായ ദ്രൌപദിയെ പിടിച്ചിഴച്ച് അടിച്ച കുമച്ച് സഭയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ കല്പിച്ചയയ്ക്കുന്നു. കല്പന കേട്ടപ്പോഴേയ്ക്കും കശ്മലമൂർത്തിയായ ദുശ്ശാസനൻ ചെന്നു പല പരുഷവചനങ്ങളും പറഞ്ഞു നിഖിലഗുണവിഭൂഷിതയായ യാജ്ഞസേനിയുടെ "അവഭൃഥസ്നാനതോയാപ്ലുത"മായ തലമുടി പിടിച്ചു വലിച്ചിഴയ്ക്കുവാൻ തുടങ്ങുന്നു. ആ ദുഷ്ടൻ ത

ലമുടി പിടിച്ച് സഭയിലേക്ക് ഇഴച്ചുകൊണ്ടുപോകുമ്പോൾ പാഞ്ചാലി നിലത്തു വീണുരുളുകയും ദീനവചനങ്ങൾ പറകയും അരയിൽനിന്നു നീങ്ങുന്ന വസ്ത്രം കൈകൊണ്ടു തടയുകയും ചെയ്ത് അത്യന്തപരവശയായിട്ടാണ് കാണപ്പെടുന്നത്. സഭയിലെത്തിയപ്പോൾ ആ സാദ്ധ്വി ദുശ്ശാസനൻ ചെയ്യുന്ന ദുഷ്കൃത്യങ്ങളെ ഓരോന്നായി എണ്ണിപ്പറഞ്ഞ് മഹാലോകരെ വിളിച്ചു നിലവിളിക്കുകയും, കരുണതരങ്ങളായ വചനങ്ങളെക്കൊണ്ടു ദുശ്ശാസനനെ വിലക്കുകയും, ഭർത്താക്കന്മാരായ യുധിഷ്ഠിരാദികളെ വെവ്വേറെ വിളിച്ച് രക്ഷയാചിക്കുകയും, ധൃതരാഷ്ട്രഭീഷ്മദ്രോണകൃപവിദുരാദികൾപോലും അശരണയായ തന്നെ ഉപേക്ഷിച്ചുവല്ലോ എന്നു ദയനീയമായി വിലപിക്കയും ചെയ്യുന്നു. തദവസരത്തിൽ ഭീഷ്മാദികൾ മ്ലാനമുഖന്മാരായി തലയും താഴ്ത്തി മൌനമവലംബിച്ചു സ്ഥിതിചെയ്യുന്നു. അപ്പോൾ കുരുപതി ദുര്യോധനൻ കേശാകർഷണത്താലും പീഡനത്താലും വിഹ്വലിതയായ പാഞ്ചാലിയെ നോക്കി "ഹേ സുമുഖി, ഇവിടെ ഇരിക്കൂ" എന്നു പറഞ്ഞ് തന്റെ ഉടുവസ്ത്രം പൊക്കി തുട കാണിക്കുന്നു; കർണ്ണൻ ദാസ്യം പ്രാപിച്ച പാണ്ഡവന്മാരെ ഉപേക്ഷിച്ച് കൌരവന്മാരിലൊരുവനെ ഭർത്താവായി വരിക്കുവാൻ ഉപദേശിക്കയും ചെയ്യുന്നു. പാഞ്ചാലിയോടു ചെയ്ത ഈ ധിക്കാരം ഭീമസേനനെ കഠിനമായി കോപിപ്പിക്കുന്നു. അദ്ദേഹം കൌരവന്മാരെ നിശ്ശേഷം വധിപ്പാനും വിശേഷിച്ച് ദുര്യോധനന്റെ തുട തച്ചുപൊട്ടിച്ച് ആ രക്തം പുരണ്ട കൈകൊണ്ട് ദുശ്ശാസനദൂഷിതമായ പ്രിയയുടെ കേശത്തെ വേർപെടുത്ത് കെട്ടിപ്പാനും പ്രതിജ്ഞ ചെയ്കയും ദുർവ്വചനപാതകംചെയ്ത ധാർമ്മപുത്ര

രുടെ കരാഗ്രം ഖണ്ഡിച്ച് തീയിലിടുമെന്നു പറകയും ചെ
യ്യുന്നു. അതു കേട്ട് അർജ്ജുനൻ, കൌരവവധത്തിൽ താൻ
ജ്യേഷ്ഠനോടൊത്തു പ്രവർത്തിക്കുന്നതാണെന്നും എന്നാൽ
ധർമ്മപുത്രരെക്കുറിച്ചു നിന്ദ്യമായി സംസാരിച്ചതു മഹാക
ഷ്ടമായിപ്പോയെന്നും പറയുന്നു. ക്ഷോഭത്തോടുകൂടി ഇപ്ര
കാരം പറയുന്ന ഭീമാർജ്ജുനന്മാരെ ധർമ്മപുത്രർ തീക്ഷ്ണമായ
വീക്ഷണംകൊണ്ടു ശ്രദ്ധമായി വിലക്കുന്നു.

ഈ അവസരത്തിൽ ദുഷ്ടനായ ദുര്യോധനൻ ദുശ്ശാസ
നനെ വിളിച്ച് പാഞ്ചാലിയുടെ വസ്ത്രം അഴിക്കുവാൻ ക
ല്പിക്കുന്നു. ഭീമസേനൻ നോക്കിനിൽക്കെ മഹാജനങ്ങളും
പാഞ്ചാലിയെ വസ്ത്രഹീനയായി കാണണമെന്നാണ് ആ
പാപിയുടെ ആഗ്രഹം. കല്പന കേട്ടതോടുകൂടി ദുശ്ശാസ
നൻ നാനാരാജാക്കന്മാരുടെ സമക്ഷം പതിവ്രതാശിരോമ
ണിയായ ദ്രൌപദിയുടെ വസ്ത്രം പിടിച്ചുവലിക്കുന്നു. ഭീമ
സേനാദികളാകട്ടെ ജ്യേഷ്ഠനെ അനുസരിക്കുന്നതിൽ ബ
ദ്ധശ്രദ്ധന്മാരായിരിക്കുന്നു. ഭീഷ്മാദികളായ വൃദ്ധന്മാർ ഇ
ക്കാര്യത്തിൽ ഒരു ഉശിരില്ലാത്തവരായും കാണപ്പെടുന്നു.
ഈ അവസ്ഥ കണ്ട് അശരണയായ പാഞ്ചാലി സർവ്വലോ
കശരണവും കരുണാസമുദ്രവുമായ ശ്രീകൃഷ്ണഭഗവാനിൽ
പരമഭക്തി കലന്ന് അവിടത്തെ തിരുനാമങ്ങളെ സങ്കീ
ർത്തനംചെയ്തുകൊണ്ടു രക്ഷ യാചിക്കുകയും അവിടത്തെ മ
ത്സ്യാദ്യവതാരങ്ങളിലെ അപദാനങ്ങളെ ഉൽഗാനം ചെ
യ്കയും ശ്രീകൃഷ്ണമൂർത്തിയെ കേശാദിപാദാന്തം സ്മരിച്ചു വില
പിക്കയും ചെയ്യുന്നു. അപ്പോഴത്തെ അവസ്ഥ വിചാരി
ച്ചാൽ അത്ഭുതമെന്നേ പറയേണ്ടൂ. ഭഗവാന്റെ അനുഗ്ര
ഹത്താൽ പാഞ്ചാലിയുടെ വസ്ത്രം ഓരോന്നോരോന്നായി

ദുശ്ശാസനൻ എത്രനേരം അഴിച്ചിട്ടും അവസാനിക്കാതെ ആ സാധ്വിയുടെ അരയിൽ അവശേഷിച്ചു കാണുമാറായി. വസ്ത്രം അഴിച്ചഴിച്ച് കൈകരം കുഴഞ്ഞ് മോഹാലസ്യപ്പെട്ട് ദുശ്ശാസനൻ സഭയിൽ വീഴുന്നു. നല്ലത്, നല്ലത് എന്ന ഘോഷം സഭയിൽനിന്നു പുറപ്പെടുന്നു. അയ്യോ, അയ്യോ എന്നിങ്ങനെ കൌരവന്മാർ നിലവിളിക്കുന്നു. ഇങ്ങനെയുള്ള ഘട്ടത്തിൽ ധൃതരാഷ്ട്രർ പാഞ്ചാലിയെ വന്ദിച്ച് കോപം കളഞ്ഞ് അപരാധം ക്ഷമിച്ച് തന്റെ പുത്രന്മാരോടുകൂടി രക്ഷിപ്പാൻ അപേക്ഷിക്കുകയും ആ പതിവ്രത ഭർത്താക്കന്മാരോടുകൂടി പണയത്തിൽനിന്നു വേർപെട്ടതായി പറകയും ചെയ്യുന്നു. ധൃതരാഷ്ട്രർ ദാസ്യമോചനം നല്കിയപ്പോൾ ദുര്യോധനൻ നിഷേധിച്ച് പാഞ്ചാലീപരാഭവം നിമിത്തം പ്രതിജ്ഞ ചെയ്തിട്ടുള്ള പാണ്ഡവന്മാർ പണയത്തിൽനിന്നു വേർപെട്ടാൽ വീണ്ടും രാജ്യം പ്രാപിച്ച് തങ്ങളെ മൂലത്തോടെ നശിപ്പിച്ചേക്കുമെന്നു പറയുന്നു. ദ്രൌപദിയുടെ അചിന്ത്യമായ അനുഭാവം നിമിത്തമുള്ള ഭയംകൊണ്ടും പുത്രനെക്കുറിച്ചുള്ള അതിരറ്റ വാത്സല്യംകൊണ്ടും ഇതികർത്തവ്യതാമൂഢനായിച്ചമഞ്ഞ ധൃതരാഷ്ട്രർ ഭീഷ്മാദികളായ വൃദ്ധന്മാരെ വിളിച്ചു മേൽ എന്താണ് ചെയ്യേണ്ടതെന്നു ചോദിക്കുന്നു. "പന്തീരാണ്ടു വനവാസവും ഓരാണ്ട് അജ്ഞാതവാസവും ചെയ്തു വന്നാൽ അർദ്ധരാജ്യം കൊടുക്കുക" എന്നാണ് അവർ നിശ്ചയിച്ചത്. അതു സമ്മതിച്ചു ധൃതരാഷ്ട്രർ ധർമ്മപുത്രരെ വിളിച്ചു സഭാമദ്ധ്യത്തിൽവച്ചു വൃദ്ധന്മാർ ചെയ്ത നിശ്ചയത്തെ അദ്ദേഹത്തോടു പറയുന്നു. ധർമ്മപുത്രർ ആ നിശ്ചയം സമ്മതിച്ചു ജനകനെ വന്ദിച്ച് എല്ലാവരോടും യാത്രപറഞ്ഞ് ദുഃഖിതയായ മാതാവിനെ വി

ദരരുടെ ഗൃഹത്തിൽ പാൎപ്പിച്ച് അനുജന്മാരോടും ധൎമ്മപ ത്നിയോടുംകൂടി വനത്തിലേക്കു പുറപ്പെടുന്നു. ധൃതരാഷ്ട്രർ പ ശ്ചാത്താപത്തോടുകൂടി കൊടുത്തയച്ച രഥത്തിൽ കയറി ത ങ്ങൾ തങ്ങളുടെ ആയുധങ്ങളുമെടുത്ത് പാണ്ഡവന്മാർ പ ത്നീസമേതന്മാരായി മഹാരണ്യത്തിൽ ചെന്നുചേരുകയും ചെയ്യുന്നു. പിന്നെ അവർ സൂൎയ്യദേവന്റെ പ്രസാദത്താൽ അക്ഷയപാത്രം ലഭിക്കുകയും അതിൽനിന്നുണ്ടായ വിഭവ ങ്ങളെക്കൊണ്ടു നിരവധി മഹാബ്രാഹ്മണരെ തൃപ്തരാക്കുക യും കിൎമ്മീരനെന്ന രാക്ഷസനെ കൊല്ലുകയും ചെയ്തു കാ മ്യകവനത്തിലെത്തുകയും, പിന്നീടു ധൌമ്യമഹൎഷിയെ പു രോഹിതനായി വരിച്ച് അവിടെനിന്നു പോയി ദ്വൈത വനത്തിൽ ചെന്നു സുഖമായി വസിക്കുകയും ചെയ്യുന്നു. ഇ പ്രകാരമാണ് ഈ കേശഗ്രഹണം പ്രബന്ധത്തിലെ കഥ.

ഈ കഥ ഇതിന്റെ ആകരമായ മഹാഭാരതത്തിലെ കഥയിൽനിന്നു ചില അംശങ്ങളിൽ സാരമായവിധം വ്യ ത്യാസപ്പെട്ടാണിരിക്കുന്നത്. മഹാഭാരതത്തിൽ, രാജസൂയം കഴിഞ്ഞ് രാജാക്കന്മാരും ബ്രാഹ്മണരും പിരിയുകയും ശ്രീ കൃഷ്ണൻ ദ്വാരകയിലേക്കെഴുന്നള്ളുകയും ചെയ്തതിനുശേഷം വേദവ്യാസമഹൎഷി ശിഷ്യസമേതനായി പോകുവാൻ പുറ പ്പെട്ടു യാത്രപറഞ്ഞപ്പോൾ യുധിഷ്ഠിരൻ അദ്ദേഹത്തോടു രാജസൂയത്തിനിടയിൽ ശിശുപാലപതനമെന്ന ഉൽപാതം സംഭവിച്ചതിന്റെ ഫലമെന്തെന്നു ചോദിക്കുന്നു. അപ്പോൾ വ്യാസഭഗവാൻ ഉൽപാതങ്ങൾ എല്ലാം പതിമ്മൂന്നു സംവ ത്സരം കാലത്തേക്കു കഠിനമായ അനൎത്ഥം വരാനിരിക്കു ന്നതിന്റെ സൂചകങ്ങളാണെന്നും, രാജസൂയത്തിൽ ഉണ്ടാ യ രാജപതനരൂപമായ ഉൽപാതത്തിന്റെ ഫലം രാജാ

ക്കന്മാരുടെ നാശമാണെന്നും, ധമ്മപുത്രർ കാരണമായിട്ടു സവ്വക്ഷത്രിയരാജാക്കന്മാരും നശിക്കുമെന്നും, അതു വിചാരിച്ചു വ്യസനിക്കാതെ അപ്രമത്തനും ശാന്തനുമായി ഭൂമി ഭരിക്കണമെന്നും, എന്നാൽ ഒടുവിൽ ശുഭം ഭവിക്കുമെന്നും അരുളിച്ചെയ്യുന്നു. വ്യാസമഹർഷി എഴുന്നള്ളിയതിനുശേഷം യുധിഷ്ഠിരൻ അനുജന്മാരെ വിളിച്ചു വ്യാസവചനം പറഞ്ഞു കേൾപ്പിച്ച് "ഇന്നുമുതൽക്കു പതിമ്മൂന്നു സംവത്സരം എൻെറ ജീവിതം നിഷ്ഫലമാണ്. ഈ കാലമത്രയും ഞാൻ ആരോടും അഹിതം പറയാതെയും വേണ്ടപ്പെട്ടവർ പറയുന്ന ഹിതം കേട്ടും സ്വന്തം പുത്രന്മാരിലും മററുള്ളവരിലും ഭേദം കാട്ടാതെയും ആരോടെങ്കിലും കലഹിക്കയോ ആക്കെങ്കിലും കുററം പറവാനിടവരുത്തുകയോ ചെയ്യാതെയും ജീവിതം നയിപ്പാൻ സമയം ചെയ്തിരിക്കുന്നു" എന്നു പറയുന്നു. ജ്യേഷ്ഠൻെറ ഹിതൈഷികളായ അനുജന്മാർ ഈ സമയത്തെ അനുസരിക്കുകയും ചെയ്യുന്നു. സഭയിൽവച്ചു സാവരജനായി ഇങ്ങനെ സമയം ചെയ്തതിനു ശേഷമേ യുധിഷ്ഠിരൻ പുരപ്രവേശം ചെയ്യുന്നുള്ളൂ. മേൽപ്പറഞ്ഞ ഉൽപാതത്തിൻെറ ഫലമായി യുധിഷ്ഠിരനു ദ്യൂതവനവാസാദ്യനത്ഥങ്ങളും യുധിഷ്ഠിരൻ കാരണമായി കുരുപാണ്ഡവസമരത്തിൽ സവ്വക്ഷത്രിയവിനാശവും സംഭവിക്കുന്നതായിട്ടാണ് മഹാഭാരതകത്താവ് നിബന്ധിച്ചിരിക്കുന്നത്. എന്നാൽ കേശഗ്രഹണചമ്പുവിൻെറ കത്താവ് ഈ അംശങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു.

ദ്യൂതമുഖേന പാണ്ഡവന്മാരെ ജയിപ്പാൻ അനുവാദം തരണമെന്നു ദുര്യോധനൻ അപേക്ഷിച്ചപ്പോൾ ധൃതരാഷ്ട്രർ ദുർദ്യൂതം ഉചിതമോ അല്ലയോ എന്നു വിദുരരോടു

ചോദിച്ചിട്ടാകട്ടേമെന്നു പറകയും ദുൎയ്യോധനൻ അതു സമ്മതിക്കാതെ ശാഠ്യം പിടിച്ചു കൂട്ടുകയും ചെയ്യുന്ന ഘട്ടത്തിൽ പരാക്രമിയായ കൎണ്ണൻ ദ്യൂതം വേണ്ടെന്നും യുദ്ധം കൊണ്ടുതന്നെ പാണ്ഡവന്മാരെ താൻ ജയിക്കുന്നുണ്ടെന്നും പറയുന്നതായി പ്രബന്ധകാരൻ നിബന്ധിച്ചിട്ടുണ്ടല്ലോ. കൎണ്ണന്റെ ഈ ശൌൎയ്യപ്രകടനം മഹാഭാരതത്തിൽ ഇല്ല.

ദ്യൂതത്തിൽ യുധിഷ്ഠിരൻ സൎവ്വസ്വവും പണയംവച്ചു കഴിഞ്ഞപ്പോൾ ദുൎയ്യോധനൻ ദുശ്ശാസനനോടു പാണ്ഡവപത്നിയായ പാഞ്ചാലിയെ സഭയിലേക്കു പിടിച്ചുകൊണ്ടു വരുവാൻ കല്പിക്കയും അതുപ്രകാരം ദുശ്ശാസനൻ ആ സാദ്ധ്വിയെ തലമുടി ചുററിപ്പിടിച്ചിഴച്ച് സഭയിലേക്കു കൊണ്ടുവരികയും ചെയ്തതായിട്ടാണല്ലോ പ്രബന്ധത്തിൽ വൎണ്ണിച്ചിരിക്കുന്നത്. ഈ ഘട്ടത്തിൽ പ്രധാനമായ ചില അംശങ്ങൾകൂടി ഭാരതത്തിൽ ഉണ്ട്. ആദ്യം സുയോധനൻ സൂതപുത്രനായ പ്രാതികാമിയെയാണ് പാഞ്ചാലിയെ കൊണ്ടു വരുവാൻ അയക്കുന്നത്. അയാൾ ചെന്നു വിവരം പറഞ്ഞപ്പോൾ ധൎമ്മജ്ഞയായ യാജ്ഞസേനി "ധൎമ്മപുത്രർ എന്നെ പണയംവച്ചത് തന്നെത്താൻ പണയം വച്ചതിന്നു പിമ്പോ മുമ്പോ" എന്നു പോയിച്ചോദിച്ചറിഞ്ഞു വരുവാൻ പറഞ്ഞ് തിരിയെ അയക്കുന്നു. അയാൾ തിരിയെ വന്നു പാഞ്ചാലിയുടെ ചോദ്യം കേൾപ്പിച്ചപ്പോൾ ധൎമ്മപുത്രർ അതിന്നു് ഒരു മറുപടിയും പറയുന്നില്ല. ദുൎയ്യോധനനാകട്ടെ "അവൾതന്നെ വന്നു് ഈ ചോദ്യം ചോദിക്കട്ടെ. വേഗം കൂട്ടിക്കൊണ്ടു വരിക" എന്നു കല്പിച്ച് വീണ്ടും സൂതപുത്രനെ അയക്കുന്നു. പാഞ്ചാലി അപ്പോഴും മുൻപിലത്തെ ചോദ്യംതന്നെ ചോദിച്ച് അയാളെ മടക്കി അയക്കുന്നു.

സൂതപുത്രൻ സഭയിൽവന്നു വീണ്ടും ദ്രൌപദീപ്രശ്നം കേൾപ്പി ച്ചപ്പോൾ സഭ്യന്മാരാരും ഒന്നും മിണ്ടുന്നില്ല. ഈ അവസര ത്തിൽ ധർമ്മപുത്രർ വിശ്വസ്തനായ ഒരു ദൂതൻ മുഖേന പാ ഞ്ചാലിയോടു സഭയിലേക്കു വരുവാൻ സന്ദേശം പറഞ്ഞ യയ്ക്കുന്നു. അതിനിടയിൽ ദുര്യോധനൻ മൂന്നാമതും പ്രാതി കാമിയോടു പോവാൻ കല്പിക്കുന്നു. അപ്പോൾ അയാൾ "എന്താണ് ഞാൻ അവിടെച്ചെന്നു പറയേണ്ടത്" എന്നു ചോദിക്കുന്നു. അതു കേട്ടു ദുര്യോധനൻ പ്രാതികാമിയെ ഭീ തുവെന്നു തള്ളി ദുശ്ശാസനനെ വിളിച്ചയയ്ക്കുകയും ദുശ്ശാസ നൻ പാഞ്ചാലിയെ കേശത്തിൽ ഗ്രഹിച്ച് ബലാൽക്കാരേ ണ സഭയിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. ഇങ്ങനെ യാണ് ഭാരതത്തിലുള്ളത്.

ദുശ്ശാസനനാൽ ആകൃഷ്ടകേശയായി സഭയിൽ വന്നു പാ ഞ്ചാലി പലതും പറഞ്ഞു വിലപിക്കുമ്പോൾ ഭീഷ്മാദികൾ തലയും താഴ്ത്തി മൌനം പൂണ്ടിരിക്കുന്നതായിട്ടാണല്ലോ പ്ര ബന്ധകാരൻ പറയുന്നത്. ഭാരതത്തിലാകട്ടെ ഭീഷ്മർ, "അസ്വാമിക്കു പണയംവയ്ക്കാൻ അധികാരമില്ല; സ്ത്രീ ഭ ർത്താവിന്ന് എപ്പോഴും വശ്യയാണുതാനും. ഈ സ്ഥിതിക്കു സൂക്ഷ്മധർമ്മം ഏതെന്നു തീരുമാനിച്ച് ഒരുത്തരം പറവാൻ സാദ്ധ്യമല്ല" എന്നു പാഞ്ചാലിയോടു പറയുന്നു. ഇതു കേ ട്ടു പാഞ്ചാലി "ഈ സദസ്സിൽ സ്ഥിതിചെയ്യുന്ന കൌരവ ന്മാർ എന്റെ ചോദ്യത്തിന്നുത്തരം പറയണം" എന്നു പറ ഞ്ഞു വിലപിക്കുന്നു. ഈ അവസരത്തിൽ വികർണ്ണൻ പാഞ്ചാ ലിയുടെ ചോദ്യത്തിന്നു ഭീഷ്മദ്രോണവിദുരധൃതരാഷ്ട്രാദിക ളാരും സമാധാനം പറയാത്തത് ധർമ്മമല്ല എന്നു പറഞ്ഞു വെങ്കിലും അതുകൊണ്ടു ഫലമുണ്ടാകുന്നില്ല. യുധിഷ്ഠിരൻ

ദ്യൂതവ്യസനത്തിൽ പെട്ടവൻ, പാഞ്ചാലി സർവ്വപാണ്ഡവ ൎക്കും സമയായിട്ടുള്ളവൾ, തന്നെത്താൻ പണയപ്പെട്ടുത്തിയ തിനുശേഷമാണ് പണയംവച്ചതു, പണയംവച്ചത് ശകു നിയുടെ പ്രേരണയാലുമാണ്; ഈ സ്ഥിതിക്കു പാഞ്ചാലി ജിതയായിട്ടില്ല എന്നിങ്ങനെ ദുൎയ്യോധനന്റെ ഒരനുജനും സൽബുദ്ധിയുമായ വികൎണ്ണൻ സ്വാഭിപ്രായം ഉപന്യസി ക്കുന്നു. അതു കേട്ടു കൎണ്ണൻ കോപിച്ച് സർവ്വസ്വവും പണ യംവച്ച സ്ഥിതിക്കു പാഞ്ചാലിയും അതിൽ പെട്ടുമെന്നും വികൎണ്ണൻ പറഞ്ഞത് അവിവേകമായെന്നും പറഞ്ഞ് ദു ശ്ശാസനനെ വിളിച്ച് അടിമകളായ പാണ്ഡവന്മാരുടേയും പാഞ്ചാലിയുടേയും വസ്ത്രങ്ങൾ അഴിച്ചുവാങ്ങുവാൻ പറക യും ദുശ്ശാസനൻ ഉടൻതന്നെ പാഞ്ചാലിയുടെ വസ്ത്രാക്ഷേ പം ചെയ്യാൻ തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയാണ് ഭാരതത്തിൽ പറയുന്നത്. പ്രബന്ധത്തിൽ വസ്ത്രാപനയ നം ചെയ്യാൻ പറയുന്നതു ദുൎയ്യോധനനാണല്ലോ.

വസ്ത്രാക്ഷേപരൂപമായ പ്രിയാപരാഭവം കണ്ടു കുപി തനായ ഭീമസേനൻ ദുശ്ശാസനന്റെ മാറു പിളൎന്നു രക്തം കുടിപ്പാൻ പ്രതിജ്ഞചെയ്യുന്നു; അപ്പോൾ വിദുരർ പാ ഞ്ചാലിയുടെ ധൎമ്മപ്രശ്നത്തിനു സഭ്യന്മാർ ഉത്തരം പറ ഞ്ഞിട്ടില്ലെന്നും അതു വലുതായ ധൎമ്മപീഡയായെന്നും പ റയുന്നു; അപ്പോഴും സഭ്യന്മാർ ഒന്നും മിണ്ടാതിരിക്കുന്നതു കണ്ടിട്ടു കൎണ്ണൻ ദുശ്ശാസനനോടു ദാസിയായ പാഞ്ചാലി യെ ഗൃഹത്തിലേക്കു കൊണ്ടുപോകുവാൻ പറയുന്നു; അതു പ്രകാരം വീണ്ടും പിടിച്ചുവലിപ്പാൻ തുടങ്ങിയ ദുശ്ശാസന നെ "എന്റെ ചോദ്യത്തിനുത്തരം കിട്ടുന്നതുവരെ ക്ഷമി ക്ക്" എന്നു വിലക്കി ദ്രൗപദി "ധൎമ്മപ്രകാരം ഞാൻ

ജിതയോ അജിതയോ" എന്നു കുരുരാജാക്കന്മാരോട് ആ വൎത്തിച്ച് ചോദിക്കുന്നു; ആ ഘട്ടത്തിൽ ഭീഷ്മർ "ഭവതി ജിതയോ അല്ലയോ എന്നു പറവാൻ ധൎമ്മപുത്രരല്ലാതെ മററാരും ശക്തനല്ല" എന്നു പറയുന്നു; അതു കേട്ടപ്പോൾ കൌരവേന്ദ്രൻ ദുൎയ്യോധനൻ പാഞ്ചാലിയോട് "ധൎമ്മപുത്രർ തങ്ങൾക്കു സ്വാമിയോ അല്ലയോ എന്നു ഭീമാദികളും നിനക്കു സ്വാമിയോ അല്ലയോ എന്നു ധൎമ്മപുത്രരും പറയട്ടെ" എന്നഭിപ്രായപ്പെടുന്നു. അനന്തരം ഭീമസേനൻ "ധൎമ്മപുത്രർ സ്വാമിയല്ലെങ്കിൽ ഞങ്ങൾ ഇതു കണ്ട് അടങ്ങിയിരിക്കുമോ? അദ്ദേഹത്തിന്നു താൻ തോററുവെന്നു തോന്നുന്നുണ്ടെങ്കിൽ ഞങ്ങളും തോററു" എന്നു പറയുന്നു; എന്നിട്ടും മിണ്ടാതിരിക്കുന്ന ധൎമ്മപുത്രരെ ഉത്തരം പറവാൻ നിർബ്ബന്ധിച്ച് ദുൎയ്യോധനൻ പാഞ്ചാലിയെ നോക്കിച്ചിരിച്ച് ഇടത്തെത്തുട കാട്ടുന്നു; അതിനിചമായ ആധിക്കാരം കണ്ടു ഭീമൻ ദുൎയ്യോധനനെ ആ കാട്ടിയ തുടയ്ക്കടിച്ചു കൊല്ലുമെന്നു പ്രതിജ്ഞചെയ്യുന്നു; ഈ അധൎമ്മങ്ങളെല്ലാം കണ്ടു വിദുരർ "താൻ തോൽക്കുന്നതിന്നു മുമ്പാണ് യുധിഷ്ഠിരൻ പണയംവച്ചതെങ്കിലേ പാഞ്ചാലി ജിതയാകയുള്ളു" എന്നഭിപ്രായപ്പെടുന്നു; അതിനെ വിലവയ്ക്കാതെ ദുൎയ്യോധനൻ "ധൎമ്മപുത്രർ സ്വാമിയോ അല്ലയോ എന്ന് അദ്ദേഹത്തിൻെറ അനുജന്മാരെല്ലാം പറയട്ടെ" എന്നു പറയുകയുംചെയ്യുന്നു. അപ്പോൾ അൎജ്ജുനൻ "തോൽക്കുന്നതിനുമുമ്പ് ധൎമ്മപുത്രർ ഞങ്ങൾക്കു സ്വാമിതന്നെ. തോററതിനുശേഷം ആൎക്കു സ്വാമിയോ?" എന്നു പറയുന്നു; അപ്പോഴേയ്ക്കും ധൃതരാഷ്ട്രഗൃഹത്തിൽ അശുഭശകുനങ്ങളായ അനേകം ഉൽപാതങ്ങൾ ഉണ്ടാകുന്നു; അതു കണ്ടു ഭയ

പ്പെട്ട വിദുരരും ഗാന്ധാരിയും ധൃതരാഷ്ട്രരെ ധരിപ്പിക്കുന്നു. ഭീതനായ ധൃതരാഷ്ട്രർ പാഞ്ചാലിയെ ആശ്വസിപ്പിച്ച് "നിനക്കിഷ്ടമുള്ള വരം ഞാൻ തരാം; വേണ്ടതെന്താണെന്നു വച്ചാൽ അതു വരിച്ചുകൊൾക" എന്നു പറയുന്നു; ആശ്വസ്തയായ പാഞ്ചാലി ധർമ്മപുത്രൻെറ ദാസ്യം ഒഴിയണമെന്ന് ഒരു വരവും ഭീമാദികൾ നാലുപേരും സ്വതന്ത്രന്മാരാവണമെന്നു രണ്ടാമതൊരു വരവും വരിക്കുകയും ധൃതരാഷ്ട്രർ ആ രണ്ടു വരങ്ങളും നല്കുകയും ചെയ്യുന്നു; മൂന്നാമതൊരുവരംകൂടി വരിച്ചുകൊൾവാൻ ധൃതരാഷ്ട്രർ പറഞ്ഞുവെങ്കിലും ദ്രൗപദി രണ്ടു വരമേ ക്ഷത്രിയക്കു വിധിച്ചിട്ടുള്ളുവെന്നും ലോഭത്താൽ മൂന്നാമതും വരംവരിക്കുന്നത് അധർമ്മമാകുമെന്നും പറഞ്ഞു വിരമിക്കുന്നു; പാഞ്ചാലിയുടെ ഹൃദയശുദ്ധിയും ഭർത്തൃസ്നേഹവും ധർമ്മനിഷ്ഠയും കണ്ടു കർണ്ണൻ ആശ്ചര്യഭരിതനായിട്ട് ആ ഉത്തമസ്ത്രീരത്നത്തെ ഉള്ളഴിഞ്ഞു പുകഴ്ത്തുന്നു.

"യാ നഃ ശ്രുതാ മനുഷ്യേഷു
സ്ത്രിയോ രൂപേണ സമ്മതാഃ
താസാമേതാദൃശംകർമ്മ
ന കസ്യാശ്ചന ശുശ്രുമഃ.
ക്രോധാവിഷ്ടേഷു പാർത്ഥേഷു
ധാർത്തരാഷ്ട്രേഷു ചാപ്യതി
ദ്രൗപദീ പാണ്ഡുപുത്രാണാം
കൃഷ്ണാ ശാന്തിരിഹാഭവൽ
അപ്ലവേംഭസി മഗ്നാനാ-
മപ്രതിഷ്ഠേ നിമജ്ജതാം

"പാഞ്ചാലീ പാണ്ഡുപുത്രാണാം
നൌരേഷാ പാരഗാഭവൽ"

എന്നാണ് അദ്ദേഹത്തിന്റെ വാക്യം. ഇടയ്ക്കിടക്ക വ്യാസഭഗവാൻ കണ്ണന്റെ ഹൃദയകുഹരത്തിൽ ലീനങ്ങളായുള്ള സൽഗുണങ്ങളെ നമുക്കിങ്ങനെ കാട്ടിത്തരുന്നുണ്ട്. പണയത്തിൽനിന്നു മോചിച്ച് സ്വതന്ത്രന്മാരായ പാണ്ഡവന്മാർ ധൃതരാഷ്ട്രരെ വന്ദിക്കുകയും അദ്ദേഹം അവരെ ഇന്ദ്രപ്രസ്ഥത്തിലേക്കയയ്ക്കുയും ചെയ്യുന്നു. ഇങ്ങനെയാണ് ഭാരതത്തിൽ പറയുന്നത്. ഇതിൽ പാഞ്ചാലിയുടെ ധമ്മപ്രശ്നത്തെ പ്രബന്ധകത്താവ് വിട്ടുകളഞ്ഞിരിക്കുന്നു. ദുയ്യോധനൻ തുട കാട്ടുന്നതും ഭീമൻ കോപിച്ചു പ്രതിജ്ഞ ചെയ്യുന്നതും പാഞ്ചാലിയുടെ കേശഗ്രഹണത്തിനു പിമ്പും വസ്ത്രാക്ഷേപത്തിനു മുമ്പുമാണ് നിബന്ധിച്ചിരിക്കുന്നത്. ധൃതരാഷ്ട്രർ പാഞ്ചാലിക്കു വരംകൊടുക്കുന്നതും പാണ്ഡവന്മാരെ സ്വതന്ത്രന്മാരാക്കി ഇന്ദ്രപ്രസ്ഥത്തിലേക്കയയ്ക്കുന്നതും പ്രബന്ധത്തിൽ ഇല്ല.

ധൃതരാഷ്ട്രർ പാണ്ഡവന്മാരെ ഇന്ദ്രപ്രസ്ഥത്തിലേക്കയയ്ക്കുന്നതോടുകൂടി മഹാഭാരതത്തിൽ ദ്യൂതപവ്വം അവസാനിക്കുന്നു. ശേഷമുള്ള കഥ അനുദ്യൂതപവ്വത്തിലാണ് അന്തഭവിക്കുന്നത്. യുധിഷ്ഠിരാദികളെ പണയത്തിൽനിന്നു വേർപെടുത്തി അയച്ചപ്പോൾ ദുയ്യോധനൻ ശോകക്രോധാദിപരവശനായി ധൃതരാഷ്ട്രരെ പറഞ്ഞു സമ്മതിപ്പിച്ചു രണ്ടാമതൊരിക്കൽകൂടി ദ്യൂതം നിശ്ചയിക്കുന്നു. അതുപ്രകാരം ധൃതരാഷ്ട്രർ പിന്നെയും പാണ്ഡവന്മാരെ പാഞ്ചാലിയോടുകൂടി ഹസ്തിനപുരത്തിൽ വരുത്തുകയും യുധിഷ്ഠിരൻ മുമ്പിലത്തെപ്പോലെ കളി തുടങ്ങുകയും ചെയ്യുന്നു.

ഇതാണ് അനുദ്യൂതം. കളിയിൽ ആർ തോൽക്കുന്നുവോ അവർ പന്ത്രണ്ടു സംവത്സരം വനവാസവും അതു കഴിഞ്ഞ് ഒരു സംവത്സരം അജ്ഞാതവാസവും ചെയ്യണമെന്നാണ് അനുദ്യൂതത്തിലെ പണബന്ധം. ദ്യൂതക്രീഡയിൽ കൂടംഭവനം എങ്ങനെയെന്നറിയാത്ത യുധിഷ്ഠിരൻ മുമ്പിലത്തെപ്പോലെ തോൽക്കുകയും, പണബന്ധമനുസരിച്ച് പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി വനത്തിലേക്കു പോകയും ചെയ്യുന്നു. ഭാരതത്തിലുള്ള ഈ അനുദ്യൂതത്തെ പ്രബന്ധത്തിൽ ഉപേക്ഷിച്ചിരിക്കുന്നു. പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ചെയ്യുന്നതിന്നിടയിൽ ദുശ്ശാസനൻ തളൎന്നു വീഴുകയും കൌരവന്മാർ നിലവിളിക്കുകയും ചെയ്യുമ്പോൾ ധൃതരാഷ്ട്രർ ഭയപ്പെട്ട് പാഞ്ചാലിയോടു തന്നെയും പുത്രന്മാരെയും രക്ഷിക്കണമെന്നപേക്ഷിക്കുകയും ആ സാധ്വി തനിക്കും ഭത്താക്കന്മാക്കും മോചനം നല്കുകയും ചെയ്യുന്നതായും, അപ്പോൾ ദുര്യോധനൻ അതു നിഷേധിക്കുകയാൽ ഭീഷ്മാദികളോടാലോചിച്ച് അവർ അഭിപ്രായപ്പെട്ട പ്രകാരം വനവാസവും അജ്ഞാതവാസവും ചെയ്വാൻ പാണ്ഡവന്മാരെ യാത്രയാക്കുകയും ചെയ്യുന്നതായുമാണ് പ്രബന്ധത്തിൽ കഥ ഘടിപ്പിച്ചിരിക്കുന്നത്.

ചമ്പൂപ്രബന്ധകാരൻ മഹാഭാരതത്തിൽനിന്നു കഥയിൽ വരുത്തിട്ടുള്ള മാററങ്ങളുടെ ഔചിത്യാനൌചിത്യങ്ങളെപ്പററി ദീൎഘമായ ഒരു വിമൎശനം ചെയ്വാൻ ഈ അവസരത്തിൽ ഉദ്യമിക്കുന്നില്ല. എന്നാൽ മഹാഭാരതത്തിൽനിന്നോ അതുപോലെയുള്ള മററു മഹാഗ്രന്ഥങ്ങളിൽനിന്നോ കഥകൾ എടുത്തു കാവ്യങ്ങൾ നിൎമ്മിക്കുന്നതിനെക്കുറിച്ച് സാമാന്യമായി ചില സംഗതികൾ പ്രസ്താവിക്കു

ന്നത് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. മഹാഭാരതം മഹാർഘങ്ങളായ പല കാവ്യരത്നങ്ങൾക്കും ആകരമായിട്ടുള്ളതാണ്. ആകരത്തിൽനിന്നു രത്നങ്ങളോ സുവർണ്ണം മുതലായവയോ ലഭിക്കുന്നത് മണ്ണും പൊടിയും കൂടികലർന്നിട്ടായിരിക്കും. ആകരത്തിൽനിന്നെടുത്ത് കർമ്മശാലയിൽ വച്ചു സംസ്കരിച്ചാൽ മാത്രമേ വൈകടികന്മാരുടെ ദൃഷ്ടിയിൽ അവയുടെ ശരിയായ നിറവും തക്കതായ വിലയും കാണുകയുള്ളു. ഇങ്ങനെ സംസ്കരിക്കുമ്പോൾ സംസ്കർത്താവ് നല്ലവണ്ണം മനസ്സിരുത്തിയില്ലെങ്കിൽ പൊന്നാണെന്നു കരുതി മണ്ണുംകൂടി കൊള്ളുവാനും മണ്ണാണെന്നു സങ്കല്പിച്ചു പൊന്നുംകൂടി തള്ളുവാനും ഇടവരികയും ചെയ്യും. മഹാഭാരതം മഹത്തായ ഒരിതിഹാസമാണ്. അതിൽ പ്രധാനവും അപ്രധാനവുമായ പല കഥാംശങ്ങളും പലതരത്തിലുള്ള ഉപകഥകളും അടങ്ങിയിരിക്കും. കവി ഇതിഹാസത്തിൽനിന്ന് ഇതിവൃത്തം എടുത്തു രസത്തിന്നനുഗുണമായ ചില അംശങ്ങൾ കൂട്ടിച്ചേർത്തും അനനുഗുണങ്ങളായ അംശങ്ങളെ വിട്ടുകളഞ്ഞും കാവ്യത്തിന്ന് ആകപ്പാടെ ഒരു പുഷ്ടിമ വരുത്തുന്നു. കഥകളെ ഇദന്തയാ വിവരിക്കുന്നതിലാണ് ഇതിഹാസകർത്താവിന്റെ ദൃഷ്ടി; കവിയുടെ ദൃഷ്ടിയാകട്ടെ സ്വപ്രബന്ധത്തെ രസവത്താക്കിത്തീർക്കുന്നതിലുമാണ്. എന്നിരുന്നാലും കഥാശരീരത്തിൽ ബഹുദൂരം വ്യാപിക്കുന്നവയും കഥയിലെ പ്രധാനഭാഗത്തോട് ഏററവുമധികം ബന്ധപ്പെട്ടവയുമായ അംശങ്ങളിൽ ആവാപോദ്വാപങ്ങൾ വരുത്തുന്നതു പ്രത്യേകം വല്ല പ്രയോജനവുമുണ്ടെങ്കിൽ മാത്രമേ ശോഭാവഹമാകയുള്ളു.

കേശഗ്രഹണത്തിൽ കവിക്ക് ഇക്കാര്യത്തിൽ മാർഗ്ഗദർശ

നം ചെയ്യുന്നത് ഭാഷാഭാരതചമ്പുവിലെ ഇതരഭാഗങ്ങളി ലെന്നപോലെ അഗസ്ത്യഭട്ടന്റെ ബാലഭാരതം തന്നെയാണ്. ബാലഭാരതം ഏഴാംസർഗ്ഗം വസന്തതിലകത്തിലുള്ള മനോഹരങ്ങളായ പദ്യങ്ങളാൽ നിബന്ധിച്ചിരിക്കുന്നതും സഭാമണ്ഡപനിർമ്മാണം, രാജസൂയയാഗം, ദ്യൂതം, കേശഗ്രഹണം മുതലായ കഥകൾ അടങ്ങിട്ടുള്ളതും ആ കാവ്യത്തിന്റെ നട്ടനായകമെന്നു പറയാവുന്നതുമായ ഒരു ഭാഗമാകുന്നു. പ്രബന്ധത്തിലെ ആപൂർവ്വപശ്ചിമ" (9) "രാജ്യേന കിം" (10) "തേ സൽകൃതാ" (39) "അലോക്യ ധർമ്മതനയം" (40) "രാജാ തമഭ്യധിത" (41) "ഭ്രമസ്തമാഹ" (42) "തം പത്യുവാച" (43) "താവച്ച ദേവന" (44) "പ്രജ്ഞാദൃശഃ" (45) "താമാഹ ഭാനുതനയഃ" (61) "ഗർജ്ജൻ പ്രിയാനികൃതി" (62) ജ്യേഷ്ഠാനുവർത്തനപരാൻ" (74) "ബാല്യാൽ പ്രഭൃത്യപകൃതാ" (78) "ധൃതനിജനിജശസ്ത്രാഃ" (82) ഈ പതിനാലു ശ്ലോകങ്ങളും ബാലഭാരതത്തിൽ ഉള്ളവതന്നെ. "ധൃതനിജനിജശസ്ത്രാഃ" എന്നതു ഗ്രാന്ത്യശ്ലോകമാകുന്നു. അതിൽ യാജ്ഞസേനീസമേതാഃ" എന്നതിനു പകരം മഹാകാവ്യത്തിൽ "സോമവംശാവതംസാഃ" എന്നും "പ്രസഭമഥ മഹാന്തം പാണ്ഡുപുത്രാ വനാന്തം" എന്നതിനു പകരം "സമശിഷദസപത്നം ധാർത്തരാഷ്ട്രശ്ച രാജ്യം" എന്നുമാണ് പാഠം കാണുന്നത്. "ആപൂർവ്വപശ്ചിമപയോനിധിതീരവേലം" എന്നതിനു പകരം "ആ...........തീരലേഖം" എന്നാണ് ബാലഭാരതപാഠം. രേഖ(വര, അതിര്)യോടുകൂടിയത് എന്ന് അർത്ഥം. വേലശബ്ദം സമുദ്രതീരത്തിനു പുറമെ അതിരെന്നർത്ഥമുണ്ട്. "രാജ്യേന കിം മമ ഫലം" എന്ന ശ്ലോകത്തിന്റെ പൂർവ്വാർദ്ധം മഹാകാവ്യത്തിൽ "ഗാ

ന്ധാരമാഹ രഹസി പ്രചുരാഭ്യസൂയോ— രാജ്ഞ്യേന കിം മമ ഫലം സഹജൈജഃ കിമേഭിഃ" എന്നു കാണുന്നു. "കിം വാ ധനൈരുപചിതൈഃ കിമു വാ ചമൂഭിഃ" എന്നതു ചമ്പൂകാരന്റെ കൂട്ടിച്ചേൎക്കലാണ്. മൂലത്തിൽ "ഗാന്ധാരമാഹ" എന്നതിനു പിന്നീടാകുന്നു മുൻപല്ല, "ആപൂൎവ്വപശ്ചിമ" എന്ന ശ്ലോകത്തിന്റെ സ്ഥാനം. പിന്നെയും ചമ്പൂകാരൻ "ശ്ശൂരാസ്സമേത്യ രചയന്തു" എന്ന ശ്ലോകം കൎണ്ണന്റെ വാക്കായി രചിച്ചിരിക്കുന്നു. കാവ്യത്തിൽ

"ശ്ശൂരാസ്സമേത്യ രചയന്തു സമം ബലൌഘൈഃ
കൎണ്ണാദയസ്സമരസന്നാഹനായ യത്നം;
ശാതൈശ്ശരൈരസുഹൃദോ യുധി ശായയിഷ്യേ;
തേഷാമുതായുധവിദീൎണ്ണവപുശ്ശയിഷ്യേ"

എന്നൊരു ശ്ലോകം ദുൎയ്യോധനവചനമായി കാണുന്നതു ചമ്പൂകാരൻ

"ശ്ശൂരാസ്സമേത്യ രചയന്തു സമം ബലൌഘൈ-
ൎശ്ശാസനാദയ ഇമേ സമരായ യത്നം"

എന്നു മാററുകയാണ് ചെയ്തിട്ടുള്ളത്. ചമ്പുവിലെ "അനന്തരം തത്ര പൃഥാപരിസമുദിതമാം" (37) എന്ന ശ്ലോകത്തിൽ

"ഉൽഗീൎണ്ണമിത്ഥമമുനാ കിതവേന സാദ്ധ്വം
മന്ത്രം ദുരന്തമവദൽ പിതുരേവ പൃഷ്ടഃ;
പ്രേമ്ണാ സുതോപരി കൃതേന വിധേയബുദ്ധിൎല്ലന
പാൎത്ഥപ്രിയോപി സ തഥൈവ തമന്വമംസ്ത"

എന്ന കാവ്യശ്ലോകത്തിന്റെ പരാവൎത്തനമുണ്ട്. "തേ സൽകൃതാ" എന്ന ചമ്പൂശ്ലോകം

"നിരുപാ ഗൃഹേഷു തദഹഃ പരിബർഹശേ-
ഷാദന്യദ്യൂരാശ്രു രചിതാഖിലസാദ്ധ്യകൃത്യാഃ
പാത്ഥാസ്സഭാം പ്രവിവിശുഃ കിതവൈസ്സനാഥാം
ക്രൂരൈർഗ്രഹൈഃ പരിചിതാമിതരേ*യഥാ ദ്യാം"

എന്ന കാവ്യശ്ലോകം ഈഷൽഭേദങ്ങൾ വരുത്തി പകർത്തിയതാണ്. "പസ്യൾ കേശേഷാദയമവഭൃഥസ്നാനതോയാപ്ലു തേഷു" (57) എന്ന ചമ്പൂശ്ലോകാംശം

"താം രാജസൂയസവനാവഭൃഥാപ്ലുതേഷു
കേശേഷു സോപി തരസാനുപതന്നഗൃഹ്ണാൽ"

എന്ന കാവ്യശ്ലോകാംശത്തിന്റെ പരാവർത്തനംതന്നെ "താമാഹ ഭാനുതനയഃ" എന്ന ചമ്പൂശ്ലോകം

"ശ്രുത്വാ ഗിരം രവിസുതഃ പ്രഹസന്നവാദീൽ
പാഞ്ചാലി കിന്നു വിജിതാസി? ന കിന്നു ദാസീ?
ആയാഹി മാർജ്ജയ ഗൃഹം തവ ലജ്ജയാലം;
ഖ്യാതാസ്യനേകദയിതാ കുലദേവ ഭൂമൌ.

കിഞ്ച ബ്രവീമി ഹിതമേവ; ഹൃതാദ്ധ്രാജ്യാൻ
ദാസേരകാൻ പുനരമൂനവമത്യ പാത്ഥാൻ,
ഏകം വൃണു പ്രണയിനം കുരുനന്ദനേഷു;
സംബന്ധമാത്മസദൃശം ദ്രുപദശ്ച യായാൽ"

എന്നു രണ്ടു ശ്ലോകങ്ങളായാണ് മഹാകാവ്യത്തിൽ കാണുന്നത്. ഇവയുടെ സന്നിവേശം ദുശ്ശാസനൻ പാഞ്ചാലിയുടെ കേശം തൊടുന്നതിനു മുൻപുമാണ്. 'അഴകിതഴകതെന്നേഷ ഘോഷസ്സമാസീൽ' (ശുദ്ധപാഠം 'അഴകുതഴക

---

* ഇതരേ=ഇതരഗ്രഹങ്ങളാൽ (ശുഭഗ്രഹങ്ങളാൽ)

ത്" എന്ന് ആകണം) എന്ന ഭാഗം "സന്തസ്തദാ സദസി വിസ്മയിതനോണബമ്ഭ്രവുഃ" എന്ന അഗസ്ത്യഭട്ടവാക്യത്തിന്റെ വിവരണമാകുന്നു.

ഇങ്ങനെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ പല സ്ഥലങ്ങളിലും ചമ്പൂകാരൻ മഹാകാവ്യകാരന്റെ പാദോപജീവിയും പദകോപജീവിയും ഛായോപജീവിയും സകലോപജീവിയുമായി പ്രത്യക്ഷപ്പെടുന്നു. "സ കിംസഖാ സാധു ന ശാസ്തി" എന്ന കിരാതാർജ്ജുനീയശ്ലോകവും "ചഞ്ചൽഭുജഭ്രമിത" എന്ന വേണീസംഹാരശ്ലോകവും കൂടി ഉദ്ധരിക്കുവാൻ അദ്ദേഹം മടിക്കുന്നില്ല. പക്ഷേ ഈ പരസ്വാദാനേച്ഛ കവിയുടെ ശക്തിവൈകല്യത്തെ ദ്യോതിപ്പിക്കുന്നു എന്നു നാം തെററിദ്ധരിക്കരുത്. അങ്ങനെ തെററിദ്ധരിക്കുവാൻ പാടില്ലെന്നു നമ്മെ പ്രത്യക്ഷരം ഉപദേശിക്കുന്ന പല സ്വതന്ത്രങ്ങളായ ഉത്തമപദ്യങ്ങളും ഗ്രന്ഥത്തിൽ അവിടെയവിടെ ഭാവുകന്മാൎക്കു കാണാവുന്നതുമാണ്. പൂൎവ്വനിബന്ധങ്ങളിൽനിന്നു പ്രകൃതോപയുക്തങ്ങളായ പദ്യരത്നങ്ങൾ ഉദ്ധരിക്കുക എന്നതു് കേരളത്തിൽ അക്കാലത്തെ ഭാഷാചമ്പൂകാരന്മാരുടെ മാത്രമല്ല, സംസ്കൃതചമ്പൂകാരന്മാരുടേയും ശൈലിയായിരുന്നു എന്നു ഞാൻ ബകവധപ്രബന്ധത്തിന്റെ ആമുഖോപന്യാസത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്.

ചമ്പൂകാരൻ ദുൎയ്യോധനനെ ചിത്രീകരിച്ചിരിക്കുന്നത് ഒരു ദുർബ്ബുദ്ധിയും താന്തോന്നിയും ശഠനും അസൂയാലുവും വിടനുമായ രാജകുമാരന്റെ നിലയിലാണ്. അങ്ങനെയുള്ള ഒരാൾ വീരോചിതമായ യുദ്ധത്തിൽ ശത്രുക്കളെ ജയിച്ചുകൊള്ളാമെന്നു പറയുന്നതു സന്ദൎഭോചിതമായി ന

മ്മുടെ കവിക്കു തോന്നാത്തതുകൊണ്ടാണ് "കിം ദ്യൂതേരി ഹ" ഇത്യാദി വാക്കുകൾ കൎണ്ണന്റെ മുഖത്തുനിന്നു നിൎഗ്ഗളിതങ്ങളാക്കിയിരിക്കുന്നത്. മഹാഭാരതത്തിൽ ശകുനി ദുൎയ്യോധനനെ ആദ്യമായി യുദ്ധത്തിനു പ്രേരിപ്പിക്കുകയും പിന്നീട് അതിന്റെ ദുൎല്ലഭത പറഞ്ഞു മനസ്സിലാക്കി ആ സംരംഭത്തിൽനിന്നു വിനിവൎത്തിപ്പിക്കയും ചെയ്യുന്നു.

"ധനഞ്ജയോ വാസുദേവോ
ഭീമസേനോ യുധിഷ്ഠിരഃ
നകുലസ്സഹദേവശ്ച
ദ്രുപദശ്ച സഹാത്മജൈഃ—
നൈതേ യുധി പരാജേതും
ശക്യാ ദേവഗണൈരപി"

എന്നാണ് ശകുനി ദുൎയ്യോധനനെ ധരിപ്പിക്കുന്നത്; അതു ദുൎയ്യോധനന് അറിവാൻ പാടില്ലായ്കയുമില്ല. പിന്നെ യെന്താണ് പാണ്ഡവന്മാരെ ജയിക്കാൻ മാൎഗ്ഗം?

"ദ്യൂതപ്രിയശ്ച കൌന്തേയോ;
ന സ ജാനാതി ദേവിതും
സമാഹൂതശ്ച രാജേന്ദ്രോ
ന ശക്ഷ്യതി നിവൎത്തിതും.
ദേവനേ കുശലശ്ചാഹം
ന മേസ്തി സദൃശോ ഭുവി"

യുധിഷ്ഠിരനു ചൂതുകളിയിൽ വളരെ മോഹമുണ്ട്; കളിക്കാനൊട്ടറിഞ്ഞുംകൂട. രാജസൂയംചെയ്ത രാജാവാകയാൽ വിളിച്ചാൽ കളിക്കാകട്ടെ പോരിനാകട്ടെ വരികയില്ലെന്നു പറവാൻ അദ്ദേഹത്തിനു തരവുമില്ല. ശകുനിയെപ്പോ

ലെ വിദഗ്ദ്ധനായ ഒരു ചൂതുകളിക്കാരൻ ഒരിടത്തുമില്ല താനും. പിന്നെ അതല്ലേ വിജയത്തിനുള്ള കുറുക്കുവഴി? അച്ഛനോടു തന്റെ അഭീഷ്ടം സാധിക്കുവാൻ ദുര്യോധനൻ പല യുക്തികളും പറഞ്ഞു ഫലിപ്പിക്കുന്നുണ്ട്. തന്റെ സ്ഥലജലഭ്രാന്തി കണ്ടു ഭീമസേനൻ തന്നെ ധൃതരാഷ്ട്രാത്മജൻ (അന്ധന്റെ പുത്രൻ) എന്നു വിളിച്ചതായിപ്പോലും മകൻ അച്ഛനെ ധരിപ്പിച്ചുവെന്നു വ്യാസഭഗവാൻ പ്രസ്താവിക്കുന്നു. അവിടെക്കാണുന്ന "അരീൻ ബാണൈശ്ശായയിഷ്യേ ശയിഷ്യേ വാ ഹതഃ പരൈഃ" എന്ന ശ്ലോകാർദ്ധം അഗസ്ത്യഭട്ടൻപോലും പകർത്തിയിരിക്കുന്നു എന്നു കാണാവുന്നതാണല്ലോ. ദുര്യോധനൻ സ്ഥലമെന്നു ഭ്രമിച്ചു ജലത്തിൽ വീഴുന്നതു കണ്ടു പാഞ്ചാലി ചിരിച്ചതു ഭാരതയുദ്ധത്തിന്റെ മുഖ്യനിദാനങ്ങളിൽ ഒന്നാണെന്നുള്ളതിനു സംശയമില്ല; അതുപോലെതന്നെ അശരണയായി സഭയിൽ നില്ക്കുന്ന പാഞ്ചാലിയെ നോക്കി കർണ്ണൻ പറയുന്ന അധിക്ഷേപവാക്യവും ആ മഹായുദ്ധത്തിന്റെ പ്രധാനകാരണങ്ങളിൽ ഒന്നാണ്. "പാണ്ഡവാനാഞ്ച വാസാംസി ദ്രൌപദ്യാശ്ചാപ്യുപാഹര" എന്നു ദുശ്ശാസനനോടും "പ്രവിശ്യ രാജ്ഞഃ പരിവാരം ഭജസ്വ" എന്നും "അന്യം വൃണീഷ്വ പതിമാശു ഭാമിനി! യസ്മാദ്ദാസ്യം ന ലഭതി ദേവനേന" എന്നും പാഞ്ചാലിയോടും പറയുന്നത് "തല്ലും സചിവനു കൊല്ലും സചിവൻ കൊല്ലും നൃവരനു തിന്നും സചിവൻ" എന്ന നിലയിൽ ദുര്യോധനന്റെ ആജ്ഞാകരനായി വ്യാപരിക്കുന്ന അദ്ദേഹമാണല്ലോ. ആ വസ്തുത ചമ്പൂകാരനും മറച്ചു വയ്ക്കുന്നില്ല. ദുര്യോധനൻ ആ ഘട്ടത്തിൽ ചെയ്ത അവിസ്മരണീയമായ അപരാധം പാഞ്ചാലി

യെ വസ്ത്രംനീക്കി തൻെറ ഇടത്തെ തുട കാണിക്കുക എന്നുള്ളതായിരുന്നു.

"ഏവമുക്ത്വാ തു കൌന്തേയ-
മപോഹ്യ വസനം സ്വകം
സ്മയന്നിവേക്ഷ്യ പാഞ്ചാലീ-
മൈശ്വര്യമദമോഹിതഃ
കദളീദണ്ഡസദൃശം
സർവ്വലക്ഷണസംയുതം
ഗജഹസ്തപ്രതീകാശം
വജ്രപ്രതിമഗൌരവം
അഭ്യുത്സ്മയിത്വാ രാധേയം
ഭീമമാധർഷയന്നിവ
ദ്രൌപദ്യാഃ പ്രേക്ഷമാണായാ-
സ്സവ്യമൂരുമദർശയൽ"

എന്നു വ്യാസഭഗവാൻ ആ അപചാരത്തെ അന്യാദൃശമായ മനോധർമ്മത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. ഐശ്വര്യമദമോഹിതനായ ആ കുരുകുലോൽപാതകേതുവിനെ നമ്മുടെ കവിയും നമുക്കു പ്രസ്ഫുടമായി കാട്ടിത്തരുന്നുണ്ട്.

"മുന്നം ദ്യൂതേ സഭായാം വിവശതയൊടു ഞാൻ
വീണനാളം ചേർത്ത ഹാസം
നന്നായ്ക്കാണേണമിപ്പോളിഹ സദസി വരു-
ന്നേരമേഷാം പ്രിയായാഃ
ഖിന്നാം തൽപ്രാണനാഥാം മമ മണിഗൃഹസ-
മ്മാർജ്ജനവ്യഗ്രഹസ്താ-
മന്യൂനം കണ്ടു ഭീമൻ വടിവിനൊടു ചിരി
ക്കേണമാകുന്നതെല്ലാം.

നിത്യം വേശ്മാന്തരാളേ മമ പില്ലരിയൊട-
ച്ചൂല്യമായ്തുന്നു ദാസീ-
കൃത്യം തേടേണമേഷാ ദ്രുപദനൃപസുതാ
പ്രേയസീ പാണ്ഡവാനാം.
അത്രേയല്ലങ്ങു ഭീമൻ തടിയനിഹ കിള-
ശ്ലേഷ്ണമിക്കഷ്ണത്തിൻ
വൃത്ത്യാ വാഴേണമിന്നജ്ജനനിനിയ യമൌ
കന്നമേശ്ശേണമല്ലോ.

ഓലക്കെട്ടും ചുമന്നങ്ങുമിങ്ങുമെഴുതേ-
ണം മുദാ ധമ്മജൻതാൻ
കേളസ്മദ്ദാസകൃത്യങ്ങളിവരുവരെയും
ചെയ്ക നീയെന്നിവണ്ണം
മേളത്തിൽച്ചെന്നുമേഷാം ഞെളിവു നിവരുവോ-
ളം പ്രഹാരങ്ങൾമേളി-
ക്കേണം നന്നായ് സഭായാം വരുമളവിലിഴ-
ച്ചീടു പാഞ്ചാലകന്യാം"

എന്നീ ശ്ലോകങ്ങൾ പരിശോധിക്കുക.

ഇങ്ങനെയുള്ള സംഭവങ്ങളാകുന്നു കഥയിലെ പ്രധാനഘടകങ്ങൾ. വികാരോത്തേജകങ്ങളായ ആ സംഭവങ്ങൾ ഒന്നുംതന്നെ കവി വിട്ടുകളയുന്നില്ല. മഹാഭാരതത്തിൽ ദ്യൂതപവ്വം യുധിഷ്ഠിരൻ വ്യാസഭഗവാനോട് ഉൽപാതഫലത്തെപ്പററി ചെയ്യുന്ന പ്രശ്നത്തോടുകൂടിയാണ് ആരംഭിക്കുന്നത്. പന്ത്രണ്ടു കൊല്ലത്തേക്ക് ഉൽപാതങ്ങളുടെ ഫലം നീണ്ടുനില്ക്കുമെന്നു വ്യാസൻ പറയുന്ന മറുപടി യുധിഷ്ഠിരൻ ഓമ്മിച്ചിരുന്നു എങ്കിൽ അനുദ്യൂതത്തിൽ ഏപ്പെട്ടിരുന്നിരി

ക്ഷമോ എന്നു സംശയിക്കേണ്ടതുണ്ട്. ആ വ്യാസയുധിഷ്ഠിരസംവാദംതന്നെ പ്രക്ഷിപ്തമാണെന്ന് ഊഹിക്കാനും വഴിയുണ്ട്. അതുകൊണ്ട് അഗസ്ത്യഭട്ടനും ചമ്പൂകാരനും അതിനെ തൊടാത്തതു സമുചിതമായി എന്നാണ് എന്റെ അഭിപ്രായം. താൻ ജിതയോ അജിതയോ, ദാസിയോ അദാസിയോ എന്നുള്ള ദ്രൌപദിയുടെ ധർമ്മപ്രശ്നവും അതിനു ഭീഷ്മരുടെ മറുപടിയും മററും കഥാശരീരത്തെ സാരമായി സ്പൃശിക്കുന്നില്ല. അതിനാൽ ആ ഭാഗം ചമ്പൂകാരൻ വിട്ടുകളഞ്ഞതു നന്നായി. ദ്യൂതാന്തത്തിൽ ധൃതരാഷ്ട്രർ പാണ്ഡവന്മാൎക്കു ദ്രൌപദിയുടെ പ്രാൎത്ഥനയാൽ നല്കുന്ന മോക്ഷം അനുദ്യൂതത്തിൽ വീണ്ടും നശിക്കുന്നതിനാൽ ആ സംഭവവും കവി ചമ്പുവിൽ വിസ്തരിച്ചിട്ടാവശ്യമില്ലെന്നു വിചാരിച്ചു പരിത്യജിച്ചിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ ഭാരതകഥ ചമ്പൂകാരൻ സംഗ്രഹിച്ചിരിക്കുന്നത് ഒരു യഥാൎത്ഥകലാകാരന്റെ സൂക്ഷ്മദൃഷ്ടിയോടുകൂടിയാണെന്നു സഹൃദയന്മാൎക്കു കാണ്മാൻ സാധിക്കുന്നതാണ്.

ഗ്രന്ഥകാരനെപ്പററി ബകവധപ്രബന്ധത്തിന്റെ ആമുഖോപന്യാസത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ അധികമായി ഒന്നും പറവാനില്ല. അതിൽ ഞാൻ കിരാതപ്രബന്ധത്തിന്റെ അവസാനത്തിലുള്ള

"ചതുൎദ്ദശകഥാബന്ധം
കൃഷ്ണവിഷ്ണ്വാദിശംസകം
വക്ഷ്യാമി ഭാരതം സാരം
ഗുരുപാദപ്രസാദതഃ.

ദൈത്യം ഹത്വാ ബകാഖ്യം ദ്രുപദദുഹിതൃകാ-
ന്താസ്സുഭദ്രാസമേതാ
ഹുത്വാഗ്നൌ ഖാണ്ഡവം വിശ്രുതയജനകൃതോ
ദ്വൈതകാന്താരവാസാഃ
ലബ്ധാസ്ത്രാശ്ശങ്കരാൽ കീചകനിധനകൃതഃ
പ്രോദ്യമാഃ കൃഷ്ണഗുപ്താഃ
പിഷ്ട്വാജൌ സിന്ധുരാജം ക്ഷപിതകുരുബലാ-
സ്സാശ്വമേധാ വിമുക്താഃ"

എന്നീ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കുകയും അവയിൽനിന്നു ഭാഷാഭാരതചമ്പുവിൽ (1) ബകവധം (2) ദ്രൌപദീസ്വയംവരം (3) സുഭദ്രാഹരണം (4) ഖാണ്ഡവദാഹം (5) രാജസൂയം (6) വനവാസം (7) കിരാതം (8) കീചകവധം (9) ഉദ്യോഗം (10) ദൂതവാക്യം (11) ജയദ്രഥവധം (12) സുയോധനവധം (13) അശ്വമേധം (14) സ്വർഗ്ഗാരോഹണം ഇങ്ങനെ പതിന്നാലു പ്രബന്ധങ്ങൾ അടങ്ങിയിരിക്കണമെന്ന് ഊഹിക്കുകയും ചെയ്തിരുന്നു. രാജസൂയപ്രബന്ധം ഇനിയും കണ്ടുകിട്ടീട്ടില്ല. എന്നാൽ ഖാണ്ഡവദാഹപ്രബന്ധത്തിന്റെ അവസാനത്തിൽ

"ഇത്ഥംചൊല്ലി പ്രയാതേ സപദി സുരമുനൌ
മേല്ക്കുമേലേ തഴയ്ക്കും
പ്രത്യഗ്രാനന്ദപാഥോധിയിൽ മുഴുകിമദി-
ക്കും മനസ്സാരശാലീ
അത്യാശ്ചര്യങ്ങൾകോലും മഹിതമണിസഭാ-
കൌശലശ്രീവിലാസം
നിത്യം കണ്ടും പുകണ്ണും ധൃതപരമസുഖം
ധർമ്മജന്മാ നൃപാത്മസിൽ"

എന്നായിരിക്കുന്നതുകൊണ്ടും കേശഗ്രഹണത്തിലെ കഥാഭാഗം

"ജിത്വാ നാനാനരേന്ദ്രാൻ പരിചിനൊടു കൃതേ
രാജസൂയേ ധനൌഘേ
ലബ്ധേ ധർമ്മാത്മജേ കണ്ഠഖിലഗുണനിധൌ
രാജ്യലക്ഷ്മീമനൂനാം
ചിത്തേ കൊള്ളാതൊളം പോന്നുടനിയലുമസൂ-
യാധികൊണ്ടാതുരാത്മാ
നിത്യം ദുർയ്യോധനോസൌ സുബലനൃപസുതം
മാതുലം വാചമൂചേ"

എന്ന ശ്ലോകംകൊണ്ടാരംഭിക്കുന്നതുകൊണ്ടും രാജസൂയമെന്നൊരു പ്രബന്ധം പ്രത്യേകമുണ്ടായിരിക്കുമെന്ന് ഒരു വിധം തീർച്ചപ്പെടുത്തിത്തന്നെ ഊഹിക്കേണ്ടിയിരിക്കുന്നു. കേശഗ്രഹണത്തിൽ ഒടുവിലത്തെ രണ്ടു ശ്ലോകങ്ങളിൽ വനപർവ്വാന്തർഗ്ഗതങ്ങളായ അക്ഷയപാത്രലബ്ധി, കിർമ്മീരവധം, കാമ്യകവനപ്രവേശം, ധൌമ്യപൌരോഹിത്യം, ദ്വൈതവനഗമനം ഈ കഥകളെപ്പററിക്കൂടി പ്രസ്താവിക്കുന്നുണ്ടെങ്കിലും കിരാതത്തിന്റെ പ്രഥമഭാഗമായ കൈലാസയാത്രാപ്രബന്ധം

"ദ്യൂതേ ദുർയ്യോധനാവർജ്ജിതശകുനികൃത-
ച്ഛത്മനാ നഷ്ടരാജ്യാ
യാതാഃ കാന്താരമാപാദിതഗുരുവിഭവാ
ഭാനുമാലിപ്രസാദാൽ

പ്രീതാഃ കിമ്മീരരക്ഷോനിധനമപി വിധാ-
യാത്മകാന്താസമേതാ
ദൈപതാരാരണ്യേ നിഷേദുർവ്വിശദതരയശോ-
മണ്ഡനാഃ പാണ്ഡവാസ്തേ"

എന്ന ശ്ലോകംകൊണ്ടു വീണ്ടും പ്രായേണ ആ കഥകളുടെ അനുസ്മരണത്തോടുകൂടി ആരംഭിക്കുന്നു. ഇതിൽനിന്നെല്ലാം ഞാൻ അനുമാനിക്കുന്നതു കേശഗ്രഹണത്തെ രാജസൂയത്തിൻെറ ദ്വിതീയഭാഗമായി കരുതണമെന്നാണ്. ഭാരതചമ്പുവിൻെറ ഒരു വിഭാഗംതന്നെയാണ് ഈ പ്രബന്ധമെന്നുള്ളതിനു ഭാഷാരീതി, ബാലഭാരതാലംബനം മുതലായവ സാക്ഷ്യം വഹിക്കുന്നു.

കേശഗ്രഹണം ചമ്പു സാഹിത്യഭംഗികൊണ്ടു നോക്കുമ്പോൾ ഒന്നാംകിടയിലുള്ള ഒരു ചമ്പുവാണെന്നു പറയാവുന്നതല്ലെങ്കിലും താണകിടയിലുള്ള ഒരു ചെമ്പുവായി കണക്കാക്കുവാൻ ഒരു വിധത്തിലും പാടുള്ളതല്ല. ദുര്യോധനൻ ശകുനിയോടു തൻെറ ആധിയെപ്പററി പറയുന്ന

"രാജാവെങ്ങു തൊഴാമോ പുനരവസരമെ-
ന്നമ്പിലിക്കാഴ്ചവെപ്പാൻ
കേറം ചൊല്ലാമോ വിശേഷാലവരജനൃപതീൻ
കൂപ്പുവാനെന്നുപായം
ആശാന്താൽ വന്നിവണ്ണം ക്ഷിതിപതികൾ പുറ-
ന്തിണ്ണമേൽ നില്ക്കുമെന്നോ-
ടീശാ ചോദിക്കമാറുണ്ടതു ഹൃദിസഹിയാ
പാണ്ഡവാനാം പ്രഭാവം"

ഇത്യാദി പദ്യങ്ങളുടെ ഹൃദ്യതയും സ്വാഭാവികതയും ഏതു സഹൃദയനെയാണ് രസിപ്പിക്കാത്തത്!

ധൃതരാഷ്ട്രർ യുധിഷ്ഠിരനെപ്പററി നല്ല അഭിപ്രായം പറഞ്ഞു് ദുര്യോധനനെ ആശ്വസിപ്പിച്ചപ്പോൾ ദുര്യോധനൻ പറയുന്നതിനെ വർണ്ണിക്കുന്ന ഗദ്യപദ്യങ്ങൾ ഏററവും തന്മയത്വമുള്ളവയാണ്. "താതന്നയ്യോ യാതൊന്നും കേൾ കാണരുതാഞ്ഞാലില്ലൊരു ഖേദം, വിദുരപുരോഗമവിദ്വേഷികൾ വന്നതുമിതുമോതീടുന്നതു കേട്ടിട്ടഗതികൾ പാണ്ഡവരെന്നല്ലോ പോന്നവഗതി ചേതസി ചേർന്നീടുന്നു, പാണ്ഡുസുതാനാം ചണ്ഡതയും നിജപണ്ഡിതഭാവവുമുന്നതിവാഞ്ഛയും വമ്പും ഡംഭും ദുർന്നയവും ചില ദുർബ്ബോധങ്ങളുമറിയുന്നോർക്കേ പുനരറിയാവൂ. താതൻമുമ്പിൽ വരുംനേരത്തൊരു വിനയക്കോപ്പും പ്രവണതയും പുനരെന്തെല്ലാമവർ നടിയായുന്നതു കൈതവരീതികൾ കണ്ടിഹ തേഷാം താതന്നവരിൽ പാരം പ്രേമം ഭ്രാതൃസ്നേഹമവർക്കെങ്ങളിലെന്നൊരു മോഹം നന്നിതു ഹൃദയേ" എന്നാദിയായ ഗദ്യഭാഗം അന്ധനായ ഒരു പിതാവിനോടു അസൂയാലുവായ ഒരു പുത്രൻ ചെയ്യുന്ന ദുർബ്ബോധനയെ എത്ര തന്മയത്വത്തോടുകൂടി പ്രതിപാദിക്കുന്നുവെന്നുള്ളതിനു സഹൃദയഹൃദയംതന്നെ സാക്ഷി. ഈ പ്രകൃതത്തിൽതന്നേയുള്ള,

"അന്നേരം ധർമ്മരാജൻ പുനരവരെ നിഷേ-
ധിച്ച സന്താപഭാവം
നന്നായ് മേളിച്ച വസ്രുദ്വയമഴകിനൊടാ-
നീയ നൽകീടിനാന്മേ

കർണ്ണാ! ദുശ്ശാസനാ! മാതുല! ജനക! മരി-
ച്ചീടുവൻ ഞാൻ പൊറുക്കാ-
കുന്നീലക്കോപ്പു തേഷാം പരിഹസനമതിൽ-
ക്കാരം പൊറുക്കായിരുന്നു"

എന്നു തുടങ്ങിയ പദ്യങ്ങൾ ഇതുപോലെതന്നെ തന്മയത്വം തികഞ്ഞവയാണ്.

ദ്യൂതം വേണ്ടെന്നും യുദ്ധമാണ് വേണ്ടതെന്നും കർണ്ണൻ ഉപന്യസിക്കുന്നു

"കിം ദ്യൂതൈരിഹ മാമകീനസമര-
ദ്യൂതസ്സമാരഭ്യതാ-
മക്ഷാ മേ വിശിഖാ രണം വിദധതഃ
പ്രാണാഃ പണാസ്സന്തു മേ
അത്രാഹൽഗ്ഗനവൽഗ്ഗഹൽഗ്ഗനമദോ-
ദ്രേകഃ പരം ഛരിദ്യതേ
തൽപക്ഷം നൃപ! യാതി പാണ്ഡവധനം
താവൽ ഭവേദ്വിഭ്രമഃ.

ഭിന്ദന്ത്വദ്യൈവ സദ്യഃ പ്രതിഭടപടലീ-
കുംഭികുംഭാൻ വിപാഠാഃ
പ്രൌഢാ മേ ഘോടകാളീജഠരപുടമമീ
പാടവാൽ പാടയന്തു
ഭൈമം ഭിന്ദന്തു തുന്ദമ്മമ കലയതു കോ-
ദണ്ഡദണ്ഡപ്രകാണ്ഡ-
പ്രാചണ്ഡ്യം ഗാണ്ഡിവീ ഖാണ്ഡവദഹനജിതാ-
ഖണ്ഡലഃ പാണ്ഡവോസൌ.

ന്ന്ഗ്രസ്താന്ത്രതന്ത്രതുരഗാണി കൃപാണമല്ലാത-
ഷ്ലൂണ്ണൽകരീണ്യനണവൃതനഷ്ലൽകൃതാനി
ധാവൽകബന്ധകട്ടതാണ്ഡവഡാമരാണി
കുർവ്വേ രണാനി രിപുമണ്ഡലമാരണാനി."

ഈ അത്യുജ്ജ്വലങ്ങളായ പദ്യങ്ങൾ രസജ്ഞനായ ഏതൊരുവനെയാണ് പുളകംകൊള്ളിക്കാത്തത്! "കിം ദ്യൂതൈരിഹ" എന്നാരംഭിക്കുന്ന പദ്യത്തിലെ ആശയം ശകുനി പറയുന്നതും ദ്യൂതത്തെ യുദ്ധത്തോടുപമിക്കുന്നതുമായി മഹാഭാരതത്തിലുള്ള

"ഗ്ലഹാൻ ധനൂംഷി മേ വിദ്ധി
ശരാനക്ഷാംശ്ച ഭാരത!
അക്ഷാണാം ഹൃദയം മേ ജ്യാം
രഥം വിദ്ധി മമാസ്തരം"

എന്ന ശ്ലോകത്തിലെ ആശയത്തിൻെറ വിപരീതാനുകരണമാണ്. എങ്കിലും പ്രകൃതത്തിൽ അതിനുള്ള പരിശുദ്ധിയും പരിപുഷ്ടിയും ഒട്ടും അപൂർണ്ണമല്ല.

ദ്യൂതത്തിൻെറ അനാശാസ്യതയെപ്പററി വിദുരർ പറയുന്ന "കഷ്ടം കഷ്ടമിതിത്തരമടവുകൾ പാണ്ഡുസുതാൻ പ്രതി തോന്നീടുന്നതു" എന്നു മുതലായ ഗദ്യം നയജ്ഞനും ഗ്രഹിച്ചിട്ടും പൊറുക്കാത്തവനും സ്വാമിയുടെ പ്രിയത്തേക്കാൾ ഹിതത്തെ അധികം കാര്യമായിക്കരുതുന്നവനുമായ ഒരു മന്ത്രിസത്തമൻെറ ഛായ നമ്മുടെ മുമ്പിൽ കാണിച്ചുതരുന്നുണ്ട്.

ദ്യൂതവര്‍ണ്ണനയിലുള്ള

"രണ്ടാംപന്തിക്കു രാജ്യം നിജമഥ പണയം-
വച്ചു തായംനിരത്തി-
ക്കണ്ടു ഭ്രൂയോപി തോററു പുനരതുമതിന-
ഞ്ജുജഝിതം വാരണൌഘം.
ഉണ്ടോ ദൈവാപരോധം വരുമളവു വിവേ-
കോദയം വ്യാജമേതും
കണ്ടീടാതേ തദാ വച്ചൊരു വര നിഖിലം
തോററഹാസീദശേഷം."

ഇത്യാദി പദ്യങ്ങൾ അര്‍ത്ഥാനുഗുണമായ രചനാവിശേഷ ത്തിന്ന് ഉദാഹരണമായെടുക്കാവുന്നതാണ്.

യുധിഷ്ഠിരൻ സര്‍വ്വസ്വവും പണയംവച്ചു കഴിഞ്ഞ പ്പോൾ ദുര്യോധനൻ ദുശ്ശാസനനോടു പറയുന്ന

"നിത്യം വേശ്മാന്തരാളേ മമ പിലരിയൊട-
ച്ചൂലുമായ്പ്പുന്നു ദാസീ-
കൃത്യം തേടേണമേഷാ ദ്രുപദനൃപസുതാ
പ്രേയസീ പാണ്ഡവാനാം."

എന്നു തുടങ്ങുന്ന മുൻപുദ്ധരിച്ച പദ്യങ്ങളിൽ കളിയാടുന്ന അമര്‍ഷവും പരിഹാസവും സഹൃദയസംവേദ്യങ്ങളാകുന്നു.

ഭീമസേനന്റെ പ്രതിജ്ഞയായ

"ദോദോ ഭീഷ്മാദിവൃദ്ധാഃ! സ്ഫുടതരമയമാ-
ലക്ഷിതഃ കിം ഭവൽഭി-
ര്‍വ്യാപാദോമുഷ്യ സോമാന്വയമഥനമഹാ-
ധൂമകേതോരശേഷഃ

തദ്ഭോ ജാഗ്രത്ത്വ ചിത്തേ ക്ഷണമിഹ സമതാ
മാസ്ത വാ ഭീമസേന-
സ്സോയം പ്രേഷ്ഠം കന്ദൃണാം ഉദ്ധപരികരബാ-
ന്ധോര്യ സന്നാനഹീതി.

ധാർഷ്ട്യത്തോടേ ഗദാം താം കരഭുവി കലയൻ
ഭൈരവാം കൌരവാണാം
കൂട്ടത്തിൽ ചെന്നു ചാടിച്ചിലകളികൾ കളി-
ച്ചിച്ച ഘോരാളിഘാതൈഃ

കൂട്ടത്തോടേ മരിക്കും ദ്വിപരഥഹയപാ-
ദാതരക്താസ്രവന്ത്യാം
ചാട്ടം ചാടിക്കളിച്ചിപ്പരിഭവശിഖിനി-
വ്വാപണായാരഭേ ഞാൻ"

എന്ന പദ്യങ്ങൾ വായിക്കുമ്പോൾ വീരാധിവീരനായ ഭീമസേനൻ രൌദ്രരസം മൂർത്തീഭവിച്ചതുപോലെ വായനക്കാരുടെ കണ്ണിൻമുമ്പിൽ നില്ക്കുന്നുണ്ടോ എന്നു തോന്നിപ്പോകും.

വസ്ത്രാക്ഷേപസമയത്തിങ്കൽ പാഞ്ചാലി ഭക്തവത്സലനായ ഭഗവാനെ വിളിച്ചു വിലപിക്കുന്ന "ഹരഹര ശിവ കഷ്ടമത്യന്തദീനാം തദാ യാജ്ഞസേനീ" എന്നു തുടങ്ങുന്ന ഗദ്യം സർവ്വോപരി ആകർഷകമായിത്തോന്നുന്നു. അതിലും വിശേഷിച്ച് അതിൻെറ ഒടുവിൽ ഭഗവാൻെറ ദിവ്യമംഗളവിഗ്രഹത്തെ സ്മരിച്ചുംകൊണ്ടു സ്തുതിക്കുന്ന "നമസ്തേ നമസ്തേ സമസ്തൈകനാഥാ! ഹരേ കൃഷ്ണ! വാർകുന്തൽ മദ്ധ്യേ വിളങ്ങുന്ന പിഞ്ഛരങ്ങളുപുഞ്ഛമീചന്ദ്രനോടൊത്ത തുന്നെ

ററിമേൽ പററുമക്കൌങ്കുമം ചിത്രകം ലോകരക്ഷയ്ക്കു ദീക്ഷിച്ച വാർചില്ലി മെല്ലെക്കൃപാപൂരമൂടേ കനിഞ്ഞൊരു കൺനോക്കമപ്പോൾകുണ്ഡലോദ്യോതിഗണ്ഡദ്വയം മന്ദഹാസം മുഖാംഭോജമല്ലാനമാലാ ഗളേ കൌസ്തുഭം മാറിടത്തിങ്കലന്നാഭിപങ്കേരുഹം പാദപത്മദ്വയം പത്മനാഭാ! മുദാ താവകം പൂവൽമെയ് കാനനാന്തേ വസിച്ചീടിലും മൃത്യുവന്നെത്തിലും മററുരാജ്യേ വസിച്ചീടിലും തോന്നുകുംപൂവിലെപ്പോഴുമെന്നും" എന്ന ഭാഗം ഈ കേശഗ്രഹണചമ്പുവിലുള്ള എല്ലാ ഗദ്യപദ്യങ്ങളേയും അതിശയിക്കുന്നുണ്ട്. ഇതിൽ വഴിഞ്ഞൊഴുകുന്ന ഭക്തിയും പദാൎത്ഥഭംഗിയും അത്യുൽകൃടമായിട്ടുണ്ടെന്ന് ഏവരും തലകുലുക്കി സമ്മതിക്കുമെന്നുള്ളതിനു സംശയമില്ല.

യതിഭംഗംകൊണ്ടുള്ള അസുഖം ഈ പ്രബന്ധത്തിലുള്ള സ്രഗ്ദ്ധര, ശാൎദ്ദൂലവിക്രീഡിതം എന്നീവൃത്തങ്ങളിൽ വിരചിതങ്ങളായ മിക്ക ശ്ലോകങ്ങളേയും ബാധിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഭാഷാചമ്പൂകാരന്മാൎക്കു പ്രായേണ യാതൊരു നിഷ്കൎഷയുമുണ്ടായിരുന്നില്ല. എന്തുചെയ്യാം. "പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ" എന്നു സമാധാനപ്പെട്ടുവാനെ തരമുള്ളുവല്ലൊ.

അഞ്ചാം ശ്ലോകത്തിൽ ഗ്രന്ഥപാഠം 'കേൾചൊല്ലാമോ' എന്നാണെങ്കിലും ശുദ്ധമായ പാഠം 'കേൾചെല്ലാമോ' എന്നാണെന്നു തോന്നുന്നു. അതുപോലെ എട്ടാം ശ്ലോകത്തിൽ 'പറഞ്ഞാൻ' എന്നതു 'പ...ം ഞാൻ' എന്നും

‘കോപ്പിട്ടുകണ്ടേൻ’ എന്നതു ‘കോപ്പിട്ടുകൊണ്ടേൻ’ എന്നും വേണ്ടതാണെന്നത്രേ എന്റെ അഭിപ്രായം.

ആകെക്കൂടി നോക്കുമ്പോൾ ഈ കേശഗ്രഹണപ്രബന്ധവും ഭാഷാഭിമാനികളുടെ അഭിനന്ദനത്തിനു പാത്രീഭവിക്കുമെന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു.

തിരുവനന്തപുരം,<br>൨൮-൯-൧൧൧൨.

ഉള്ളൂർ എസ്. പരമേശ്വരയ്യർ<br>പ്രസിഡെൻറ്,<br>ഭാഷാപരിഷ്കരണക്കമ്മിററി.

# കേശഗ്രഹണം

# കേശഗ്രഹണം
## പ്രബന്ധം.

---

ആരൂഢാംഭോജപീഠം നെറിതടവുമിടം-
　　ന്തുടക്കാമ്പിലമ്പും
ഗൌരീമാതിൻ മുലക്കണ്ണുകളിൽ വലമിട്ടും
　　വാമഹസ്താംഗുലീകം
മാരാണാം ലക്ഷലക്ഷം കഴൽതൊഴുതഖിലാ-
　　കല്പശില്പാരുണാംഗം
നേരേ പാണിത്രയോദ്യൽപരശുമൃഗവരം
　　പാർവ്വതീശം ഭജേഥാഃ. ൧

അത്യന്താപൽപ്രവാഹേ മുഴുകുകിലുമക-
　　ക്കാമ്പു ലക്ഷ്മീസഹായേ
ഭക്ത്യാ ചെന്നങ്ങുറച്ചീടുകിലകലുമൊരോ
　　സങ്കടം ദേഹഭാജാം
മൂർദ്ധാംഗിക്കണ്ടു മദ്ധ്യേഗുരുസഭമൊരു ദു-
　　ശ്ശാസനൻ (കേശവസ്ത്ര-
പ്രധ്വംസത്തിന്നൊരുങ്ങും)പൊഴുതഴൽപെരുകും
　　ദ്രൌപദിക്കെന്നപോലേ. ൨

ജിത്വാ നാനാനരേന്ദ്രാൻ പരിചിനൊടു കൃതേ
　　രാജസൂയേ ധനൌഘേ
ലബ്ധേ ധർമ്മാത്മജേ കണ്ടഖിലഗുണനിധൌ
　　രാജ്യലക്ഷ്മീമന്യനാം

ചിത്തേ കൊള്ളാത്തൊളം പോന്നടനിയലുമസൂ-
    യാധികോണ്ടാതുരാത്മാ
നിത്യം ദുൎയ്യോധനോസൌ സുബലനൃപസുതം
    മാതുലം വാചമൂചേ. ൩

"ഗാന്ധാരക്ഷ്മാപതേ! മാതുല! ഹൃദി സഹിയാ
    പാണ്ഡവന്മാരിലന്ന-
ന്നേന്തീടുന്നോരു രാജ്യശ്രീയമതിമഹതീം
    കണ്ടിരുന്നോളവും മേ
ചേൺതാവും ഭീമനെണ്ടാം ഞെളിവു പരമതിൽ-
    ക്കാളമീഷാം കുറുമ്പും
കാന്താ പാഞ്ചാലകന്യാ വിരവൊടു കലരും
    ഭാവമേതും പൊറാ മേ. ൪

രാജാവെങ്ങു തൊഴാമോ പുനരവസരമൈ-
    ന്തമ്പിലിക്കാഴ്ച വെപ്പാൻ
കേൾ ചൊല്ലാമോ വിശേഷാലവരജനൃപതിൻ
    ക്ലപ്തവാനെന്തുപായം
ആശാന്താൽ വന്നിവണ്ണം ക്ഷിതിപതികൾ പുറ-
    ത്തിണ്ണമേൽ നിൽക്കുമെന്നോ-
ടീശാ ചോദിക്കുമാറുണ്ടതു ഹൃദി സഹിയാ
    (പാണ്ഡവാനാം പ്രഭാവം) ൫

ഓരോ രത്നങ്ങളും പൊന്നുകൾ പുടവകളി-
    ത്യാദി പോരെന്നെവരും വെ-
വ്വേറേ ചേരുന്ന വേശ്മങ്ങളിലഴകൊടു ചെ-
    ല്ലുന്നതിന്നാററമുണ്ടോ

നേരേ വിപ്രാദിവർണ്ണങ്ങളുമഖിലജഗ-
ദ്വാസിവൃന്ദങ്ങളെന്ന-
ല്ലാരാലെല്ലാരുമേ പാണ്ഡവഭവനപുര-
ത്തിൻ്റെമേലാശ്ചർയ്യമഞ്ഞു. ൩

ശാപംകൊണ്ടാത്മദാരാന്നൊരുപൊഴുതു പിതൃ-
വ്യൻ തൊട്ടായിന്നകാലം
പ്രാപിച്ചന്യാനൊളിച്ചങ്ങടവിയിലുടനു-
ണ്ടായ കുണ്ഡാൻ കുമാരാൻ
പാപം കേരം നാട്ടിലാക്കിപ്പരിചിനൊടു വള-
ത്തമ്പിലാളാക്കി നേരേ
ഭൂഭാഗത്തെക്കൊടുത്തീടിന ജനകനൊഴി-
ഞ്ഞാരു വൈരീ വിചാരേ. ൪

മുന്നേതന്നേ പറഞ്ഞാനിവരെ വടുവരു-
ത്തങ്ങൊടുക്കീടുവാനായ്-
ത്തന്നേ കോപ്പിട്ടുകണ്ടേനതു കിമപി ഫലി-
ച്ചീല മൽഭാഗ്യദോഷാൽ
ഇന്നോ രാജ്യോദയപ്രൌഢിയുമയി ധനവും
കോപ്പുമെല്ലാമവർക്കായ്-
വന്നൂതെല്ലോ പിണങ്ങീടുകിലവരൊടു വാ-
രാ ജയം മാദൃശാനാം. ൫

ആപൂർവ്വപശ്ചിമപയോനിധിതീരവേല-
മാമേരുലങ്കമവനീവലയസ്യ ജേതുഃ
സാമ്രാജ്യസമ്പദമുദീക്ഷ്യ യുധിഷ്ഠിരസ്യ
ശാന്തിം വ്രജാമി ന കദാചിദമർഷതപ്തഃ. ൬

രാജ്യേന കിം മമ ഫലം സഹജൈഃ കിമേഭിഃ
കിം വാ ധനൈരുപചിതൈഃ കിമു വാ ചമൂഭിഃ
കിം വാ ഭവത്ഭിരപി മാതുലഭീഷ്മമുഖ്യൈ-
രുൽകഷ്വവത്ഭിരധുനാ യദഭാവി പാൎത്ഥഃ. ൧൦

മാതുല! മാതുല! ഹേ സഹിയാ മേ
മേദുരഭാവമന്ദൃനമമീഷാം
ഈദൃശരീതിയിലിന്നിഹ്യമുണ്ടാ-
മാധി മരിക്ക നമുക്കിഹ നല്ലൂ." ൧൧

ഇത്ഥം ദുൎയ്യോധനൻ ദീനത വടിവിലൊരോ-
ന്നേ പറഞ്ഞാൎത്തിശാലീ
മെത്തീടുന്നോരസൂയാജ്വരപരവശതാം
പൂണ്ടിരിക്കുംദശായാം
അത്യന്തം പ്രേമശാലീ സുബലനൃപസുതോ
ഭാഗിനേയം ബഭാഷേ
"ചിത്താതങ്കം കളഞ്ഞീടുക മനുജപതേ!
കേൾക്ക വാക്യം മദീയം ൧൨

വല്ലാതേ ഹന്ത ഖേദിച്ചുടലുരുതിപെടു-
ത്തീടിനാലെന്തു കാൎയ്യം
നല്ലു കേളെന്തിദാനീമഴകിനൊടു നമു-
ക്കെന്നതോൎക്കേണമല്ലോ
എല്ലാം നേർകൊണ്ടു നേരേ വടിവിനൊടയി സാ-
ധിച്ചുകൂടാ ജനാനാ-
മുല്ലാസംപൂണ്ടു പോരുന്നവരൊടു പടകൊ-
ണ്ടേ ജയിപ്പാൻ പ്രയാസം. ൧൩

സാധിക്കായ്കിലുപായമൊന്നു പറയാം
നല്ലൊന്നിതിൽക്കാൾ നമു-
ക്കാധിക്ഷീണത പോവതിന്നു നിതരാം
മറ്റൊന്നുമില്ലേതുമേ
ചൂതിൽപ്പോർവടിവിൽ ചതിച്ചു പൊരുവാൻ
മുമ്പുണ്ടെനിക്കെത്രയും
ചൂതിൽഭ്രാന്തനവൻ യുധിഷ്ഠിരനസൌ
തോൽക്കും മഹദ്ദേവനേ." ൧൪

ദ്യൂതമൂലവിജയം പറഞ്ഞ ത-
ന്മാതുലം പുനരുവാച ഭൂപതിഃ
"താതനോടു പറയേണമെങ്കിൽ നീ
സാധിയാ നിയതമല്ലയായ്കിൽ മേ" ൧൫

ഇത്ഥം പറഞ്ഞിരുവരും ത്വരമാണ്ട ചിത്തൌ
ഗത്വാംബികേയഭവനം പ്രതിബോദ്ധ്യ നിന്നാർ
പ്രത്യംഗമൻപൊടു കരേണ തലോടി പൃഷ്ഠം
ദുഷ്ടോ ജഗാദ ശകുനിർദ്ധൃതരാഷ്ട്രമേനം. ൧൬

"കേൾക്കേണം ധരണീപതേ! തവ സുതോ
ദുര്യോധനോയം ശുചാ
ദീർഘം വീർത്തു മെലിഞ്ഞു ദീനതകല-
ർന്നാപന്നനായീ തുലോം
ആർക്കും കേളിതിനെന്തു നല്ലതുടനെ-
ന്നോർക്കേണ്ടതില്ലെത്രയും
ഭാഗ്യക്കേടിഹ താതനാഥ ഭവതോ
ജാതാ തുലോമന്ധതാ. ൧൭

ആശ്വാസയാശ്വാസയ പുത്രമേനം
വാച്ചൊന്നിവന്നാത്മനി ഖേദഭാരം
നേച്ഛത്യസൌ ഭോജനമത്യുദാരം
സ്വാച്ഛന്ദ്യമാപാദയ നീ തനൂജേ." ൧൮

സ്യാലവാചമുപകർണ്ണ്യ തൽക്ഷണേ
ലോലധീസ്സുതമുവാച ഭൂപതിഃ
"ബാല! കിന്നു തവ ചിത്തവേദനാ-
മൂലമേതദഖിലം വദാശു മേ. ൧൯

ലാളിപ്പാനിന്നു ഞാനുണ്ടയി തവ ജനനീ
പേർത്തുമിഷ്ടങ്ങളെല്ലാം
മേളിപ്പാൻ വാഞ്ഛിതാവ്യൈത്ര നവനവതി(മിതാ)
ഭ്രാതരസ്സന്തി വീരാഃ
കേളിപ്പോളഗ്രജന്സ്തേ നിഖിലവസുമതീ-
നാഥനായുണ്ട നിന്നെ-
പ്പാലിപ്പാൻ ധർമ്മജന്മാ തനയ! ധനവുമ-
ണ്ടേററവും ഖിദ്യസേ കിം?" ൨൦

ഗദ്യം ൧:— ഇത്ഥം മെത്തിന കരുണാകന്ദളകബളിത ഹൃദയേ കഥയതി താതേ, ദുശ്ശാസനം പുനരാദിമഹേതു ദ്ദുര്യോധനനൊരു വാചമവാദീൽ "താതന്നയ്യോ യാതൊന്നും കേരം കാണരുതാഞ്ഞാലില്ലൊരു ഖേദം, വിദുരപുരോഗമവിദ്വേഷികരം വന്നളുമിതുമോതീടുന്നതു കേട്ടിട്ടഗതികരം പാണ്ഡവരെന്നല്ലോ പോന്നവഗതി ചേതസി ചേന്നീടുന്നു, പാണ്ഡുസുതാനാം ചണ്ഡതയും നിജപണ്ഡിതഭാവവുമുന്നതിവായ്പും വമ്പും ഡംഭും ദുർന്നയവും ചില ദുർബ്ബോധങ്ങളുമറിയുന്നോക്കേ പുനരറിയാവൂ.. താതൻമുമ്പിൽ വരും

നേരത്തൊരു വിനയക്കോപ്പും പ്രവണതയും പുനരെന്തെല്ലാമവർ നടിയായ്യുന്നതു കൈതവരീതികൾ കണ്ടിഹ തേഷാം താതന്നവരിൽ പാരം പ്രേമം ഭ്രാതൃസ്നേഹമവൎക്കുണ്ടെങ്ങളിലെന്നൊരു മോഹം നന്നിതു ഹൃദയേ ഹാ ഹാ ജനക! ഭവാനത്രേ മേ ശാത്രവനായതു ഹന്ത വിചാരേ കഷ്ടം കഷ്ടം മററാരാനും കണ്ടവർ വന്നു പിതൃവ്യകളത്രേ കെല്ലോ ടുല്ലാദിച്ചു നിറഞ്ഞൊരു കുലടാതനയാൻ കുടിലാൻ കുമതീൻ കൂട്ടിക്കൊണ്ടുപന്നസ്സമ്രാജ്യ വേണ്ടതു നൽകി വളൎത്തു നിതാന്തം ക്ഷോണീഭാഗമവൎക്കു കൊടുത്തു ബലംവെപ്പിച്ചതു മററാരധുനാ കരുതുകിലിപ്പോൾ പടയും കുടയും പൌരുഷവായ്പും ഭണ്ഡാരങ്ങളുമഖിലമവൎക്കായ്യന്നുതല്ലൊ വിരവിനൊടെന്നാലിദ്ദുരീതികൾ കാണാതേപോയ്മീണ്ടമരിപ്പാൻ ജനകനെനിക്കൊരനുജ്ഞ തരേണം.

പുറവും ചേൎന്നൊരിരിക്കെ സ്ഫടികമണികൃതാ-
യാം സഭായാമൊരുന്നാൾ
കഷ്ടം വീണിടിന്നേനസ്ഥലജലഭിദതോ-
ന്നാണ്ടു തോയേ തദാനീം
ചട്ടററീടുന്ന പാഞ്ചാലിയുമിതമിയലും
ഭീമനും ചാരു കൈയും
കൊട്ടിപ്പാൎത്തം ചിരിച്ചാരതു ബത ഹൃദയേ
കാളകൂടായതേ മേ. ൨൫

അന്നേരം ധൎമ്മരാജൻ പുനരവരെ നിഷേ-
ധിച്ചു സന്താപഭാവം
നന്നായ് മേളിച്ചു വസ്രുദ്രചയമഴകിനൊടാ-
നീയ നൽകീടിനോന്മേ

കർണ്ണാ! ദുശ്ശാസനാ! മാതുല! ജനക! മരി-
ച്ചീടുവൻ ഞാൻ പൊറുക്കാ-
കുന്നീലക്കേപ്പു തേഷാം പരിഹസനമതിൽ-
ക്കാളം പൊറുക്കായിരുന്നു. ൧൧

പിന്നെ സ്ഫാടികഭിത്തി കണ്ടൊരുദിനം
ദ്വാരഭ്രമാൽ ചെന്നു ഞാൻ
ഭിന്നെന്നേററിഹ മസ്തകേ വിവശനായ്
നില്ക്കുന്നവസ്ഥാന്തരേ
അന്യോന്യം നിഭൃതം ചിരിച്ചിഹ ലലാ-
ട്ടേ മേ തലോടീടിനാർ
വന്നെൻ വൈരികളിന്നു ഹന്ത നിതരാം
ജീവിച്ചിരിക്കേണമോ?" ൧൨

ഇത്ഥം പുത്രോദിതം കേട്ടഥ കുരുനൃപതി-
ർവ്വാചമൂചേ തദാനീം
"വത്സാ! കേൾ പാണ്ഡവാനാമധികസുകൃതിനാം
പീഡചെയ്യാൻ പ്രയാസം
അത്യന്തം ബന്ധു തേഷാം ത്രിഭുവനപെരുമാൾ
വാസുദേവൻ വിശേഷാൽ
തജ്ജ്യേഷ്ഠഭ്രാതൃസവ്യസാചിതഴകിൽ നിന-
ക്കല്ലയോ ഖിദ്യസേ കിം?" ൧൩

ഇത്ഥം കേട്ടളവൊന്നുവാച പിതരം
ദുര്യോധനോ "മാതുലഃ
സ്സിദ്ധോ മേ മതിമാൻ വിധാസ്യതി ജയം
ദ്യൂതേന കുന്തീഭുവാം

അത്യന്തം വിരുതുണ്ടിവന്നു നിഖിലാൻ
　　ദുർദ്ദേവനേ വെല്ലുവാ-
നദ്യന്മോദമിതിന്നനുജ്ഞ തരസാ
　　താത! ത്വയാ ദീയതാം." ൨൫

"ദുർദ്യൂതമിന്നുചിതമോ പുനരല്ലയോ കേൾ
പൃഥ്വീഭുജാമിതു നമുക്കു തിരിച്ചുകൂടാ
അത്രോചിതം നിഖിലവുമക്ക ധിഷണോപമാനോ
വേത്തി സ്ഫുടം വിദുര" ഇത്യയമാഹ രാജാ. ൨൬

"വിദ്വിഷാമഭിമതം വരുത്തുവാ-
നദ്യമങ്ങൾ വിദുരക്കു നിർണ്ണയം;
അദ്യ മേ മരണമസ്തു താതനോ
ഹൃദ്യമായതു തദീയഭാഷിതം." ൨൭

ഉവാച കർണ്ണസ്തപനീയവർണ്ണഃ
പരാക്ഷികർണ്ണപ്രകരേ സുപർണ്ണഃ
രോഷേണ പൂർണ്ണോ വസുധാവതീർണ്ണഃ
സൂര്യഃ പ്രകീർണ്ണാംശുരിവാത്യുദീർണ്ണഃ. ൨൮

"കിം ദ്യൂതൈരിഹ മാമകീനസമര-
　　ദ്യൂതസ്സമാരഭ്യതാ-
മക്ഷാ മേ വിശിഖാ രണം വിദധതഃ
　　പ്രാണാഃ പണാസ്സന്തു മേ
അത്രാഫല്ഗുനവല്ഗുഫല്ഗുനമദോ-
　　ദ്രേകഃ പരം ഛിദ്യതേ
തൽപക്ഷം നൃപ! യാതി പാണ്ഡവധനം
　　താവൽ ഭവേദ്വിഭ്രമഃ ൨൯

ഭിന്ദന്ത്വദ്യൈവ സദ്യഃ പ്രതിഭടപടലീ-
കുംഭികുംഭാൻ വിപാഠാഃ
പ്രൌഢാ മേ ഘോടകാളീജഠരപുടമമീ
പാടവാൽ പാടയന്തു
ഭൈമം ഭിന്ദന്തു ഉന്ദമ്മമ കലയതു കോ-
ദണ്ഡദണ്ഡപ്രകാണ്ഡ-
പ്രാചണ്ഡ്യം ഗാണ്ഡിവീ ഖാണ്ഡവദഹനജിതാ-
ഖണ്ഡലഃ പാണ്ഡവോസൌ. ൩൦

സ്രസ്താന്ത്രതന്ത്രതുരഗാണി കൃപാണഘാത-
ഘൂർണ്ണൽകരീണ്യനണുപൂതനഘൂൽകൃതാനി
ധാവൽകബന്ധകടുതാണ്ഡവഡാമരാണി
കുർവ്വേ രണാനി രിപുമണ്ഡലമാരണാനി. ൩൧

ശൂരാസ്തദേത്യ രചയന്തു സമം ബലൌഘൈ-
ർദ്ദുശ്ശാസനാദയ ഇമേ സമരായ യത്നം
ശാതൈശ്ശരൈരസുഹൃദോ യുധി ശായയിഷ്യേ
തേഷാമുതായുധവിദീർണ്ണവപുശ്ശയിഷ്യേ." ൩൨

സംരംഭിണം കർണ്ണമടക്കി വാചാ
വീരം പരിഷ്വജ്യ സുയോധനോസൌ
ഭൂയോപി താതം നിജകാംക്ഷിതാപ്ത്യൈ
പാരിച്ചു നിർബ്ബന്ധഗിരം തുടന്നു. ൩൩

തദാ നയജ്ഞേന നൃപേണ വേഗാ-
ദാനീയ പൃഷ്ടശ്ശകുനേഃ കുദൃഷ്ടിം
ഉവാച ധീമാൻ വിദുരോ വിനീത്യാ
മഹീപതിം തം മഹിതോ ഹിതൈഷീ. ൩൪

"സ കിംസഖാ സാധു ന ശാസ്തി യോധിപം
ഹിതാന്ന യസ്സംശൃണുതേ സ കിംപ്രഭുഃ
സദാനുകൂലേഷു ഹി കുർവ്വതേ രതിം
നൃപേഷ്വമാത്യേഷു ച സർവ്വസമ്പദഃ. ൩൭

കേൾക്കേണം ധരണീപതേ! മമ ഗിരം
പഥ്യാമപത്ഥ്യാന്നി തേ
പാക്കമ്പോളിഹ പാണ്ഡവാ അപി ദ്രുഢം
തേഷാം ജയേ കിം ഫലം?
പാഴ് കഷ്ടം! നയമല്ല ബാഹുജനുഷാം
ദുർദ്ദേവനച്ഛത്മവും
ഭാഗ്യക്കേടിതു വീതഹേതു കലഹം
നന്നല്ല വല്ലോരൊടും. ൩൮

ഗദ്യം ൨:—കഷ്ടംകഷ്ടമിതിത്തരമടവുകൾ പാണ്ഡുസുതാൻ പ്രതി തോന്നീടുന്നതു. ചെറിയന്നാൾ ബാലാനന്താനപഗതശരണാൻ കരുണാവിഷയാനനുകൂലയിതും വ്യാപാരാന്തരമെന്തെല്ലാമിഹ ചെയ്തീടാഞ്ഞതു വഞ്ചനരീതികളവരിൽ ചെയ്തതു കിഞ്ചന സുകൃതിപ്പു തട്ടീലേതും. പിന്നെപ്പോയവർ നാടുമുപേക്ഷിച്ചീശപരഗതികൊണ്ടെങ്ങാനംപോയ് ച്ചെന്നു വിദേശേ പാഞ്ചാലപുരേ ബാഹുബലം കൊണ്ടാഹൃതദാരാ വീർയ്യഗഭീരാസ്സുഖമേ തത്ര വസിക്കുംകാലം നേടിവരുത്തി വിമുക്തവിരോധം നാടും നഗരമവൎക്കു കൊടുത്തങ്ങൊരുമവരുത്തിയയച്ചതു ഹന്ത ഭവാൻതാനല്ലേ. സഹജന്മാരവരഗ്രജവചസാ നാലരുമുച്ചെരായുധമാത്രസഹായന്മാരായ് ഓരോദിക്കിൽ ചെന്നു നിതാന്തംഭുജബലവിജിതസമസ്തമഹീരമണാഹൃതമേദുരദിവ്യാദിവ്യവിഭൂ

തിവിലോകനവിസ്മാപിതജനസംഖ്യേയകല്പിതവിവിധശ്ലാഘ്യ മോഘതരക്രതദാനവിമാനിതകല്പകശാഖിനി മഹതിമഖാഗ്ര്യേ വിധിവദതീതേ ദ്വന്ദ്വയമവരിൽ സ്വാധീനേഷു സുധീഷു ബലാലിന്നെന്തിന്നിഹ നാം ചെയ്തീടുന്നു സോപാഷാദമേഷാം ബാഹുബലംകൊണ്ടാജ്ജിതമായ ധനൌഘം കണ്ടിട്ടെന്തിന്നിന്നാം ഖേദിക്കുന്നു: സകലവുമിന്നു നമുക്കാകേണ്ടുകിലിപ്പോൾതന്നെ ധർമ്മാത്മജനൊടു രഹസി പറഞ്ഞാലില്ലൊരു കില്ലു സമസ്തം നൽകും ദ്വന്ദ്വയമെന്തിനു വെറുതേവേണ്ടീ കിം കിം ബഹുനാ തവ തനയന്മാർ നൂററഞ്ചും പുനരുററംചേരും പ്രേമവുമൈക്യവുമാന്നു പരസ്പരമൊത്തുവസിപ്പാനുള്ളൊരുപായം ഭവതാ നാഥ! വിധേയമിദാനീം.”

അന്നേരം തത്ര പുത്രോപരി സമുദിതമാം
　　പ്രേമതോ വാ പ്രഭാവം-
മിന്നും ശക്ത്യാ വിധേയ്യാം ഹിതവചനമനാ-
　　ദൃത്യ സംക്രുദ്ധചേതാഃ
കുന്തീപുത്രപ്രിയോപി ക്ഷിതിപതി വിദുരം
　　പ്രാഹിണോദഞ്ജസാ ചെ-
ന്നിന്നീയപ്പാണ്ഡവാനാനയ കനകസഭാം
　　ദ്രഷ്ടുമെന്നിപ്രകാരം. ൩൧

തദനു വിദുര ഏഷ ഖേദഭാര-
ഗ്ലപിതമുഖസ്സമുപേത്യ പാണ്ഡുപുത്രാൻ
കനകമണിസഭാവലോകനാർത്ഥം
സപദി സഹാനയതി സ്മ യാജ്ഞസേന്യാ. ൩൨

ത്തേ സൽകൃതാ വസനഭോജനഭൂഷണാദ്യൈ-
ർഭൂപേന തത്ര തദഹസ്സുഖമേവ നീത്വാ
അന്യേദ്യുരാശു രചിതാഖിലസാന്ധ്യകൃത്യാഃ
പാർത്ഥാസ്സഭാം പ്രവിവിശുഃ കിതവൈസ്സനാഥാം.

ആലോക്യ ധർമ്മതനയം ശകുനിർജ്ജഗാദ
“ദ്യൂതം വയം നൃവര! സാംപ്രതമാചരാമഃ
സാമ്രാജ്യമാസ്ഥിതവതാം സുഖിനാം നൃപാണാ-
മാചക്ഷതേ നനു വിനോദമിമം വിദഗ്ദ്ധാഃ.” ൪൦

രാജാ തമഭ്യധിത “മാതുല! വൈരഹേതുഃ
കിം കീർത്ത്യതേ കിതവകൃത്യമിദം ത്വയൈവം
അസ്മാൻ വിജേതുമഭികാംക്ഷസി വാ കിമക്ഷൈഃ
ശസ്ത്രം ഗൃഹാണ യുധി വിക്രമിണാം ഹി കീർത്തിഃ.”

ഭൂയസ്തമാഹ ശകുനിഃ “പ്രിയദേവനേസ്മി-
ന്നാശങ്ക്യതാമപരാധോ ഭവതാ ന കിഞ്ചിൽ
സ്യാദ്വൈശസം യദി നൃപ ക്രിയതാം നിവൃത്തി-
ർജ്ജാഗർത്തി ശശ്വദധികർദ്ധിരപായശങ്കീ.” ൪൨

തം പ്രത്യുവാച കുപിതഃ കുരുവംശകേതു-
“ർദ്യൂതേ രണേ ച കിതവൈർവ്വിമതൈശ്ച വീരൈഃ
ആഹൂത ഏഷ ന ജനഃ കുരുതേ നിവൃത്തിം
സജ്ജോസ്മി ലോഭരഹിതഃ പ്രതിദേവിതാ കഃ.” ൪൩

താവച്ച ദേവനവിധേസ്സുബലസ്യ സൂനുഃ
കർത്താ പണവ്യവഹൃതേസ്തു സുയോധനോസൌ
വൈഷമ്യമാകലയതാപി യുധിഷ്ഠിരേണ
സോഢേനൈവ തദ്ദ്വയമപി പ്രതിപന്നമാസീൽ ൪൪

പ്രജ്ഞാദൃശഃ ക്ഷിതിപതേഃ പുരതസ്സഭായാം
പ്രത്യേകമാസനഗതേഷു നരാധിപേഷു
ധർമ്മാത്മജശ്ച കുരുനന്ദനമാതുലശ്ച
ക്ഷത്രാന്തഹേതുമപി ദേവനമാദധാതേ. ൪൫

പ്രാരബ്ധേ സതി തത്ര ദേവനവിധൌ
നേർപോരിലെങ്ങും ജയം
വാരാഞ്ഞാകുലിതോ ജിഗായ ശകുനി-
വ്യാജേന കുന്തീസുതം
ഓരോ കോശഗൃഹാന്തതിന്നു പണയം-
വച്ചു തദാ പാണ്ഡവൻ
നേരേ ഹൃത്തു നിരത്തി വച്ചിരുവരും
ഭൂയോപി പോർ തേടിനാർ. ൪൬

രണ്ടാംപന്തിക്കു രാജ്യം നിജമഥ പണയം-
വച്ചു തായം നിരത്തി-
ക്കണ്ടു ഭൂയോപി തോററു പുനരതുമതിന-
ഞ്ഞുജ്ജ്വലിതം വാരണൌഘം
ഉണ്ടോ ദൈവോപരോധം വരുമളവു വിവേ-
കോദയം വ്യാജമേതും
കണ്ടീടാതേ തദാ വച്ചൊരു വര നിഖിലം
തോററഹാസീദശേഷം. ൪൭

കേൾ തദാ ധനമൊട്ടങ്ങിനൊരളവു
ഭീമസേനനെ നിജാനുജ-
ഭ്രാതരം പണയമാക്കി വച്ചു പൊരു-
താശു തോററളവു പിന്നെയും

ഹാ സമസ്തഭുവനത്തിലും പണയ-
　　മാക്കവാ(നൊരുവനൊട്ടതോ)-
ന്നാത വീരവരമജ്ജുനം ഗ്ലഹധ-
　　നീചകാര പരിമൂഢധീഃ. ൪൮

പിന്നെ നാലരുമവക്കു ദാസജന-
　　മാംവിധൌ സപദി ഖിന്നനായ്
തന്നെയും പണയമാക്കിവച്ച ശകു-
　　നിച്ചലൈരഥ പരാജിതേ
മുന്നമഞ്ചു യജനാന്തരേ മഹിത-
　　വേദിമദ്ധ്യകൃതസംഭവാ-
മുന്നതാമഭിമതാം പ്രിയാമൊരുവ-
　　രഷ്ട ചൂതിനു തദാ ജഹൌ. ൪൯

ദ്യൂതത്തിനു നിശ്ശേഷവുമഥ പണയം-
　　വച്ചു തോററാത്തദൈന്യം
വക്ത്രാബ്ജം താഴ്ത്തി മെല്ലെ വിവശതയൊടു ചേ-
　　ന്നാസ്ഥിതേ ധമ്മരാജേ
അത്യന്തം ദ്വേഷശാലീ നൃപതി സദസി ദു-
　　ര്യോധനോ വാചമൂചേ
“ഗത്വാ ദുശ്ശാസന! പ്രാപയ സപദി സഭാം
　　പ്രേയസീം പാണ്ഡവാനാം. ൫൦

മുന്നം തോയേ സഭായാം വിവശതയൊടു ഞാൻ
　　വീണനാൾ ചേത്ത ഹാസം
നന്നായ്ക്കാണേണമിപ്പോളിഹ സദസി വരു-
　　ന്നേരമേഷാം പ്രിയായാഃ

ഖിന്നാം തൻപ്രാണനാഥാം മമ മണിഗൃഹസ-
        മ്മാൎജ്ജനവ്യഗ്രഹസ്താം-
മന്യൂനം കണ്ടു ഭീമൻ വടിവിനൊടു ചിരി-
        ക്കേണമാകുന്നതെല്ലാം. ൩൪

നിത്യം വെശ്മാന്തരാളേ മമ പിലരിയൊട-
        ച്ചൂലുമായ്പുന്നു ദാസീ-
കൃത്യം തേടേണമേഷാ ദ്രുപദനൃപസുതാ
        പ്രേയസീ പാണ്ഡവാനാം
അത്രേയല്ലങ്ങു ഭീമൻ തടിയനിഹ കിള-
        ത്തേണമിക്കഷ്ടനത്തിൻ
വൃത്ത്യാ വാഴേണമിന്നജ്ജുനനിനിയ യമൌ
        കന്നുമേയ്ക്കേണമല്ലോ ൩൫

ഓലക്കെട്ടും ചുമന്നങ്ങുമിങ്ങുമെഴുതേ-
        ണം മുദാ ധൎമ്മജന്താൻ
കേളസ്മൽദാസകൃത്യങ്ങളിലരുവരെയും
        ചേക്ക നീയിന്നിവണ്ണം
മേളത്തിൽ ചെന്നുമേഷാഞെങ്ങളിവു നിവരുവോ-
        ളം പ്രഹാരങ്ങൾ മേളി-
ക്കേണം നന്നായ് സഭായാം വരുമളവിലിഴ-
        ച്ചിട്ടു പാഞ്ചാലകന്യാം ൩൬

പഞ്ചാനാം പാണ്ഡവാനാമിനിയ ഭുജബലം
        പാരമെന്നിട്ടു പേടി-
ക്കേണ്ടാ ദുശ്ശാസനാ! നി കരുതുമളവമീ
        ശപാക്കളോടൊക്കുമല്ലോ

ഗാണ്ഡീവംകൊണ്ടു കാൎയ്യം നഹി നഹി ഗദകൊ-
ണ്ടിന്നു ഭീമന്നു നമ്മെ-
ത്തീണ്ടീടാമോ കഠന്നാൻ വിഷമഴകൊടമീ-
ഷാമസൌ മാതുലോ മേ.” ൪൮

നിശ്ശേഷദോഷങ്ങളെയും നിജാത്മ-
ന്യശ്രാന്തമുൾച്ചേൎത്തൊരകീൎത്തിഭൂമാ
ദുശ്ശാസനം കേട്ടു സുയോധനോക്തം
ദുശ്ശാസനോ വേശ്മ ജഗാമ തസ്യാഃ. ൪൯

നിശ്ശേഷനാരീഗുണലാളനീയാം
വിശ്വാസഭൂമിം ബത പാണ്ഡവാനാം
വിശ്വോത്തരാം താമഥ യജ്ഞശാലാം
സ ശ്വേവ ദുശ്ശാസന ആസസാദ. ൫൦

യുദ്ധേ ദ്യൂതാഹ്വയേ മാതുലഭുജവിജിതാ
ദാസഭാവം ഗതാസ്തേ
ഭൎത്താരോ യാജ്ഞസേനി! ത്വരിതമിഹ നയാ-
മ്യേഷ ദാസീമിതസ്ത്വാം
ഉദ്ദാമക്രോധമിത്ഥം പരുഷവചനമാ-
ഭാഷ്യ ദുശ്ശാസനോസൌ
ഗത്വാ പശ്ചാൾ കേശേഷ്വദയമവഭൃഥ-
സ്നാനതോയാപ്ലുതേഷു. ൫൧

കേശേ ദുശ്ശാസനാകൎഷണവിവശതരാ
ഭൂമിമേൽ വീണിഴഞ്ഞും
വാചാ ദീനം പറഞ്ഞും പ്രശിഥിലവസനം
കൈകൾകൊണ്ടേ തടഞ്ഞും

ക്ലേശാനീശാ പൊറാഞ്ഞും പരിഷദ (മഥ) ഡ്സാ
നീയമാനാ കുരുണാം
നാശോദന്താദിമന്ത്രം ഗതഡ്യൂതി വിലലാ-
പാഥ പാഞ്ചാലകന്യാ. ൩വ്വ

"അയ്യോ മാപാപി ദുശ്ശാസനനപകരുണം
കൂന്തൽ പുററിപ്പിടിച്ചി-
ട്ടയ്യയ്യോ മാമിഴക്കുന്നിതു ശിവശിവ ത-
ല്ലുന്നതിന്നററമുണ്ടോ?
മര്യാദാഹാനി ചെയ്യുന്നതിനു ബത മഹാ-
ലോകരേ! ദൈവമേ! ഹാ
പൊയ്യല്ല നിങ്ങളത്രേ മമ ഗതി പിഴചെ-
യ്തില ചെററാരൊടും ഞാൻ. ൩ന്

ഗദ്യം. സഃ— ഹരഹര ശിവശിവ കഷ്ടംകഷ്ടം ദുഷ്ടാത്മാവേ! ദുശ്ശാസന! നീ മാമാ പീഡയ മാമാ താഡയ പിഴ ചെയ്തീലുടനാരൊടു മിഞ്ഞാനുടയവരില്ലാത്തവരൊടുമിത്ഥം കൊടുതായ് പീഡകൾ ചെയ്തീടാമോ? ഹാഹാ നാഥ! യുധിഷ്ഠിര! പാലയ, ഹാഹാ വീര! വൃകോദര! പാലയ, ഹാഹാ ഫല്ഗുന! പാലയ പാലയ, ഹാഹാ നകുല! വിഭോ! സഹദേവാ! പാപി ദുരാത്മാ ദുശ്ശാസനനിഹ ധൃഷ്ടനാഥാമെന്നെയിദാനീം തലമുടി പിടിപെട്ടപഗതകരുണമിഴച്ചീട്ടന്നോനയ്യോ പാപം തന്നുടയോരെച്ചൊല്ലി നിതാന്തം മുറയിട്ടതു കേട്ടുദിതക്രോധം കണ്ണുരുട്ടിക്കേൾക്കട്ടിന്നും പാലിക്കുന്ന ജനങ്ങളെയെല്ലാമെന്നു പറഞ്ഞ തല്ലിത്തല്ലിക്കൊല്ലുന്നുതേ ഹാഹാ കുരുകുലപരിവൃഢനാകിയ താതനുമെന്നെയുപേക്ഷിച്ചൂതോ, വാഴ്പുകലന്നൊരു കരുണാരംഗം

ഭീഷ്മരുമെന്നെയുപേക്ഷിച്ചുതോ, ദ്രോണാചാര്യരുമയ്യോ പാപം ക്ഷീണാമെന്നെയുപേക്ഷിച്ചുതോ, പെരിയ കൃപാനിധി കൃപരു മഹാത്മാ കൃപണാമെന്നെയുപേക്ഷിച്ചുതോ, ഹരഹര നിർമ്മര്യാദമിതയ്യോ വിദുരർക്കും പുനരനുമതമായോ? ഞാനാരോടേ വിവശത പറവൂ നിർമ്മര്യാദം ചെയ്യുന്നതിനൊരു ശാസ്താവില്ലെന്നായീതെല്ലാം" ബഹുവിധമേവം വിലപന്തീ സാ നിതാ സദസി നിതാന്തവിഷാദവ്യാമോഹാത്താ ദ്രുപദതനൂജാ.

അന്നേരം തത്ര ഭീഷ്മാദിഷു ബത തലയും
താഴ്ത്തി നില്ക്കെ പ്രകാമം
ഖിന്നാദസ്യേഷ പാസ്ഥിതേഷു ശ്ലഥകചവസനാം
പീഡനസ്രസ്തഗാത്രീം
തന്വീമാലോക്യ കൃഷ്ണാമയി സുമുഖി! നിഷീ-
ദാത്ര നീയെന്നുദസ്ത-
സ്വർണ്ണക്ഷൌമം നിജോരും കുരുപതിരഥ കാ-
ട്ടീടിനാൻ ധൌഷ്ട്യശാലീ. ൩൦

താമാഹ ഭാനുതനയഃ "കഥയേ ഹിതം തേ
ദാസ്യം ഗതാൻ പുനരിമാനവമത്യ പാർത്ഥാൻ
ഏകം വൃണു പ്രണയിനം കുരുനന്ദനേഷു
സംബന്ധമാത്മസദൃശം ദ്രുപദശ്ച യായാൽ" ൩൧

ഗർജ്ജൻ പ്രിയാനികൃതിമാരുതഘട്ടനേന
ഭീമാംബുദഃ ക്ഷരിതഘർമ്മപയഃകണൌഘം
രാജന്യവംശവനദാഹനിദാനഭൂതം
ക്രോധം കൃശാനുമിവ വൈദ്യുതമാബഭാര. ൩൨

തസ്മിൻ ക്ഷണേ വാചമുവാച രോഷാ
മൂഭ്നൻ മന്ദിസ്തംഭമുദഗ്രഡംഭഃ
ഉദ്രിക്തരോഷാഗ്നിശിഖാനികായൈ-
ർവ്വിശ്വം ദിധക്ഷന്നിവ ഭീമസേനഃ ൱൨

"ഭോഭോ ഭീഷ്മാദിവൃദ്ധാഃ! സ്ഫുടതരമയമാ-
    ലക്ഷിതഃ കിം ഭവത്ഭി-
ർവ്യാപാരോമുഷ്യ സോമാന്വയമഥനമഹാ-
    ധൂമകേതോരശേഷഃ
തദ്വോ ജാഗർത്തു ചിത്തേ ക്ഷണമിഹ സമതാ
    മാസ്തു വാ ഭീമസേന-
സ്സോയം പ്രേഷ്ഠം കുരൂണാം ദൃഢപരികരബ-
    ന്ധോദ്യ സന്നാനഹീതി ൱൩

ധാർഷ്ട്യത്തോടേ ഗദാം താം കരഭുവി കലയൻ
    ഭൈരവാം കൌരവാണാം
കൂട്ടത്തിൽ ചെന്നു ചാടിച്ചില കളികൾ കളി-
    പ്പിച്ചു ഘോരാഭിഘാതൈഃ
കൂട്ടത്തോടേ മരിക്കും ദ്വിപരഥഹയപാ-
    ദാതരക്തസ്രവന്ത്യാം
ചാട്ടംചാടിക്കളിച്ചിപ്പരിഭവശിഖിനി-
    ർവ്വാപണായാരഭേ ഞാൻ. ൱൪

ചഞ്ചൽഭുജഭ്രമിതചണ്ഡഗദാഭിഘാത-
സഞ്ചൂർണ്ണിതോരുയുഗളസ്യ സുയോധനസ്യ
സ്ത്യാനാവബദ്ധഘനശോണിതശോണപാണി-
രുത്തംസയിഷ്യതി കചാംസ്തവ ദേവി! ഭീമഃ. ൱൫

പിഷ്ട്വാ ഗദാഭിഹതിഭിസ്തിലശസ്സമന്താ-
ത്തദ്ധാർത്തരാഷ്ട്രശതമദ്യ പുരഃ ക്ഷണേന
സദ്യഃ ക്ഷിപാമി ദഹനാച്ച്യഷി ധർമ്മസൂനോ-
ർദ്ദുർദ്ദ്യൂതവൃജിനകാരിണമഗ്രപാണിം" ൩൭

പാർത്ഥസ്തദാ പവനസൂനുമുവാച "യത്ത്വ
പ്രാരഭ്യതേ കുരുഷ്വ തസ്യ സഖാസ്മി സോഹം;
യദ്ധർമ്മജം പ്രതി നൃശംസതയാ ത്വയോക്തം
പശ്യാമി നോ ശിവശിവ പ്രതികാരമസ്യ. ൩൮

ഇന്നു പാർത്ഥമയഭാനുമാലി രണ-
മൂർദ്ധ്നി(പൂർവ്വഗിരിമൂർദ്ധ്നി) ചേ-
രുന്നനേരമിഷുജാലരശ്മികൾ ദി-
ഗന്തരേഷു നിറയുംവിധൌ
മന്നിലേറിയൊരു ധാർത്തരാഷ്ട്രമയ-
ക്കൂരിരുട്ടു മുതലററുപോം
മിന്നുമഭ്രപടനന്ദനാകമലി-
നീ തെളിഞ്ഞു സുഖമേധതാം ൩൯

ഗാണ്ഡിവാഹ്വയവലാഹകോയമധു-
നാ ശരൌഘമഴ പെയ്തൊരു-
ത്തിന്നുകണ്ണുളജവീര്യമായ കൊടു-
വേനലുഷ്മ കളയുംവിധൌ
ഖിന്നരായ കരുവീരരാം മലയിൽ
നിന്നു വന്ന രുധിരാംബുനാ
പൂർണ്ണമാം പുഴകൾ തീർത്തുതീർത്തു സുഖ-
മാതനോതു പയസാംനിധേഃ." ൪൦

തദനു പവനശക്രജന്മനോസ്താ
രഭസഗിരോ നിശമയ്യ ധമ്മജന്മാ
ഭ്രുകുടികടുതരേണ വീക്ഷണേന
പ്രകടരുഷാ നിരുരോധ ഗൃദ്ധഗൃദ്ധം ൧൧

എങ്കിൽ കാണേണമദ്യക്കോപ്പുകളൊരുപൊഴുതെ-
ന്നാശു ദുര്യ്യോധനോസൌ
സംക്ഷോഭം പൂണ്ടു ചൊന്നാ "നപനയ വസനം
ഭ്രാതരസ്യാശ്ശഠായാഃ
ശങ്കിച്ചീടാസ്സനേകപ്രണയിനി കുലടാ
സേയമാഹന്ത ഭീമൻ
വങ്കന്താൻ നോക്കിനില്ക്കേസ്സദസി വിവസനാം
കാണ്ക മാലോകരെന്നാം." ൧൨

ശ്രുത്വാ സുയോധനഗിരം തരസാ ദുരാത്മാ
ദുശ്ശാസനസ്സരഭസാരുണദാരുണാക്ഷഃ
പശ്യൽസു സവ്വനൃവരേഷു സമേത്യ സാദ്ധ്വ്യാ-
സ്തസ്യാശ്ചകഷ വസനം ദ്രുപദാത്മജായാഃ ൧൩

ജ്യേഷ്ഠാനുവത്തനപരാനവബുദ്ധ്യ ഭത്തൄ-
ന്മന്ദോഷ്മണസ്സപദി ഭീഷ്മമുഖാംശ്ച വൃദ്ധാൻ
ആക്രന്ദതി സ്മ ശരണം യദുനാഥമുച്ചൈ-
രാകൃഷ്യമാണവസനാ ചപലേന സാദ്ധ്വീ. ൧൪

ഗദ്യം. ൪:—ഹരഹര ശിവ കഷ്ടമത്യന്തദീനാ തദാ യാ
ജ്ഞസേനി കൃപാസാഗരേ വിശ്വകന്ദേ മുകുന്ദേ പരാം ഭ
ക്തിയെപ്പൂണ്ടു "ഹാഹാ ജഗന്നാഥ! വിഷ്ണോ മുരാരേ! മഹാ
പാപി ദുശ്ശാസനോസൌ തനിക്കായതെല്ലാം കനം പീഡ

യിതാ ബലാൽ വന്നു വാസസ്സമക്ഷം പറിക്കുന്നിതയ്യോ ഹൃഷീകേശ! മററാരുമില്ലാശ്രയം പാഹി! പാഹി! പ്രഭോ! മാമനാലംബനാം ഭക്തലോകേഷു നിത്യം കളിക്കുന്ന തൃക്കൺകലാവിഭ്രമം ചെററിതെന്മേൽ വഴങ്ങീട്ട മംഗല്യസങ്കേതമേ! നാഥ! നാരായണാ! വാസുദേവാ! മഹാഗ്രാഹസന്ദഷ്ടനാമദ്വിപേന്ദ്രം പുരാ കാത്തതും നാഥ! നീയല്ലയോ, മത്സ്യമായ് ചെന്നുടൻ ദാനവേന്ദ്രം വധിച്ചാഗമാൻ വീണ്ടതും നാഥ! നീയല്ലയോ, വാരിധൌ താഴുമാ മന്ദരം താങ്ങുവാനാമയായ് ചെന്നതും നാഥ! നീയല്ലയോ, ധാത്രിയെക്കട്ട ദുഷ്ടാനവം കൊല്ലുവാൻ പോത്രിയായ് ചെന്നതും നാഥ! നീയല്ലയോ, നാരസിംഹാകൃതിം പൂണ്ടു നാകൌകസാം വൈരിണം കൊന്നതും നാഥ! നീയല്ലയോ, മാബലിക്കുള്ള ലോകാന്നളന്നീടുവാൻ മാണിയായ് ചെന്നതും നാഥ! നീയല്ലയോ, രാമനായ്ചെന്നു മൂവേഴുവട്ടം പുരാ ഭൂപതീൻ കൊന്നതും നാഥ! നീയല്ലയോ, രാവണം കൊല്ലുവാനർക്കവംശേ പുരാ രാമനായ്വന്നതും നാഥ! നീയല്ലയോ? ദേവദേവാ! ദയാവാരിധേ! ദാനവാരേ! ദുരക്ഷച്ഛലത്തിങ്കൽ ദുര്യോധനാദ്യൈർദ്ദൃഢീകൃതാ ദാസതാം പ്രാപിതാ ഹന്ത ഭർത്താരമേതേ നമസ്തേ നമസ്തേ സമസ്തൈകനാഥാ! ഹരേകൃഷ്ണ! വാർകുന്തൽമദ്ധ്യേ വിളങ്ങുന്ന പിഞ്ഛരങ്ങൾക്കുപ്പഞ്ചമീചന്ദ്രനോടൊത്തു നെററിമേൽ പററുമക്കൌങ്കുമം ചിത്രകം ലോകരക്ഷയ്ക്കു ദീക്ഷിച്ച വാർചില്ലി മെല്ലെക്കൃപാപൂരമൂടെ കനിഞ്ഞൊരു കൺനോക്കുമപ്പോൾകുണ്ഡലോദ്യോതിഗണ്ഡദ്വയം മന്ദഹാസം മുഖാംഭോജമമ്ലാനമാലാ ഗളേ കൌസ്തുഭം മാറിടത്തിങ്കലന്നാഭിപങ്കേരുഹം പാദപത്മദ്വയം പത്മനാഭാ! മുദാ താവകം പൂവൽമെയ് കാനനാന്തേ വസിച്ചീടിലും മററാ

രോ ജന്മജന്മാന്തരംതന്നിലും മൃത്യു വന്നെത്തിലും മററുരാ
ജ്യേ വസിച്ചീടിലും തോന്നകൂടപ്പൂ വീലെപ്പോഴുമെന്നും” പ്ര
ലാപിച്ചു കേണിടിനാളേവമോരോതരം.

അന്നേരം ഭഗവാനനുഗ്രഹലവം
    തസ്യാമിയററുംവിധൌ
വന്നോരത്ഭുതവിഭ്രമാതിശയമെ-
    ന്താഹന്ത ചൊല്ലാവതോ?
ഒന്നൊന്നേ കളയുംവിധൌ വസനമ-
    ങ്ങൊന്നൊന്നു കാണാമഹോ
തന്നേ പിന്നെയുമാവൃതാംശുകശതൈ-
    രാഹന്ത പൂർണ്ണാ സഭാ. ൧൭

ആഹൃത്യാഹൃത്യ വസ്ത്രാണ്യുരുതരകരസാ-
    ദേന ദുശ്ശാസനോസൌ
മോഹിച്ചാഹന്ത വീണാനഴകിതഴകിതെ-
    ന്നേഷ ഘോഷസ്സമാസീൽ
ഹാഹാകാരേ കരുണാം പ്രസരതി ധൃതരാ-
    ഷ്ട്രായമാനന്യ കൃഷ്ണാ-
മേകാന്തേ സാദ്ധ്വി! കോപം ജഹി കൃതമപരാ-
    ധം ക്ഷമസ്വേത്യവാദീൽ. ൧൮

“പ്രസീദ കോപശ്ചപലേഷു മാ ഭൂൽ
പതിവ്രതേ! പാഹി സഹാത്മജം മാം
പണാദവിമുക്താസി സമം വരൈ”രി-
ത്യുക്തേ നിഷിദ്ധ്യാഹ സുയോധനോസൌ. ൧൯

19663.

"ബാല്യാൽപ്രഭൃത്യപകൃതാ മയി ലബ്ധവൈരാഃ
കൃഷ്ണാപരാഭവമുദീക്ഷ്യ കൃതപ്രതിജ്ഞാഃ
താതാഃ പരേ പുനരപി പ്രതിപദ്യ രാജ്യ-
മുന്മൂലയേയുരചിരേണ സമൂലമസ്മാൻ." ൧൮

കൃഷ്ണാനുഭാവഭയതശ്ച സുതാനുരാഗാൽ
കർത്തവ്യമൂഢഹൃദയഃ കുരുരാജവീരഃ
ഭീഷ്മാദികാൻ ഗുണനിധീനുപഹൂയ വൃദ്ധാൻ
കിം വാ വിധേയമിതി സാദരമന്വയുംക്ത. ൧൯

ഉരത്തിട്ടും വത്സരാൻ ദ്വാദശ വനവസതിം
വത്സരജ്ഞാതവാസം
കൃത്വാ വന്നാൽ കൊടുപ്പൂ വിരവിനൊടിഹ രാ-
ജ്യാദ്ധമെന്നിപ്രകാരം
വൃദ്ധാനാം കേട്ട വാചം കുരുനൃപതി തഥേ-
ത്യംബിലാഹൂയ കുന്തീ-
പുത്രം മദ്ധ്യേസഭം സംവിദമിതി കൃതിഭിഃ
കല്പിതാമാബഭാഷേ. ൨൦

വാർത്തേട്ടും ധർമ്മജന്മാ തദനു "ജനകനാ-
ലിന്നു വാചാ സഭാന്തേ
യാതൊന്നാജ്ഞപ്തമെല്ലാററിനുമതിന്നിഹ ഞാൻ
പാത്ര"മെന്നും നതാത്മാ
മോദേനാമന്ത്ര്യ സർവ്വാൻ വിദുരനിലയനേ
വച്ചു ഖിന്നാം ജനിത്രീം
വീതാശങ്കം പ്രതസ്ഥേ സഹ നിജസഹജൈ-
ർദ്ധർമ്മപത്ന്യാ തദാനീം ൨൧

ധൃതനിജനിജശസ്ത്രാസ്സാനുതാപാസ്സ്വഭൂപേ-
പ്രഹിതരഥഗതാസ്തേ യാജ്ഞസേനീസമേതാഃ
പ്രയയുരനുസരന്തം പൌരലോകം നിവൎത്ത്യ
പ്രസഭമഥ മഹാന്തം പാണ്ഡുപുത്രാ വനാന്തം. വൃവ

അക്കാന്താരപ്രയാണേ കുരുകുലതിലകാ
        ഭാനുമാലിപ്രസാദാ-
ദഗ്രേ ലബ്ധ്വാന്നപാത്രം തദുദിതവിഭവ-
        പ്രീണിതക്ഷോണിദേവാഃ
ഉഗ്രം നിൎമ്മഥ്യ മാൎഗ്ഗേ നിശിചരമഥ കി-
        ൎമ്മീരമുന്മീലിതാന്തം
ദുഃഖം വിധ്വസ്തദോഷപ്രകരമുപഗതാഃ
        കാമ്യകം കാനനാന്തം വൃമ

ധീരാഃ കുന്തീതനൂജാ ധരണിസുരവരം
        ധൌമ്യനാമാനമാരാൽ
പൌരോഹിത്യേ വരിച്ചങ്ങതിമഹിതമഹീ-
        വല്ക്കവാസോ വസാനാഃ
സ്വൈരം പ്രസ്ഥായ തസ്മാദവനിസുരഗണൈ-
        സ്സാകമത്യന്തസൌഖ്യം
ചേരും ദ്വൈതാടവീസീമനി കലിതസുഖം
        ചക്രുരേതേ നിവാസം. വൃർ

സമാപ്തം.

# കേശഗ്രഹണം

---

## ടിപ്പണി.

പദ്യം ൧. മംഗളാചരണം. ആരൂഢാംഭോജപീഠം=പത്മാസനത്തിലിരിക്കുന്നവനായി, നെറി ............ ഗളീകം=ഭംഗിയുള്ള ഇടത്തെത്തുടമേലിരിക്കുന്ന ശ്രീപാൎവ്വതിയുടെ മുലക്കുന്നുകളിൽ വലംവെക്കുന്ന ഇടത്തേക്കൈയ്യിന്റെ വിരലുകളോടുകൂടിയവനായി, മാരാ ............ രുണാംഗം=അനേകലക്ഷം കാമവാർകാൽക്കു തൊഴുത (അനേകകാമന്മാരെക്കാൾ കാന്തിയേറിയ) അഖിലാകല്പശില്പാരുണമായ (സൎവ്വവേഷരചനകളാൽ അരുണവൎണ്ണമായ) അംഗത്തോടുകൂടിയവനായി, പാണി ............ വരം=മൂന്നു കൈകളിൽ പ്രകാശിക്കുന്ന പരശ്ശു=മഴു, മൃഗം=മാൻ, വരം=വരദമുദ്ര എന്നിവയോടുകൂടിയ. പാൎവ്വതീശം=ശിവനെ. ഭജേഥാഃ=ഭജിച്ചാലും. പത്മാസനസ്ഥനായി, പാൎവ്വതിയെ ലാളിക്കുന്നവനായി, പരമസുന്ദരനായി, സൎവ്വാഭരണഭൂഷിതനായി, മൂന്നു തൃക്കൈകളിൽ മഴുവും മാനും വരദവും ധരിച്ചവനായിരിക്കുന്ന ശിവനെ ഭജിച്ചാലും. മ. ര. ഭ. ന. യ. യ. യ. ഗണങ്ങളും ഏഴേഴക്ഷരങ്ങളിൽ യതിയുമായിരിക്കയാൽ സ്രഗ്ദ്ധരാവൃത്തം "ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയും സ്രഗ്ദ്ധരാവൃത്തമാകും" എന്നു ലക്ഷണം.

൨. വസ്തുനിർദ്ദേശം. അത്യ........ വാഹേ=വലിയ ആപത്താകുന്ന ജലപ്രവാഹത്തിൽ. അകക്കാമ്പു=മനസ്സ്. ലക്ഷ്മീസഹായേ=വിഷ്ണുവിൽ. ഭക്ത്യാ=ഭക്തിയോടേ. ദേഹഭാജാം=ദേഹികാൾക്കു്. മുഗ്ദ്ധാംഗിക്ക്=സുന്ദരിക്ക് (ദ്രൌപദിക്കു് എന്നതിന്റെ വിശേഷണം). മദ്ധ്യേഗുരുസഭം=ഗുരുസഭയുടെ മദ്ധ്യ

ത്തിൽ. കേശവസ്ത്രപ്രധൎഷസത്തിന്ന്=തലമുടിയുടെയും വസ്ത്രത്തി ന്റെയും ബലാൽകൎഷണത്തിന്ന്. ദ്രൗപദി=പാഞ്ചാലി. എത്ര വലിയ ആപത്തിൽ പെട്ടാലും വിഷ്ണുവിനെ ഭക്തിയോടേ സ്മരി ച്ചാൽ ദേഹികാംക്ഷ സങ്കടം ഒഴിയും. ദുശ്ശാസനൻ ഗുരുസഭാമ ദ്ധ്യത്തിൽവച്ചു കേശാംബരാകൎഷണത്തിന്നൊരുങ്ങിയപ്പോഠം പാ ഞ്ചാലിക്കെന്നപോലെ എന്നുപമ. വൃത്തം സ്രഗ്ദ്ധര.

൩. കഥാരംഭം. ജിത്വാ=ജയിച്ചിട്ട്. നാനാനരേന്ദ്രാൻ= നാനാരാജാക്കന്മാരെ. കൃതേ രാജസൂയേ=രാജസൂയം ചെയ്യ പ്പെട്ടപ്പോഠം. ധനൌഘേ ലബ്ധേ=ധനസമൂഹം ലഭിക്കപ്പെട്ട പ്പോഠം. ധൎമ്മാത്മജേ=ധൎമ്മപുത്രനിൽ. അഖിലഗുണനിധൌ= എല്ലാ ഗുണങ്ങാംക്കും ഇരിപ്പിടമായ. രാജ്യലക്ഷ്മീം=രാജ്യശ്രീ യെ. അന്യൂനാം = കുറവില്ലാത്ത (രാജ്യലക്ഷ്മീവിശേഷണം). ചിത്തേ=മനസ്സിൽ. അസൂയാധി=അസൂയകൊണ്ടുള്ള മനോവ്യ ഥ. ആതുരാത്മാ=ദുഃഖിതമാനസനായ. ദുൎയ്യോധനോസൌ= ഈ ദുൎയ്യോധനൻ. സുബലനൃപസുതം=സുബലരാജപുത്രനായ. മാതുലം=അമ്മാമനോട് (ശകുനിയോട്). വാചമൂചേ=വാക്കി നെ പറഞ്ഞു. രാജാക്കന്മാരെയെല്ലാം ജയിച്ചു രാജസൂയയാഗം ചെയ്തതിന്നുശേഷം ധൎമ്മപുത്രങ്കൽ പരിപൂൎണ്ണയായ രാജ്യല ക്ഷ്മി വിളയാടുന്നതുകണ്ട് ഉള്ളിലൊതുങ്ങാത്തവിധം വൎദ്ധിച്ചു വശായ അസൂയയാൽ പീഡിതമാനസനായ ദുൎയ്യോധനൻ അ മ്മാമനായ ശകുനിയോട് ഇങ്ങനെ പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൪. ഗാന്ധാരക്ഷ്മാപതേ=ഗാന്ധാരരാജാവേ! ഹൃദി=ഹൃദ യത്തിൽ. രാജ്യശ്രിയം=രാജ്യശ്രീയെ. അതിമഹതീം=ഏററ വും വലിയ. ചേൺതാവും=അഴകേറിയ. തെളിവു=അഹ ങ്കാരം. അമീഷാം=ഇവരുടെ. കാന്താ=ഭാൎയ്യയായ. പാഞ്ചാ ലകന്യാ=പാഞ്ചാലി. അല്ലയോ അമ്മാമ! പാണ്ഡവന്മാരുടെ വൎദ്ധിച്ചുവരുന്ന രാജ്യശ്രീയും, ഭീമന്റെ അഹങ്കാരവും, പാഞ്ചാ

ലിയുടെ ഭാവവും എനിക്കധികമധികം സഹിക്കാതായിരിക്കുന്നു. വൃത്തം സ്രഗ്ദ്ധര.

൭. അവരജനൃപതീൻ=അനുജന്മാരായ രാജാക്കന്മാരെ. ആശാന്താൽ=ദിക്കുകളുടെ അന്തത്തിൽനിന്ന്. ക്ഷിതിപതികാഃ=രാജാക്കന്മാർ. ഈശാ=ദൈവമേ! പ്രഭാവം=മഹത്വം. രാജാവെവിടെ, കണ്ടു വന്ദിക്കാമോ, ഈ കാഴ്ചവെപ്പാൻ എപ്പോഴാണവസരം, എളയ രാജാക്കന്മാരെ കണ്ടു വന്ദിപ്പാൻ എന്തുപായം എന്നിങ്ങനെ ദൂരദിക്കുകളിൽനിന്നു വന്ന രാജാക്കന്മാർ പുറന്തിണ്ണമേൽ നിൽക്കുന്ന എന്നോടു ചോദിക്കാറുണ്ട്. അവരുടെ ആ വലുപ്പം കണ്ടിട്ട് എനിക്കു സഹിക്കുന്നില്ല. വൃത്തം സ്രഗ്ദ്ധര.

൮. വേശ്മങ്ങൾ=ഗൃഹങ്ങൾ. വിപ്രാദിവർണ്ണങ്ങൾ=ബ്രാഹ്മണാദിജാതികൾ. അഖി..................വൃന്ദങ്ങൾ=എല്ലാ ജഗത്തുകളിലും വസിക്കുന്ന ജനസമൂഹങ്ങൾ. പാണ്ഡവ............ണ്ണമേൽ=പാണ്ഡവഗൃഹത്തിലെ പുറത്തെ തിണ്ണയിന്മേൽ. രത്നങ്ങളും പൊന്നുകളും പട്ടുകളും അഞ്ചുപേരുടേയും ഗൃഹങ്ങളിലേക്കു വേറെ വേറെ ചെല്ലുന്നതിന്നവസാനമില്ല. ബ്രാഹ്മണർ തുടങ്ങിയ ജാതിക്കാർ, എന്നുവേണ്ട എല്ലാവരും പാണ്ഡവഗൃഹത്തിലെ പുറന്തിണ്ണമേലായിക്കഴിഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൯. ആത്മദാരാൻ=തന്റെ ഭാര്യയെ. പിതൃവ്യൻ=പിതാവിന്റെ അനുജൻ (പാണ്ഡു) തൊടായിന്നകാലം=തൊടാതിരുന്നകാലം. പ്രാപിച്ചന്യാൻ=അന്യന്മാരെ പ്രാപിച്ച്. അടവിയിൽ=കാട്ടിൽ. കുണ്ഡാൻ കുമാരാൻ=കുണ്ഡന്മാരായ പുത്രന്മാരെ (കുണ്ഡന്മാർ=ഭർത്താവു ജീവിച്ചിരിക്കെ ജാരനിൽനിന്നു പിറന്നവർ). ജനകൻ=അച്ഛൻ. വൈരീ=ശത്രു. വിചാരേ=വിചാരത്തിങ്കൽ. പിതൃവ്യൻ ശാപംകൊണ്ടു ഭാര്യയെ സ്പർശിക്കാതിരുന്നകാലത്ത് അന്യപുരുഷസംസർഗ്ഗത്താൽ കാട്ടിൽപിറ

ന്ന പുത്രന്മാരായ പാണ്ഡവന്മാരെ നാട്ടിൽ കൊണ്ടുവന്നു വളത്തി ഭൂമിഭാഗിച്ചുകൊടുത്ത പിതാവുതന്നെയാണു് ആലോചിച്ചു നോക്കുമ്പോൾ എനിക്കു ശത്രു. വൃത്തം സ്രഗ്ദ്ധര.

വ്യ. വട്ടവറുത്ത്=മൂലച്ഛേദംചെയ്തു്. കിമപി=കുറഞ്ഞൊന്നു്. മൽഭാഗ്യദോഷാൽ=എന്റെ ഭാഗ്യദോഷത്താൽ. രാജ്യോദയപ്രൌഢി=രാജാധിപത്യലാഭംകൊണ്ടുള്ള പ്രൌഢി. വന്നതെല്ലോ=വന്നുവല്ലോ. വാരാ=വരില്ല. മാദൃശാനാം=എന്നെപ്പോലെയുള്ളവക്ക് അവരെ വേരറുത്തുകളവാൻ ഞാൻ ശ്രമിച്ചുനോക്കി. എന്റെ ഭാഗ്യദോഷത്താൽ അതു ഫലിച്ചില്ല. ഇന്നാണെങ്കിൽ രാജ്യവും ധനവും ശക്തിയും അവക്കു സിദ്ധിച്ചിരിക്കുന്നു. ഇനി പിണങ്ങിയാൽ ജയം വരികയില്ല. വൃത്തം സ്രഗ്ദ്ധര.

൯. ആപൂർവ്വ,..................വേലം = പൂർവ്വപശ്ചിമസമുദ്രങ്ങളുടെ തിരങ്ങളാകുന്ന അതിരുകളിലോളം. ആമേരുലങ്കം= മേരു മുതൽ ലങ്കവരെയുള്ള. അവനീവലയസ്യ = ഭൂമണ്ഡലത്തിന്റെ. ജേതുഃ=ജേതാവായ (യുധിഷ്ഠിരവിശേഷണം). സാമ്രാജ്യസമ്പദം = സാമ്രാജ്യൈശ്വര്യത്തെ. ഉദീക്ഷ്യ = കണ്ടിട്ടു്. യുധിഷ്ഠിരസ്യ= യുധിഷ്ഠിരന്റെ. ശാന്തിം= മനസ്സുഖത്തെ. വ്രജാമി ന= പ്രാപിക്കുന്നില്ല. കദാചിൽ = ഒരിക്കലും. അമഷതപ്തഃ= അസൂയയാൽ തപ്തനായിട്ടു്. കിഴക്കെ സമുദ്രത്തിന്റെയും പടിഞ്ഞാറെ സമുദ്രത്തിന്റെയും തിരങ്ങളാകുന്ന അതിരുകളോടുകൂടി മഹാമേരുമുതൽക്കു് ലങ്കയിങ്കലോളമുള്ള ഭൂമണ്ഡലം മുഴുവൻ ജയിച്ച യുധിഷ്ഠിരന്റെ സാമ്രാജ്യലക്ഷ്മിയെ കണ്ടു് അസൂയാതപ്തനായ ഞാൻ ഒരിക്കലും മനസ്സുഖത്തെ പ്രാപിക്കുന്നില്ല. ത. ഭ. ജ. ജ. ഗണങ്ങളും രണ്ടു് ഗുരുക്കളും വരികയാൽ വൃത്തം വസന്തതിലകം. "ചൊല്ലാം വസന്തതിലകം തഭജം ജഗംഗം" എന്നു് ലക്ഷണം.

൧൦. രാജ്യേന = രാജ്യംകൊണ്ട്. കിം മമ ഫലം = എന്താണെനിക്ക് ഫലം. സഹജൈഃ = സോദരന്മാരെക്കൊണ്ട്. കിം = എന്ത്. ഏഭിഃ = ഈ (സഹജൈഃ എന്നതിനോട് യോജന). കിം വാ ധനൈഃ = എന്താണ് ധനങ്ങളെക്കൊണ്ടും. ഉപചിതൈഃ = വൎദ്ധിച്ചവയായ (ധനവിശേഷണം). കിമു വാ ചമൂഭിഃ = എന്താണ് സേനകളെക്കൊണ്ടും. കിം വാ ഭവത്ഭിരപി = എന്താണ് ഭവാന്മാരെക്കൊണ്ടും. മാതു.......മുഖ്യൈഃ = മാതുലൻ ഭീഷ്മൻ മുതലായ (ഭവത്ഭിഃ എന്നതിന്റെ വിശേഷണം). ഉൽകൎഷവത്ഭിഃ = ഉൽകൎഷമുള്ളവരായി. അധുനാ = ഇപ്പോഴ്. യൽ = യാതൊന്ന് ഹേതുവായിട്ട് (എന്തുകൊണ്ടെന്നാൽ). അഭാവി = ഭവിപ്പു എന്നുള്ളതുണ്ടായി. പാൎത്ഥൈഃ = പൃഥാപുത്രന്മാരാൽ. രാജ്യവും, സഹോദരന്മാരും, പെരുകിയ ധനങ്ങളും, സേനകളും, അമ്മാമൻ ഭീഷ്മൻ മുതലായവരും ഉണ്ടായിട്ടും എനിക്കെന്തു ഫലം? എന്തുകൊണ്ടെന്നാൽ, കുന്തീപുത്രന്മാർ ഉൽകൎഷവാന്മാരായി ഭവിച്ചുവല്ലോ. വൃത്തം വസന്തതിലകം.

൧൧. മാതുല = അമ്മാമ! സഹിയാ മേ = എനിക്ക് സഹിക്കുന്നില്ല. മേദുരഭാവം = പുഷ്ടത്വം (വൃദ്ധി). അന്യൂനം = കുറവില്ലാത്ത. അമീഷാം = ഇവരുടെ. ഈദൃശരീതിയിൽ = ഇപ്രകാരമുള്ള സ്ഥിതിയിൽ. ആധി = മനോവ്യഥ. അമ്മാമ! ഈ പാണ്ഡവന്മാരുടെ പുഷ്ടികണ്ടിട്ട് എനിക്ക് സഹിക്കുന്നില്ല. ഈ മട്ടിൽ ഇനിയും മനസ്സിന്ന് വ്യസനം ഭവിക്കും. ഇങ്ങനെ ഇരിക്കുന്നതിൽ ഭേദം മരിച്ചുപോകയാണ്. മൂന്നു ഭഗണവും രണ്ട് ഗുരുവും വന്നിരിക്കയാൽ ദോധകവൃത്തം. "മൂന്നു ഭ രണ്ടു ഗ ദോധകവൃത്തം" എന്നു ലക്ഷണം

൧൨. ദീനത = ദൈന്യം. ആൎത്തിശാലീ = ദുഃഖത്തോടുകൂടിയവനായി. മെത്തീ ....................ദശായാം = വൎദ്ധിക്കുന്ന അസൂയാജ്വരത്താൽ പരവശതപൂണ്ടിരിക്കുമളവിൽ. അത്യന്തം = ഏററവും. പ്രേമശാലീ = പ്രേമത്തോടുകൂടിയ. സുബലനൃപ

സുതഃ= ശകുനി. ഭാഗിനേയം=മരുമകനോട്. ബഭാഷേ=പ
റഞ്ഞു. ചിത്താതങ്കം= മനോദുഃഖം. മനുജപതേ = രാജാവേ!
ദുര്യ്യോധനൻ ഇങ്ങനെ പറഞ്ഞ് അസൂയാജ്വരം വർദ്ധിച്ച് പരവ
ശനായിരിക്കുമ്പോൾ ശകുനി അതിസ്നേഹത്തോടുകൂടി തന്റെ
മരുമകനോട് പറഞ്ഞു:—അല്ലയോ രാജാവേ! മനസ്സിൽ ദുഃഖ
മുള്ളത് കളയുക. വൃത്തം സ്രഗ്ദ്ധര.

൧൩. അവുതി പെട്ടത്തീടിനാൽ=നശിപ്പിച്ചാൽ. എന്തു
കാര്യ്യം=എന്തുഫലം? നേർകോണ്ട്=സത്യംകൊണ്ട്. നേരെ = ഋ
ജുവായിട്ട്. ജനാനാം. ജനങ്ങൾക്ക്. വല്ലാതെ വ്യസനിച്ച് ശ
രീരം ഇല്ലാതാക്കീട്ട് ഫലമെന്ത്? നമുക്കിപ്പോൾ എന്താണ് ന
ല്ലതെന്നാണ് ആലോചിക്കേണ്ടത്. എല്ലാ കാര്യ്യവും നേരുകൊണ്ടു
തന്നെ സാധിച്ചുകൂട. പോരുന്ന ജനങ്ങളോട് പടകൊണ്ട് ജയി
ക്കുവാൻ സാധിക്കയില്ല. വൃത്തം സ്രഗ്ദ്ധര.

൧൪. സാധിക്കായ്കിൽ=സാധിക്കാമെങ്കിൽ. നല്ലൊന്ന്=
നല്ലതായ ഒന്ന്. ഇതിൽക്കാൾ = ഇതിനേക്കാൾ ആധിക്ഷീ
ണത= ആധികൊണ്ടുള്ള ചടപ്പ്. നിതരാം= ഏററവും. പോർ
വടിവിൽ= പോരിലെന്നപോലെ. ചതിച്ചുപൊരുവാൻ= ച
തിച്ചുപൊരുതുവാൻ. മുമ്പ്= സാമർത്ഥ്യം. അസൌ= ഇവൻ.
മുഹുഃ = വീണ്ടും വീണ്ടും. ദേവനേ=ചൂതുകളിയിൽ. സാധിക്കു
മെങ്കിൽ ഞാനൊരുപായം പറയാം. നമ്മുടെ ആധി തീരു
വാൻ ഇതിലും നന്നായിട്ട് മറെറാന്നില്ല. ചൂതിൽ ചതിച്ചു
തോല്പിക്കുവാൻ എനിക്ക് സാമർത്ഥ്യമുണ്ട്. യുധിഷ്ഠിരൻ ചൂ
തിൽ ഭ്രാന്തനാണ്. അവൻ കളിച്ചാൽ നിശ്ചയമായും തോ
ല്ക്കും. പന്ത്രണ്ടിൽ യതിയും മ. സ. ജ. സ. ത. ത. ഗണങ്ങളും
അന്ത്യഗുരുവും വരികയാൽ വൃത്തം ശാർദ്ദൂലവിക്രീഡിതം ‚പ
ന്ത്രണ്ടാൽ മസജം സതം ത ഗുരുവും ശാർദ്ദൂലവിക്രീഡിതം" എ
ന്ന് ലക്ഷണം.

൱൮. ദ്യൂത............പറഞ്ഞ = ദ്യൂതമൂലം ജയം വരുമെന്നു പറഞ്ഞ. തന്മാതുലം=തന്റെ അമ്മാമനോട്. പുനരുവാച= പിന്നെ പറഞ്ഞു. ഭൂപതിഃ= രാജാവ്. താതമനോട്= അച്ഛനോട്. സാധിയാ=സാധിക്കയില്ല. നിയതം= നിശ്ചയമായും. ദ്യൂതമൂലം ജയം ലഭിക്കുമെന്ന് പറഞ്ഞ അമ്മാമനോട്, രാജാവ് ആ വിവരം അമ്മാമൻതന്നെ അച്ഛനോട് പറയണമെന്ന് പറഞ്ഞു. ര. ന. ര. ഗണങ്ങളും ഒരു ലഘുവും ഒരു ഗുരുവും വരികയാൽ വൃത്തം രഥോദ്ധത. "രം നരം ല ഗുരുവും രഥോദ്ധതാ" എന്ന് ലക്ഷണം.

൱൯. ഇരുവരും= ദുര്യോധനനും ശകുനിയും. തപരമരണചിത്തൌ = ബദ്ധപ്പെടുന്ന മനസ്സോടുകൂടിയവരായി. ഗത്വാ പോയിട്ട്. ആംബികേയഭവനം = ധൃതരാഷ്ട്രഗൃഹം. പ്രതിബോദ്ധ്യ = ഉണൎത്തിയിട്ട്. പ്രത്യംഗം = അംഗങ്ങൾതോറും. കരേണ = കൈകൊണ്ട്. ഹൃഷ്ടം= ഹൎഷിച്ചവനായ (ധൃതരാഷ്ട്രവിശേഷണം). ദൃപ്തഃ= ഗൎവ്വിതനായ. ജഗാദ=പറഞ്ഞു. ശകുനിഃ= ശകുനി. ധൃതരാഷ്ട്രമേനം= ഈ ധൃതരാഷ്ട്രനോട്. ഇങ്ങനെ പറഞ്ഞു ദുര്യോധനനും ശകുനിയും ബദ്ധപ്പെട്ട് ധൃതരാഷ്ട്രരുടെ ഗൃഹത്തിൽ ചെന്നു. വന്ന വിവരം ശകുനി അംഗം തലോടിക്കൊണ്ട് ധൃതരാഷ്ട്രരോട് പറഞ്ഞു. വൃത്തം വസന്തതിലകം.

൱൰. ധരണീപതേ=രാജാവേ! തവ സുതഃ=അങ്ങയുടെ പുത്രനായ. ദുര്യോധനോയം=ഈ ദുര്യോധനൻ. ശുചാ=ശോകത്താൽ. ദീൎഘം=ദീൎഘമാകുംവണ്ണം (ക്രി. വി.) വിശ്വസ്യ=വീൎപ്പിട്ട്. ദീനതകലൻ=ദൈന്യംപൂണ്ട്. ആപന്നനായി=ആൎത്തനായി. ജാതാ=ഉണ്ടായി. അന്ധതാ= അന്ധത്വം. ഹേ രാജാവേ! അങ്ങയുടെ പുത്രനായ ഈ ദുര്യോധനൻ ശോകത്താൽ നെടുവീൎപ്പിട്ടു മെലിഞ്ഞു പരവശനായിരിക്കുന്നു. ഇതിനെന്താണു ചെയ്യേണ്ടതെന്ന് ആൎക്കും ഓൎക്കേണ്ടതില്ല (ആരും ഓൎക്കുവാനി

ല്ലാ. അച്ഛനായ അങ്ങയ്ക്കു കണ്ണുകാണാതെ വന്നതു വലിയ ഭാഗ്യക്ഷയംതന്നെ. വൃത്തം ശാൎദ്ദൂലവിക്രീഡിതം

൧൯. ആശംസയാശംസയ=ആശംസിപ്പിക്കു ആശംസിപ്പിക്കു. പുത്രമേനം=ഈ പുത്രനെ. വാൎദ്ധോന്ന്=വൎദ്ധിച്ചതാണ്. ആത്മനി=മനസ്സിൽ. ഖേദഭാരം=ദുഃഖഭാരം. ന ഇച്ഛതി=ഇച്ഛിക്കുന്നില്ല. അസൌ=ഇവൻ. ഭോജനം=ഭോജനത്തെ. അത്യുദാരം=ഏറ്റവും ഉൽകൃഷ്ടമായ (ഭോജനവിശേഷണം). സ്വാച്ഛന്ദ്യം=സുഖത്തെ. ആപാദയ=ഉണ്ടാക്കിയാലും. തനൂജേ=പുത്രനിൽ. അങ്ങയുടെ ഈ പുത്രനെ ആശംസിപ്പിക്കു ആശംസിപ്പിക്കു. ഇവന്നു മനസ്സിലുള്ള ഖേദം വല്ലാതെ വൎദ്ധിച്ചിരിക്കുന്നു. ഭോജനത്തിൽപോലും ഇവന്നിച്ഛയില്ല. അങ്ങുതന്നെ പുത്രനിൽ സുഖത്തെ ഉണ്ടാക്കുക. ത. ത. ജ. ഗണങ്ങളും രണ്ടു ഗുരുവും വരികയാൽ വൃത്തം ഇന്ദ്രവജ്ര "കേളിന്ദ്രവജ്രയ്ക്കു തതം ജഗംഗം" എന്നു ലക്ഷണം.

൨൦. സ്യാലവാചം=സ്യാലന്റെ (ഭാൎയ്യാസഹോദരന്റെ) വാക്കിനെ. ഉപകൎണ്യ=കേട്ടിട്ട്. തൽക്ഷണേ=തത്സമയത്ത്. ലോലധീഃ ഇളകിയ ബുദ്ധിയോടുകൂടിയവനായിട്ട്. സുതം=പുത്രനോട്. ഉവാച=പറഞ്ഞു. ഭൂപതിഃ=രാജാവ്. ബാല=ഉണ്ണീ. കിന്നുഖലു=എന്താണ്. തവ=നിന്റെ. ചിത്ത....മൂലം=മനോവേദനയുടെ കാരണം. ഏതദഖിലം=ഇതെല്ലാം. വദ=പറയൂ. ആശു=വേഗത്തിൽ. മേ=എനിക്ക്. സ്യാലന്റെ വാക്കു കേട്ടു മനസ്സിളകി രാജാവു പുത്രനോടുപറഞ്ഞു:—ഉണ്ണീ! എന്താണ് നിന്റെ മനോവേദനയ്ക്കു കാരണം? എല്ലാം പറയൂ. വൃത്തം രഥോദ്ധത.

൨൧. അയി=എടോ. തവജനനീ=നിന്റെ അമ്മ. മേളിപ്പാൻ=ചേൎക്കുവാൻ. വാഞ്ഛിതാപ്ത്യൈ=ഇഷ്ടപ്രാപ്തിക്കു. നവ....മിതാഃ=തൊണ്ണൂറ്റൊമ്പതുപേർ. ഭ്രാതരഃ=അനുജന്മാർ.

സന്തി=ഉണ്ട്. വീരാഃ=വീരന്മാരായ. അഗ്രജസ്തേ=നിന്റെ
ജ്യേഷ്ഠൻ. നിഖി........നാഥൻ=ഭൂമിക്കുമുഴുവൻ നാഥൻ. ധമ്മ
ജന്മാ=ധമ്മപുത്രൻ ഖിദ്യസേ കിം=എന്തിനാണ് നീ ഖേദി
ക്കുന്നതു്. ലാളിപ്പാൻ ഞാനും, ഇഷ്ടങ്ങളെ നൽകുവാൻ അമ്മ
യും, വിചാരിച്ച കായ്യങ്ങൾ സാധിപ്പിക്കുവാൻ തൊണ്ണൂററൊ
ന്പതനുജന്മാരും, രക്ഷിപ്പാൻ ചക്രവത്തിയായ ജ്യേഷ്ഠൻ ധമ്മപു
ത്രനുമുള്ളപ്പോൾ നീയെന്തിനു വ്യസനിക്കുന്നു? വൃത്തം സ്രഗ്ധര.

ഗദ്യം ൭:— ഇത്ഥം=ഇങ്ങനെ. മെത്തിന...........ഹൃദ
യേ=വദ്ധിച്ച കരുണോദയത്താൽ കബളിതമായഹൃദയത്തോടുകൂ
ടിയ. കഥയതി (സതി)=പറയുന്നസമയത്ത്. താതേ=അച്ഛൻ.
ദുയ്യശസാംപുനഃ=ദുഷ്കീത്തികൾക്കാകട്ടെ. ആദിമഹേതുഃ=ആ
ദ്യകാരണമായ. വാചം=വാക്കിനെ. അവാദീൽ=പറഞ്ഞു.
വിദുര......ഷികാം=വിദുരൻ തുടങ്ങിയുള്ള വിരോധികൾ. അ
ഗതികാം=ഗതിയില്ലാത്തവർ. അവഗതി=അറിവ്. ചേതസി=
മനസ്സിൽ. പാണ്ഡുസുതാനാം=പാണ്ഡവന്മാരുടെ. ചണ്ഡത=
കോപശീലത്വം. നിജ....ഭാവം=തങ്ങൾ പണ്ഡിതന്മാരാണെ
ന്ന നാട്യം. ഉന്നതിവായ്പ്=ഔന്നത്യത്തിന്റെ വലുപ്പം. ദുന്നയം=
അപനയം. ദുബ്ബോധങ്ങൾ=ദുവ്വിചാരങ്ങൾ. താതൻമുമ്പിൽ=
അച്ഛന്റെ മുമ്പിൽ. പ്രവണത=താഴ്മ. നടിയായുന്നതു=നടി
ക്കാത്തത്. കൈതവരീതികൾ=കപടത്തിന്റെ സമ്പ്രദായ
ങ്ങൾ. തേഷാം=അവരുടെ. പ്രേമം=സ്നേഹം. ഭ്രാതൃസ്നേഹം=
സോദരസ്നേഹം. മോഹം=ഭ്രമം. ഹൃദയേ=മനസ്സിൽ. ഹാ
ഹാ= കഷ്ടം കഷ്ടം. ജനക = പിതാവേ! ശാത്രവൻ = ശത്രു.
വിചാരേ= വിചാരത്തിൽ. പിതൃവ്യകളത്രേ=പിതൃവ്യന്റെ ഭാ
യ്യയിൽ, കുലടാതനയാൻ = വേശ്യാപുത്രന്മാരായ. കുടിലാൻ=
വക്രസ്വഭാവന്മാരായ, കുമതീൻ = ദുർബ്ബുദ്ധികളെ. അസ്മദ്രാ
ജ്യേ= നമ്മുടെ രാജ്യത്ത്. നിതാന്തം= ഏററവും. ക്ഷോണീഭാ
ഗം= ഭൂഭാഗം. അഖിലം = എല്ലാം. അവക്കാസ്സന്നുതല്ലോ = അ

വക്കായി വന്നുവല്ലോ. ഈദൃശരീതികൾ = ഇത്തരം സമ്പ്രദായങ്ങൾ. അനുജ്ഞ= അനുവാദം. ഇങ്ങനെ ദയയോടുകൂടി അച്ഛൻ പറഞ്ഞപ്പോൾ ദുഷ്കീർത്തികൾക്ക് ആദികാരണമായ ദുര്യോധനൻ പറഞ്ഞു:— അച്ഛന്ന് ഒന്നും കാണാൻ വയ്യായ്കയാൽ ഒന്നിലും ഒരു ഖേദവുമില്ല. എന്നുതന്നെയല്ല വിദുരാദികളായ വിരോധികൾ പറയുന്നതു കേട്ടു പാണ്ഡവന്മാർ അഗതികളാണെന്നു ധരിച്ചും വശായിരിക്കുന്നു. എന്നാൽ, പാണ്ഡവന്മാരുടെ വമ്പും മററും, അറിയുന്നവർക്കേ അറിവാൻ കഴികയുള്ളു. അച്ഛന്റെ മുമ്പിൽ അവർ നടിക്കുന്ന വിനയം കണ്ടിട്ടു അവരിൽ പ്രേമം തോന്നുകയാൽ അവർക്കു ഞങ്ങളിൽ സോദരസ്നേഹമുണ്ടെന്നു ഇവിടുന്നു മാറി അന്ധാളിച്ചിരിക്കുന്നു; ആലോചിച്ചുനോക്കുമ്പോൾ ഭവാൻ തന്നെയാണെനിക്കു ശത്രു. കലടാപുത്രന്മാരായ അവരെ നാട്ടിൽ കൊണ്ടുവന്നു വളർത്തി ബലം വയ്പിച്ചു രാജ്യം ഭാഗിച്ചു കൊടുത്തതു മററാരാണ്? ഇപ്പോൾ സൈന്യവും ധനവുമൊക്കെ അവർക്കധീനമായി. ഇനിയും ഈവകയെല്ലാം കണ്ടിരിക്കാതെ വല്ലദിക്കിലും പോയി വീണു മരിപ്പാൻ അച്ഛൻ എനിക്കനുവാദം തരണം.

൮൫. സ്ഫടി.........തായാം=സ്ഫടികക്കല്ലുകൊണ്ടുണ്ടാക്കിയ. സഭായാം=സഭയിൽ. സ്ഥലജലഭിദ=സ്ഥലജലങ്ങളുടെ ഭേദം. തോയേ=ജലത്തിൽ. ഇതം=ഹസിതം. ചാരു=ഭംഗിയോടുകൂടുംവണ്ണം (ക്രി. വി.) ബത=കഷ്ടം. കാളകൂടായതേ=കാളകൂടവിഷംപോലെ ആചരിക്കുന്നു. ഒരു ദിവസം സ്ഫടികസഭയിൽ സ്ഥലജലങ്ങൾ തിരിച്ചറിയായ്കയാൽ ഞാൻ വെള്ളത്തിൽ വീണു. അതു കണ്ടു പാഞ്ചാലിയും ഭീമനും കൈകൊട്ടിച്ചിരിച്ചതു കാളകൂടവിഷംപോലെ എന്നെ ദഹിപ്പിക്കുന്നു. സ്രഗ്ദ്ധരാവൃത്തം.

൮൮. ധമ്മരാജൻ=ധമ്മപുത്രൻ. നിഷേധിച്ച്=വിലക്കി

ട്ട്. സന്താപഭാവം=ദുഃഖഭാവം. മേളിച്ച്=കലന്ന്. വസ്ത്രദ്വയം=രണ്ടു വസ്ത്രങ്ങൾ. ആനീയ=കൊണ്ടുവന്ന്. അതിൽക്കാൾ=അതിനേക്കാൾ. ആ സമയത്തു ധൎമ്മപുത്രൻ അവരെ വിലക്കി വ്യസനം നടിച്ചു രണ്ടു വസ്ത്രം കൊണ്ടുവന്ന് എനിക്കു തന്നു. ആ അവമാനം എനിക്കു സഹിപ്പാൻ വയ്യ. പരിഹാസം സഹിക്കുന്നതു അതിലും ഭേദമായിരുന്നു. വൃത്തം സ്രഗ്ദ്ധര.

൧൮. സ്ഫാടികഭിത്തി=സ്ഫടികനിൎമ്മിതമായ ഭിത്തി. ദ്വാരഭ്രമാൽ=വാതിലാണെന്ന ഭ്രമത്താൽ. മസ്തകേ-തലയിൽ. വിവ............ന്തരേ-പരവശനായി നിൽക്കുന്ന അവസ്ഥയിൽ. നിഭൃതം=ഗൂഢമായി. ലലാടേ-നെററിയിൽ. വൈരികൾ-ശത്രുക്കൾ. പിന്നെ ഒരുദിവസം ഞാൻ സ്ഫടികഭിത്തി കണ്ടു വാതിലാണെന്നു ഭ്രമിച്ചു നെററിയിൽ ഭിണ്ണെന്നു മുട്ടി പരവശനായി നിൽക്കുമ്പോൾ എന്റെ ശത്രുക്കൾ തമ്മിൽത്തമ്മിൽ നോക്കിച്ചിരിച്ച് എന്റെ നെററിയിൽ തലോടി. ഈ അപമാനം സഹിച്ചിട്ടും ഞാൻ ജീവിച്ചിരിക്കണമോ? വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൧൯. പുത്രോദിതം=പുത്രന്റെ വാക്ക്. കുരുനൃപതി=ധൃതരാഷ്ട്രൻ. വാചം=വാക്കിനെ. ഊചേ=പറഞ്ഞു. വത്സ=ഉണ്ണീ! പാണ്ഡവാനാം=പാണ്ഡവന്മാൎക്ക്. അധികസുകൃതിനാം=അധികം സുകൃതമുള്ള (പാണ്ഡവവിശേഷണം). പീഡ=ദുഃഖം. തേഷാം=അവൎക്ക്. ത്രിഭുവനപെരുമാൾ=ത്രൈലോക്യനാഥൻ, വാസുദേവൻ=ശ്രീകൃഷ്ണൻ. വിശേഷാൽ=വിശേഷിച്ച്. ത്വജ്യേ............ൎവ്വസ്വം=നിന്റെ ജ്യേഷ്ഠസഹോദരന്റെ (യുധിഷ്ഠിരന്റെ) എല്ലാ ധനവും. ഖിദ്യസേ കിം=നീയെന്തിനു ഖേദിക്കുന്നു? പുത്രന്റെ വാക്കു കേട്ടു ധൃതരാഷ്ട്രൻ പറഞ്ഞു—ഉണ്ണീ! കേൾക്കൂ. പാണ്ഡവന്മാർ അധികം സുകൃതികളാണ്. അവരെ ഉപദ്രവിപ്പാൻ പ്രയാസമുണ്ട്. വിശേഷിച്ചും അവൎക്കു

ത്രൈലോക്യസ്വാമിയായ ശ്രീകൃഷ്ണൻ അത്യന്തബന്ധുവുമാണ്. നിന്റെ ജ്യേഷ്ഠന്റെ മുതലെല്ലാം നിനക്കല്ലേ? പിന്നെ എന്തിനു ഖേദിക്കുന്നു? വൃത്തം സ്രഗ്ദ്ധര.

൨൫. ഉവാച = പറഞ്ഞു. പിതരം=പിതാവിനോട്. ദുര്യോധനഃ=ദുര്യോധനൻ. സ്നിഗ്ദ്ധഃ = സ്നേഹമുള്ള. മേ=എനിക്ക്. മതിമാൻ=ബുദ്ധിമാനായ. വിധാസ്യതി=ഉണ്ടാക്കും. ജയം = ജയത്തെ. ദ്യൂതേന = ചൂതുകൊണ്ട്. കുന്തീഭുവാം = കുന്തീപുത്രന്മാരുടെ (ജയം എന്നതിനോടു യോജന) നിഖിലാൻ=എല്ലാവരേയും. ദുർദ്ദേവനെ =കള്ളച്ചൂതിൽ. ഉദ്യന്മോദം=ഉദിക്കുന്ന മോദത്തോടുകൂടി (ക്രി. വി). അനുജ്ഞ=അനുവാദം. താത=അച്ഛാ! ത്വയാദീയതാം=അങ്ങയാൽ നൽകപ്പെടണം. അതു കേട്ടപ്പോൾ ദുര്യോധനൻ പിതാവിനോടു പറഞ്ഞു—എന്നിൽ അതിസ്നേഹമുള്ളവനും ബുദ്ധിമാനുമായ അമ്മാമൻ ചൂതുകൊണ്ടു പാണ്ഡവന്മാരുടെ ജയം വരുത്തിത്തരും. അദ്ദേഹത്തിന്ന് ഏവരേയും കള്ളച്ചൂതിൽ തോല്പിക്കുവാൻ വിരുതുണ്ട്. അച്ഛൻ പ്രസാദിച്ച് അതിന്നനുവാദം തരണം. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൨൬. ദുർദ്യൂതം=കള്ളച്ചൂത്. ഉചിതം=യോഗ്യം. പൃഥ്വീഭുജാം=രാജാക്കന്മാൎക്ക്. തിരിച്ചുകൂടാ =അറിഞ്ഞുകൂട. അത്ര=ഇതിൽ. നിഖിലദൃക്-എല്ലാം കാണുന്നവനായ. ധിഷണോപമാനഃ=ബൃഹസ്പതിസമനായ. വേത്തി=അറിയുന്നു. സ്ഫുടം=സ്പഷ്ടം (ക്രി. വി). വിദുരഃ=വിദുരൻ. ഇതി=എന്ന്. അയം=ഈ. ആഹ (സ്മ)=പറഞ്ഞു. രാജാ=ധൃതരാഷ്ട്രൻ. കള്ളച്ചൂതു രാജാക്കന്മാൎക്കുചിതമോ അല്ലയോ എന്ന് എനിക്കറിവില്ല. അതു ബൃഹസ്പതിസമനായ വിദുരന്നറിയാം. എന്നു ധൃതരാഷ്ട്രൻ പറഞ്ഞു. വൃത്തം വസന്തതിലകം.

൨൭. ദുര്യോധനവചനം. വിദ്വിഷാം=ശത്രുക്കാൾക്ക്.

അഭിമതം=അഭീഷ്ടം. ഉദ്യമങ്ങാം=ഉത്സാഹങ്ങാം. നിണ്ണയം=നിശ്ചയം. അദ്യ=ഇന്ന്. മേ=എൻെറ. മരണമസ്തു=മരണം ഭവിക്കട്ടെ. ഹൃദ്യം=ഹൃദയത്തിന്നു പ്രിയമായതു്. തദീയഭാഷിതം=അദ്ദേഹത്തിൻെറ (വിദുരരുടെ) വാക്ക്. ശത്രുക്കാംക്കഭീഷ്ടസിദ്ധി വരുത്തുവാനാണു വിദുരരുടെ ഉത്സാഹങ്ങാം. അദ്ദേഹം പറഞ്ഞതേ അച്ഛനു ബോധിക്കയുമുള്ളൂ. ആകയാൽ ഇന്നെനിക്കു മരണം ഭവിച്ചുകൊള്ളട്ടേ. വൃത്തം രഥോദ്ധത.

വ്വ. ഉവാച=പറഞ്ഞു. കണ്ണഃ=കണ്ണൻ. തപനീയവണ്ണഃ=സ്വണ്ണവണ്ണനായ. പരാ............കരേ = പരന്മാർ (ശത്രുക്കാം) ആകുന്ന അക്ഷികണ്ണന്മാരുടെ (പാമ്പുകളുടെ) സമൂഹത്തിൽ. സുപണ്ണഃ=ഗരുഡനായ. രോഷേണ=രോഷംകൊണ്ടു. പൂണ്ണഃ=നിറഞ്ഞ. വസുധാവതീണ്ണഃ=ഭൂമിയിൽ ഇറങ്ങിവന്ന. സൂയ്യഃ=സൂയ്യൻ. പ്രകീണ്ണാംശുഃ=ചിന്നിച്ചിതറിയ രശ്മികളോടുകൂടിയ. ഇവ=എന്നപോലെ. അത്യുദീണ്ണഃ=ഏററവും ഉദ്ധിക്തനായ. സ്വണ്ണവണ്ണത്തോടുകൂടിയവനും, ശത്രുക്കളാകുന്ന സപ്പങ്ങളിൽ ഗരുഡനായിട്ടുള്ളവനുമായ കണ്ണൻ ക്രോധപൂണ്ണനായിട്ട് അംശുക്കളെ ചിന്നിച്ചുംകൊണ്ടു ഭൂമിയിലിറങ്ങിയ സൂയ്യനോ എന്നുതോന്നുമാറു ദീപ്രാകാരനായിട്ട് പറഞ്ഞു. ഉപജാതി വൃത്തം.

വൻ. കിം= എന്ത്. ദ്യൂതൈഃ = ചൂതുകളെക്കൊണ്ട്. ഇഹ= ഇവിടെ. മാമ........ ദ്യൂതഃ=എൻെറ യുദ്ധമാകുന്ന ചൂത്. സമാരഭ്യതാം= ആരംഭിക്കപ്പെടട്ടേ. അക്ഷാഃ= അക്ഷങ്ങാം (കരുക്കാം). മേ= എനിക്ക്. വിശിഖാഃ= ശരങ്ങളാണ്. രണം= യുദ്ധത്തെ വിദധതഃ= ചെയ്യുന്ന (മേ എന്നതിൻെറ വിശേഷണം). പ്രാണാഃ= പ്രാണങ്ങാം (ജീവൻ) പണാഃ സന്തു= പണങ്ങാം (പന്തയങ്ങാം) ആയ് ഭവിക്കട്ടെ. അത്ര= ഇതിൽ, അഫൽഗു.............. ഭേകഃ= അഫൽഗുവും (നിസ്സാരമല്ലാത്തതും) നവൽഗുവും (മനോഹരമല്ലാത്തതും) ആയ ഫൽഗുനൻെറ

ദർപ്പാതിരേകം. പരം= മാത്രം. ഛിദ്യതേ = നഷ്ടമായ് ഭവിക്കുന്നു. ത്വൽപക്ഷം = അങ്ങയുടെ പക്ഷത്തെ. നൃപ= രാജാവേ! യാതി= പ്രാപിക്കുന്നു. പാണ്ഡവധനം= പാണ്ഡവന്മാരുടെ ധനം. താവൽ= അതുവരെ. ഭവേൽ= ഭവിക്കും. വിക്രമഃ= പരാക്രമം. ചൂതുകളെക്കൊണ്ടെന്തുഫലം? എന്റെ യുദ്ധമാകുന്ന ചൂത് ആരംഭിക്കട്ടെ. അതിന്ന് കരുക്കൾ യുദ്ധംചെയ്യുന്ന എന്റെ അസ്ത്രങ്ങളും, പന്തയങ്ങൾ എന്റെ പ്രാണനും ആയിരിക്കട്ടെ. ഈ യുദ്ധദ്യൂതത്തിൽ നിസ്സാരമല്ലാത്തതും മനോഹരമല്ലാത്തതുമായ അർജ്ജുനന്റെ മദാതിശയം മാത്രമേ കളിയിൽ നഷ്ടമായ് ഭവിക്കയുള്ളു. ഹേ! രാജാവേ! ഇതു ചെയ്താൽ പാണ്ഡവന്മാരുടെ ധനം അങ്ങയുടെ പക്ഷത്തിൽ വരും. അതുവരെ എന്റെ വിക്രമം ഉണ്ടാകും. രൂപകാലങ്കാരം. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൦. ഭിന്ദന്തു= ഭേദിക്കട്ടെ. അദ്യൈവ= ഇന്നുതന്നെ സദ്യഃ= വേഗത്തിൽ. പ്രതി............ കുംഭാൻ= പ്രതിഭടപടലിയിലെ (എതിർ സേനാനിരയിലെ) ഗജങ്ങളുടെ മസ്തകങ്ങളെ. വിപാഠാഃ= വിപാഠങ്ങൾ= (വലിയ ശരങ്ങൾ) പ്രൌഢാഃ= പ്രൌഢങ്ങളായ (വിപാഠവിശേഷണം). ഘോട ........ പുടം= ഘോടകാളിയുടെ (അശ്വസമൂഹത്തിന്റെ) ഉദരദേശത്തെ. അമീ= ഇവ (വിപാഠങ്ങൾ). പാടവാൽ= സാമർത്ഥ്യത്തോടേ. പാടയന്തു= പാടനം ചെയ്യട്ടെ (കീറട്ടെ.) ഭൈമം= ഭീമനെസ്സംബന്ധിച്ച (തുന്ദവിശേഷണം). തുന്ദം=കുടവയറിനെ. കലയതു=അറിയട്ടെ. കോദ............പ്രാചണ്ഡ്യം=കോദണ്ഡദണ്ഡപ്രകാണ്ഡത്തിന്റെ (ശ്രേഷ്ഠമായ വില്ലിന്റെ) ഉഗ്രതയെ. ഗാണ്ഡീവീ=ഗാണ്ഡീവചാപധാരിയായ. ഖാണ്ഡ...... ണ്ഡലഃ= ഖാണ്ഡവദഹനത്തിൽ ആഖണ്ഡലനെ (ഇന്ദ്രനെ) ജയിച്ച. പാണ്ഡവോസൌ=ഈ പാണ്ഡവൻ. (അർജ്ജുനൻ). എന്റെ പ്രൌ

ഢങ്ങളായ വിപാഠബാണങ്ങാം ശത്രുസേനയിലെ ആനകളുടെ മസ്തകങ്ങളെ പിളക്കട്ടെ; കുതിരക്കൂട്ടത്തിന്റെ വയറുകളെ തുള ച്ചുകീറട്ടെ; ഭീമസേനന്റെ പെരുവയറിനെ ഭേദിക്കയും ചെ യ്യട്ടെ. ഖാണ്ഡവദഹനത്തിൽ ദേവേന്ദ്രനെ ജയിച്ച ഗാണ്ഡീവ ധന്വാവായ അജ്ജുനൻ എന്റെ വില്ലിന്റെ ഉഗ്രതയെ അറി യട്ടെ. വൃത്തം സ്രഗ്ദ്ധര.

൩൭. സ്രസ്താ.... ഗാണി=സ്രസ്തങ്ങളായ (പുറത്തുപോന്ന) ആന്ത്രങ്ങാം (കുടൽമാലകാം) ആകുന്ന തന്ത്രങ്ങളോടു (അലങ്കാര വിശേഷങ്ങളോട്) കൂടിയ കുതിരകളോടു കൂടിയ; കൃപാ........ കരീണി=കൃപാണാഘാതങ്ങാം (ഖഡ്ഗപ്രഹാരങ്ങാം) കൊണ്ടു ഘൂണ്ണനം ചെയ്യുന്ന (വട്ടംചുററുന്ന) ആനകളോടുകൂടിയ; അന.... ....താനി=അനണക്കാം (അനല്പങ്ങാം) ആയ പൂതനങ്ങളുടെ (പി ശാചങ്ങളുടെ) ഫൂൽകാരങ്ങളോടുകൂടിയ; ധാവൽ............രാ ണി=ധാവനം ചെയ്യുന്ന (ഓടുന്ന) കബന്ധങ്ങളുടെ (ശിരസ്സററി ട്ടും ചേഷ്ട വേറിടാത്ത ദേഹങ്ങളുടെ) കടുതാണ്ഡവങ്ങാം (ഉഗ്ര നൃത്തങ്ങാം) കൊണ്ടു ഭയങ്കരങ്ങളായ (എല്ലാം രണവിശേഷണം). കുവ്വേ=ഞാൻ ചെയ്യുന്നുണ്ട്. രണാനി=യുദ്ധങ്ങളെ. രിപു........ര ണാനി=ശത്രുസമൂഹത്തിന്നു മരണത്തെച്ചെയ്യുന്ന. കുതിരകളുടെ കുടൽമാലകാം പുറത്തുചാടി അവതന്നെ അവയ്ക്കാഭരണമായി ത്തീന്നിട്ടുള്ളവയും, ഖഡ്ഗാഘാതങ്ങളേററു ഗജങ്ങാം വട്ടം ചുററു ന്നവയും, പൂതനങ്ങളെന്ന പിശാചങ്ങാം വലിയ ഫൂൽക്കാരം മുഴക്കുന്നവയും, തലയററിട്ടും ചേഷ്ടശമിക്കാതെ തുള്ളിച്ചാടി ഓ ടിനടക്കുന്ന കബന്ധങ്ങളോടുകൂടിയവയും, ശത്രുസമൂഹത്തിന്നു മര ണകരങ്ങളുമായ യുദ്ധങ്ങാം ഞാൻ ചെയ്യുന്നുണ്ട്. വൃത്തം വസന്ത തിലകം.

൩൮. ശൂരാഃ=ശൂരന്മാർ. തൽ=അതുകൊണ്ട്, അദ്യ=ഇ ന്ന്. രചയന്തു=ചെയ്യട്ടെ. സമം=കൂടെ. ബലൌഘൈഃ=സൈ

ന്യസമൂഹങ്ങളോട്ട. ദുശ്ശാ.....ദയഃ=ദുശ്ശാസനൻ തുടങ്ങിയുള്ള. ഇമേ= ഈ. സമരായ=യുദ്ധത്തിന്നായിക്കൊണ്ട്. യത്നം =പ്രയത്നത്തെ. ശാതൈഃ=നിശിതങ്ങളായ. ശരൈഃ=ശരങ്ങളെക്കൊണ്ട്. അസുഹൃദഃ=ശത്രുക്കളെ. യുധി=യുദ്ധത്തിൽ. ശായയിഷ്യേ=ഞാൻ കിടത്തുന്നുണ്ട്. തേഷാം=അവരുടെ. ഉത=അല്ലെങ്കിൽ. ആയു..............വപുഃ=ആയുധങ്ങളാൽ പിളൎക്കപ്പെട്ട ദേഹത്തോട്ടകൂടിയവനായിട്ട്. ശയിഷ്യേ=ഞാൻ കിടക്കുന്നുണ്ട്. അതിനാൽ ദുശ്ശാസനാദികളായ ശൂരന്മാർ യുദ്ധത്തിന്നുത്സാഹിക്കട്ടെ. ഞാൻ ഒന്നുകിൽ ശരങ്ങളെക്കൊണ്ടു ശത്രുക്കളെ നിലം പതിപ്പിക്കാം; അല്ലാത്തപക്ഷം അവരുടെ ആയുധങ്ങളേറ്റു നിലം പതിക്കാം. വൃത്തം വസന്തതിലകം.

൩൩. സംരംഭിണം=കോപത്തോട്ട കൂടിയ. കണ്ണം=കണ്ണനെ. വാചാ=വാക്കുകൊണ്ട്. വീരം=വീരനെ. പരിഷജ്യ= ആലിംഗനം ചെയ്തിട്ട്. സുയോധനോസൌ=ഈ ദുൎയ്യോധനൻ. ഭൂയോപി=പിന്നെയും. താതം=അച്ഛനോട്. നിജ.......വൈപ്ത്യ്രേ=തന്റെ അഭീഷ്ടസിദ്ധിക്കായ്ക്കൊണ്ട്. പാരിച്ച=വൎദ്ധിച്ച നിൎബ്ബന്ധഗിരം=നിൎബ്ബന്ധവാക്കിനെ. മേൽപ്രകാരം കോപത്തോട്ടകൂടിപ്പറയുന്ന കണ്ണനെ നല്ലവാക്കുകൊണ്ടൊതുക്കി ദുൎയ്യോധനൻ സ്വാഭീഷ്ടസിദ്ധിക്കുവേണ്ടി വീണ്ടും അച്ഛനെ നിൎബ്ബന്ധിച്ചു. ഇന്ദ്രവജ്രാവൃത്തം.

൩൪. തദാ = അപ്പോൾ, നയജ്ഞേന=നീതിജ്ഞനായ. നൃപേണ=രാജാവിനാൽ വേഗാൽ=വേഗത്തിൽ, ആനീയ=വരുത്തീട്ട്. പൃഷ്ടഃ=ചോദിക്കപ്പെട്ട (വിദുരവിശേഷണം) ശകുനേഃ= ശകുനിയുടെ. കുദൃഷ്ടിം=കുത്സിതദൎശനത്തെ (കള്ളക്കാഴ്ചയെ) ഉവാച=പറഞ്ഞു. ധീമാൻ=ബുദ്ധിമാനായ. വിദുരഃ=വിദുരൻ. വിനീത്യാ=വിനയത്തോട്ടകൂടി. മഹീപതിം തം=ആ രാജാവിനോട്. മഹിതഃ=പൂജിതനായ. ഹിതൈഷീ=ഹിത

ത്തെ ഇച്ഛിക്കുന്നവനായ (വിദുരവിശേഷണം). നീതിജ്ഞനായ രാജാവ് വിദുരരെ വരുത്തി ശകുനിയുടെ കുത്സിതദൃഷ്ടിയെക്കുറിച്ചു ചോദിച്ചപ്പോഠം ബുദ്ധിമാനും മാനിതനും ഹിതൈഷിയുമായ അദ്ദേഹം വിനയത്തോടുകൂടി പറഞ്ഞു. വൃത്തം ഉപജാതി

൩൫. സഃ= അവൻ. കിംസഖാ= കുത്സിതനായ സഖി (സുഹൃത്ത്) ആണ്. സാധു= ഹിതത്തെ. നശാസ്തി= ശാസിക്കുന്നില്ല (ഉപദേശിക്കുന്നില്ല). യഃ= യാവനൊരുത്തൻ. അധിപം= സ്വാമിയെ. ഹിതാൽ = ഹിതനായ ആളിൽനിന്ന്. നയഃ സംശൃണുതേ= യാതൊരുവൻ ശ്രവിക്കുന്നില്ല. സഃ=അവൻ. കിംപ്രഭുഃ= കുത്സിതനായ പ്രഭുവാണ്. സദാ= എല്ലായ്പോഴും. അനുകൂലേഷു(സൽസു)=അനുരക്തിന്മാരായിരിക്കും സമയത്ത്. കുർവ്വതേ= ചെയ്യുന്നു. രതിം= രതിയെ. നൃപേഷു അമാത്യേഷു ച= രാജാക്കന്മാരും മന്ത്രിമാരും (അനുകൂലേഷു എന്നതിനോടു യോജന). സർവ്വസമ്പദഃ= എല്ലാസമ്പത്തുകളും. ആർ ഹിതമായ കാര്യം സ്വാമിയെ ഉപദേശിക്കുന്നില്ലയോ ആ സുഹൃത്തു നിന്ദ്യനാണ്. ആർ ഹിതകാംക്ഷിയായ സുഹൃത്തു പറഞ്ഞതു കേഠംക്കുന്നില്ലയോ ആ സ്വാമിയും നിന്ദ്യനാണ്. രാജാക്കന്മാരും മന്ത്രിമാരും തമ്മിൽ അനുകൂലവൃത്തികളായിരിക്കും സമയത്തിങ്കൽ മാത്രമേ എല്ലാ സമ്പത്തുക്കളും ഉണ്ടാകയുള്ളൂ. ജ. ത. ജ. ര. ഗണങ്ങളാകയാൽ വൃത്തം വംശസ്ഥം. "ജതങ്ങഠം വംശസ്ഥമതാം ജരങ്ങളും" എന്നു ലക്ഷണം.

൩൬. ധരണീപതേ= രാജാവേ! മമഗിരം= എന്റെ വാക്കിനെ പത്ഥ്യാം= ഹിതയായ. അപത്യാനി തേ= അങ്ങയുടെ മക്കളാണ്. പാണ്ഡവാഃ അപി=പാണ്ഡവന്മാരും. ധ്രുവം= നിശ്ചയം. തേഷാം ജയേ=അവരുടെ ജയത്തിൽ. കിം ഫലം=എന്തുഫലം. നയമല്ല= നീതിയല്ല. ബാഹുജജന്മനാം=ക്ഷത്രിയക്ക്. ദുർദ്ദേവനച്ഛത്മം= കള്ളച്ചൂതാകുന്ന വ്യാജം. വിതഹേതു= ഹേതു

വില്ലാത്ത. അല്ലയോ രാജാവേ! ഞാൻ പറയുന്ന ഹിതവാക്ക് അങ്ങു കേൾക്കണം. ആലോചിച്ചു നോക്കുമ്പോൾ പാണ്ഡവന്മാരും അങ്ങയുടെ മക്കൾതന്നെയാണ്. അവരെ ജയിച്ചിട്ടെന്തു ഫലം? ക്ഷത്രിയക്ക് കള്ളച്ചൂതു കളിക്കുന്നതു നീതിയുമല്ല. ഇതൊരു ഭാഗ്യക്ഷയമാണ്. അകാരണമായ കലഹം ആരോടായാലും നന്നല്ല. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

ഗദ്യം വ:— അടവുകൾ = വിദ്യകൾ. പാണ്ഡുസുതാൻ പ്രതി= പാണ്ഡവന്മാരെക്കുറിച്ച്. ചെറിയന്ന്= ചെറുപ്പകാലത്ത്. ആദൌ=ആദിയിൽ. ബാലാനേതാൻ=ബാലന്മാരായ ഇവരെ. അപഗതശരണാൻ= ശരണമില്ലാത്ത, കരുണാവിഷയാൻ= ദയക്കു പാത്രീഭൂതന്മാരായ (ഏതാൻ എന്നതിൻെറ വിശേഷണം). ഉന്മൂലയിതും= മൂലത്തോടെ നശിപ്പിക്കുവാൻ. വ്യാപാരാന്തരം= മററു പ്രവൃത്തി. വഞ്ചനരീതികൾ= ചതിമട്ടുകൾ കിഞ്ചന= കുറെയൊന്നും. സുകൃതിഷു. സുകൃതികളായ (അവരിൽ എന്നതിനോട് യോജനം). വിദേശേ= അന്യദേശത്തിൽ. പാഞ്ചാലപുരേ= പാഞ്ചാലനഗരത്തിൽ. ബാഹുബലം= കയ്യൂക്ക്. ആഹൃതദാരാഃ= ഭാൎയ്യയെ ആഹരിച്ചവരായി. വീൎയ്യഗഭീരാഃ= വീൎയ്യംകൊണ്ടു ഗംഭീരന്മാരായിട്ടു. വിമുക്തവിരോധം= വിരോധം കൂടാതെ (ക്രി. വി.) ഹന്ത= കഷ്ടം. ഭവാൻ= അങ്ങ്. സഹജന്മാർ= സഹോദരന്മാർ. അഗ്രജവചസാ= ജ്യേഷ്ഠൻെറ വാക്കിനാൽ. ആയു.................രായ്= ആയുധം മാത്രം തുണയുള്ളവരായി. നിതാന്തം= ഏററവും. ഭുജബല..............................

വിവിധശ്ലാഘ്യേ= ഭുജബലംകൊണ്ടു ജയിക്കപ്പെട്ട സകലരാജാക്കന്മാരിൽനിന്നും ആഹരിക്കപ്പെട്ടവയും മേല്ത്തരങ്ങളും (വൎദ്ധിച്ചവ) ആയ ദിവ്യാദിവ്യ വിഭൂതികളുടെ വിലോകനംകൊണ്ടു വിസ്മയിപ്പിക്കപ്പെട്ട ജനസഞ്ചയങ്ങളാൽ ചെയ്യപ്പെട്ട നാനാശ്ലാഘകളോടുകൂടിയ, മോഘേല............ഖിനി= മോഘേലതരം (സഫലം)

ആകുംവണ്ണം ചെയ്യപ്പെട്ട ദാനംകൊണ്ടു വിമാനിതങ്ങളാം (തിരസ്കരിക്കപ്പെട്ടവ) ആയ കല്പകവൃക്ഷങ്ങളോടുകൂടിയ, മഹതി= മഹത്തായ, മഖാഗ്ര്യേ = ശ്രേഷ്ഠമായ യാഗം (രാജസൂയം), വിധിവൽ= വിധിപോലെ, അതീതേ (സതി) = കഴിഞ്ഞപ്പോൾ. സ്വാധീനേഷു = സ്വാധീനന്മാരായ. സുധീഷു=വിദ്വാന്മാരായ= (അവരിൽ എന്നതിന്റെ വിശേഷണം). സ്വേഷാം=സ്വകീയന്മാരായ. ഏഷാം=ഇവരുടെ. ആർജ്ജിതമായ=സമ്പാദിക്കപ്പെട്ട. ധനൌഘം= ധനസമൂഹം. രഹസി= വിജനത്തിൽ. കിം കിം ബഹുനാ= വളരെ പറയുന്നതുകൊണ്ടെന്ത്? തവ തനയന്മാർ= അങ്ങയുടെ മക്കൾ. പ്രേമം- സ്നേഹം. ഐക്യം= ഒരുമ. ഭവതാ= അങ്ങയാൽ. നാഥ= രാജാവേ! വിധേയം= ചെയ്യപ്പെടണം. ഇദാനീം= ഇപ്പോൾ. പാണ്ഡവന്മാരോടിങ്ങനെ കപടവിദ്യകൾ പ്രയോഗിപ്പാൻ തോന്നുന്നതു കഷ്ടമാണ്. കുട്ടിക്കാലത്തുതന്നെ ശരണമില്ലാതിരുന്ന അവരിൽ എന്തെന്തു ദുഷ്പ്രവൃത്തികൾ ചെയ്തില്ല? അവർ സുകൃതികളാകയാൽ ആ വഞ്ചനകൾ അവക്കു ഫലിച്ചില്ല. പിന്നെ അവർ നാടുവിട്ട് എവിടെയെല്ലാമോ സഞ്ചരിച്ച് പാഞ്ചാലപുരിയിൽ ചെന്നു ബാഹുബലം കൊണ്ടു ഭാര്യാപരിഗ്രഹം ചെയ്തു സുഖമായി വസിക്കുമ്പോൾ അവരെ ആളയച്ചു വരുത്തി നാടും നഗരവും കൊടുത്ത് ഒരുമ വരുത്തിയതു അങ്ങുന്നുതന്നെയല്ലേ? ഭ്രാതാക്കളായ അവർ നാലുപേരും ജ്യേഷ്ഠന്റെ കല്പനപ്രകാരം ആയുധം മാത്രം സഹായമായി ഓരോ ദിക്കിൽ ചെന്നു സർവ്വരാജാക്കന്മാരെയും ജയിച്ച് അവരിൽനിന്നു ദിവ്യങ്ങളും അദിവ്യങ്ങളുമായ വളരെ ധനങ്ങൾ കൊണ്ടുവന്നു ജനങ്ങളെ വിസ്മയിപ്പിച്ചു അവരാൽ ശ്ലാഘിക്കപ്പെട്ടതും നാനാദാനങ്ങളെക്കൊണ്ടു കല്പകവൃക്ഷങ്ങളുടെ അഭിമാനത്തെ അകറ്റുന്നതുമായ രാജസൂയയാഗം വിധിപോലെ നിർവ്വഹിച്ചതിനു ശേഷവും നാമെന്തിനാണ് നമുക്കധീനരായിത്തന്നെയിരിക്കുന്ന അവരിൽ ദ്രോഹം ചെയ്യുന്നത്? സ്വജനങ്ങളായ അവർ സ്വന്തം ബാഹുബലം കൊണ്ട് സമ്പാദിച്ച ധനസഞ്ചയം കണ്ടി

ട്ടു നാമെന്തിനു ഖേദിക്കുന്നു? ആ ധനം മുഴുവൻ നമുക്കു കിട്ടേണമെങ്കിൽ ധർമ്മപുത്രനോടു രഹസ്സിങ്കൽ ഒരു വാക്കു പറഞ്ഞാൽ തീർച്ചയായും തരും. ദ്യൂതം വെറുതെയാണ്. എന്തിനധികം? അങ്ങയുടെ പുത്രന്മാർ നൂററഞ്ചുപേരും തമ്മിൽ യോജിച്ച് സ്നേഹത്തോടെ കഴിഞ്ഞുകൂടുവാൻ തക്ക ഒരുപായമാണ് അങ്ങ് പ്രയോഗിക്കേണ്ടത്.

൯൧. പുത്രോപരി=പുത്രന്മാരുടെ മേൽ. സമുദിതമാം= ഉണ്ടായ. പ്രേമതഃവാ= പ്രേമം ഹേതുവായോ, പ്രഭാവം= അചിന്ത്യശക്തി. ശക്ത്യാ വിധേഃവാ= വിധിയുടെ ശക്തി ഹേതുവായോ. ഹിതവചനം= ഹിതവാക്കിനെ. അനാദൃത്യ= തിരസ്കരിച്ച്. സംക്രുദ്ധചേതാഃ= കോപിച്ച മനസ്സോടുകൂടിയവനായിട്ട്. കുന്തീ........വി= കുന്തീപുത്രന്മാർക്ക് പ്രിയനെങ്കിലും. ക്ഷിതിപതി= രാജാവ്. വിദുരം= വിദുരനെ. പ്രാഹിണോൽ= അയച്ചു. അഞ്ജസാ= വേഗത്തിൽ അപ്പാണ്ഡവാൻ= ആ പാണ്ഡവന്മാരെ. ആനയ= കൊണ്ടുവരിക. കനകസഭാം ദ്രഷ്ടും=കനകസഭയെ [ഈ സഭ പാണ്ഡവന്മാരെ കള്ളച്ചൂതുകൊണ്ടു കബളിപ്പിപ്പാൻവേണ്ടി ആയിരം തൂണുകളോടും നൂറു ദ്വാരങ്ങളോടും കൂടി അപ്പോൾ നിർമ്മിക്കപ്പെട്ടതാകുന്നു] കാണുവാൻ. വിദുരരിങ്ങനെ പറഞ്ഞപ്പോൾ ധൃതരാഷ്ട്രർ, പുത്രസ്നേഹത്താലോ ദൈവശക്തിയാലോ, ആ ഹിതോപദേശത്തെ തട്ടിനീക്കുകയാണുണ്ടായത്. അദ്ദേഹം പാണ്ഡവപ്രിയനെങ്കിലും വിദുരരെ "പാണ്ഡവന്മാരെ കനകസഭ കാണുവാൻ കൂട്ടിക്കൊണ്ടുവരിക" എന്നു കല്പിച്ചയച്ചു. വൃത്തം സ്രഗ്ദ്ധര.

൯൨. തദനു=പിന്നെ. വിദുരഃ ഏഷഃ= ഈ വിദുരൻ. ഖേദ=....................മുഖഃ= ദുഃഖഭാരത്താൽ മുഖം വാടിയവനായിട്ട്. സമുപേത്യ= പ്രാപിച്ചിട്ട്. പാണ്ഡുപുത്രാൻ= പാണ്ഡവന്മാരെ. കനക.......................നാർത്ഥം = സ്വർണ്ണമണിസഭ

യെ കാണുന്നതിന്നുവേണ്ടി. സപദി= വേഗത്തിൽ, സഹ=കൂടെ. ആനയതിസ്മ = കൂട്ടിക്കൊണ്ടുവന്നു. യാജ്ഞസേന്യാ- പാഞ്ചാലിയോട് (സഹ എന്നതിനോട് യോജന). വിദുരൻ ദുഃഖാതിരേകത്താൽ മുഖംവാടി പാണ്ഡവസമീപത്തു ചെന്ന് അവരെ പാഞ്ചാലിയോടുകൂടി കനകസഭകാണുവാൻ കൂട്ടിക്കൊണ്ടുവന്നു. വിഷമപാദങ്ങളിൽ ന. ന. ര. യ. ഗണങ്ങളും സമപാദങ്ങളിൽ ന. ജ. ജ. ര. ഗണങ്ങളും ഗുരുവും വരികയാൽ പുഷ്പിതാഗ്രാവൃത്തം. "നനരയ വിഷമത്തിലും സമത്തിൽ പുനരിഹജം ജജരംഗ പുഷ്പിതാഗ്രാ" എന്നു ലക്ഷണം.

൩൯. തേ=അവർ സൽകൃതാഃ = സൽക്കരിക്കപ്പെട്ടവരായിട്ട്. വസ..................ണാദ്യൈഃ=വസ്ത്രങ്ങൾ, ഭൂഷണങ്ങൾ, ഭോജനം എന്നിവകൊണ്ടു. ഭൂപേന=രാജാവിനാൽ. തത്ര=അവിടെ. തദഹഃ=ആ ദിവസത്തെ. സുഖമേവ=സുഖമാകുംവണ്ണംതന്നെ. നീത്വാ=കഴിച്ചിട്ട്. അന്യേദ്യുഃ=പിറേറന്നു. ആശു=വേഗം. രചി..................കൃത്യാഃ=സാന്ധ്യകൃതങ്ങളെല്ലാം ചെയ്തവരായിട്ട്. സഭാം=സഭയെ. പ്രവിവിശുഃ=പ്രവേശിച്ചു. കിതവൈഃ=കിതവന്മാരോടു (ധൂർത്തന്മാരോടു) സനാഥാം=കൂടിയതായ, പാണ്ഡവന്മാർ ധൃതരാഷ്ട്രനാൽ വസ്ത്രാഭരണാദിദാനംകൊണ്ടു സൽകൃതന്മാരായിട്ട് അന്നേദിവസം അവിടെ സുഖമായി വസിച്ചു. പിറേറദിവസം സന്ധ്യാവന്ദനം ചെയ്ത് അക്ഷധൂർത്തന്മാരോടുകൂടിയ സഭയിലേക്കു പ്രവേശിച്ചു. വൃത്തം വസന്തതിലകം.

൪൦. ആലോക്യ=നോക്കീട്ടു. ധർമ്മതനയം=ധർമ്മപുത്രനെ. ശകുനിഃ ജഗാദ = ശകുനി പറഞ്ഞു. ദ്യൂതം=ചൂതുകളിയെ. വയം=നമ്മൾ. നൃവര=രാജാവേ! സാമ്പ്രതം=ഇപ്പോൾ. ആചരാമഃ=ചെയ്യുക. സാമ്രാജ്യം=ചക്രവർത്തിസ്ഥാനത്തെ. ആ

സ്ഥിതവതാം=ആസ്ഥാനം ചെയ്ത. സുഖിനാം=സുഖവാന്മാരായ നൃപാണാം=രാജാക്കന്മാൎക്ക. ആചക്ഷതേതന്ന=പറയുന്നുണ്ടല്ലോ. വിനോദമിമം=ഈ വിനോദത്തെ. വിദ്വാംഃ=വിദ്വാന്മാർ. ധൎമ്മപുത്രനെ നോക്കി ശകുനി പറഞ്ഞു:—ഹേ രാജാവേ, നമുക്കിന്നു ചൂതുകളിക്കണം. ചക്രവൎത്തിസ്ഥാനത്തിരിക്കുന്ന സുഖപരന്മാരായ രാജാക്കന്മാൎക്കു ചൂതുകളി നല്ലൊരു വിനോദമാണെന്നു വിദ്വാന്മാർ പറയുന്നു. വൃത്തം വസന്തതിലകം.

൪൯. രാജാ=രാജാവ് (ധൎമ്മപുത്രൻ). തം=അവനോട. അഭ്യധിത=പറഞ്ഞു. മാതുല=അമ്മാമ! വൈരഹേതുഃ=വൈരത്തിന്നു കാരണമായ. കിം കീൎത്ത്യതേ=എന്തുകൊണ്ട പ്രശംസിക്കപ്പെടുന്നു. കിതവകൃത്യമിദം=ധൂൎത്തകൃത്യമായ ഇത് (ചൂതു്) ത്വയാ=അങ്ങയാൽ. ഏവം=ഈവണ്ണം. അസ്മാൻ=ഞങ്ങളെ. വിജേതും=ജയിപ്പാൻ. അഭിവാഞ്ഛസിവാകിം=അങ്ങ് ആഗ്രഹിക്കുന്നുവോ? അക്ഷൈഃ=ചൂതകരുക്കളെക്കൊണ്ട്. ശസ്ത്രം=ആയുധത്തെ. ഗൃഹാണ=ഗ്രഹിച്ചാലും. യുധി=യുദ്ധത്തിൽ വിക്രമിണാം=പരാക്രമികാംക്ക്. ഹി കീൎത്തിഃ=കീൎത്തിഭവിക്കുന്നുവല്ലോ. ധൎമ്മപുത്രൻ ശകുനിയോട പറഞ്ഞു:—വൈരകാരണവും ധൂൎത്തകൃത്യവുമായ ചൂതുകളിയെ ഇങ്ങനെ പ്രശംസിക്കുന്നതെന്താണ്? ചൂതുകരുക്കളെക്കൊണ്ട ഞങ്ങളെ ജയിപ്പാൻ ആഗ്രഹിക്കുന്നുവോ? എന്നാൽ ആയുധമെടുക്കൂ. യുദ്ധത്തിൽ പരാക്രമം കാണിക്കുന്നവൎക്കാണല്ലോ കീൎത്തി. വൃത്തം വസന്തതിലകം.

൫൦. ഭൂയഃ=പിന്നെയും. തം=ആ രാജാവിനോട. ആഹ (സ്മ)=പറഞ്ഞു. ശകുനിഃ=ശകുനി. പ്രിയദേവനേ=ചൂതുകളിപ്രിയമായിട്ടുള്ള. അസ്മിൻ=ഇവനിൽ (എന്നിൽ) ആശങ്ക്യതാം............കിഞ്ചിൽ=ഭവാനാൽ മറ്റൊരുവിധത്തിൽ ശങ്കിക്കപ്പെടരുതു്. സ്യാദൈവശസംയദി=വൈശസം (സുഖക്കേടു)

ഭവിക്കമെങ്കിൽ. നൃപ=രാജാവേ! ക്രിയതാം നിവൃത്തിഃ=നിവൃത്തി (നിവർത്തനം) ചെയ്യപ്പെട്ടാലും. ജാഗൎത്തി=ജാഗരിക്കുന്നു. ശശ്വൽ=എല്ലായ്പോഴും. അധികൎദ്ധിഃ=അധികം സമ്പത്തുള്ളവൻ. അപായശങ്കീ=അപായത്തെ ശങ്കിക്കുന്നവനായിട്ട്. ശകുനി വീണ്ടും രാജാവിനോട്ട പറഞ്ഞു:— ചൂതുകളിയിൽ അത്യാസക്തിയുള്ള ഇയ്യുള്ളവനിൽ അങ്ങുന്നു മറിച്ചു ശങ്കിക്കേണ്ട. അല്ലാ, അങ്ങയ്ക്കതിൽ സുഖക്കേടുണ്ടെങ്കിൽ വേണ്ടെന്നു വച്ചു പിന്തിരിഞ്ഞുകൊൾക. അധികം സമ്പത്തുള്ളവൻ എപ്പോഴും അപായത്തെ ശങ്കിച്ചുംകൊണ്ടിരിക്കും. വൃത്തം വസന്തതിലകം.

൪൭. തം= ആ ശകുനിയോട്ട്. പ്രത്യുവാച= മറുവടി പറഞ്ഞു. കുപിതഃ = കുപിതനായ. കുരുവംശകേതുഃ= കുരുവംശത്തിന്നു കൊടിക്കൂറയായവൻ (ധൎമ്മപുത്രൻ). ദ്യൂതേ രണേ ച= ചൂതിലും പോരിലും. കിതവൈഃ വിമതൈഃ ച=ധൂൎത്തന്മാരാലും ശത്രുക്കളാലും. വീരൈഃ= വീരന്മാരായ. ആഹൂതഃ= ആഹ്വാനം ചെയ്യപ്പെട്ടാൽ. ഏഷഃ ജനഃ=ഇയ്യുള്ളവൻ. നകുരുതേ നിവൃത്തിം= നിവൃത്തിയെ ചെയ്യുന്നില്ല. സജ്ജോസ്മി= ഞാൻ സന്നദ്ധനായിരിക്കുന്നു. ലോഭരഹിതഃ= ലോഭത്തോടുകൂടാത്തവനായിട്ടു. പ്രതിദേവിതാ= എതിൎത്തു കളിക്കുന്നവൻ. കഃ=ആരാണ്. ശകുനിയോട്ട ധൎമ്മപുത്രൻ മറുവടിപറഞ്ഞു:— വീരന്മാരായ അക്ഷധൂൎത്തന്മാർ ചൂതിന്നും ശത്രുക്കൾ പോരിന്നും വിളിച്ചാൽ ഞാൻ പിന്തിരിക്കുകയില്ല. ലോഭം വെടിഞ്ഞ് ഞാൻ സന്നദ്ധനായിരിക്കുന്നു. എതിർ കളിക്കാരൻ ആരാണ്? വൃത്തം വസന്തതിലകം.

൪൮. താവച്ച= അപ്പോഴാകട്ടേ. ദേവനവിധൌ= ചൂതുകളിക്ക്. സുബലസ്യ സൂനുഃ= സുബലന്റെ പുത്രൻ= (ശകുനി) കൎത്താ= കൎത്താവാണ്. പണവ്യവഹൃതേഃ തു=പണയമിടവാ

ടിന്നാകട്ടെ. സുയോധനോസൌ= ഈ സുയോധനനാണ്. വൈഷമ്യം= ശരിയല്ലായ്മയെ. ആകലയതാ അപി= അറിയുന്നവനെങ്കിലും. യുധിഷ്ഠിരേണ=ധൎമ്മപുത്രനാൽ സ്വേനൈവ=തന്നാൽ തന്നെ. തൽദ്വയം അപി= അതു രണ്ടും. പ്രതിപന്നമാസീൽ= സ്വീകരിക്കപ്പെട്ടതായി ഭവിച്ചു. എതിർഭാഗത്തു കളിക്കുവാൻ ശകുനിയും പണയമിടുവാടിന്നു ദുൎയ്യോധനനുമാണെന്നുള്ള വൈഷമ്യമറിഞ്ഞിട്ടും അതു രണ്ടും ധൎമ്മപുത്രൻ സ്വീകരിച്ചു. വൃത്തം വസന്തതിലകം.

൪൫. പ്രജ്ഞാദൃശഃ=ബുദ്ധിയാകുന്ന കണ്ണോടുകൂടിയ (അന്ധനായ) ക്ഷിതിപതേഃ= രാജാവിന്റെ (ധൃതരാഷ്ട്രന്റെ). പുരതഃ= മുമ്പിൽ. സഭായാം= സഭയിൽ. പ്രത്യേകം= ഓരോരുത്തരും. ആസനഗതേഷു (സൽസു)= ആസനസ്ഥന്മാരായിരിക്കും സമയത്തിങ്കൽ. നരാധിപേഷു = രാജാക്കന്മാർ (ആസനഗതേഷു എന്നതിനോടു യോജന). ധൎമ്മാത്മജശ്ച= ധൎമ്മപുത്രനും. കുരുനന്ദനമാതുലശ്ച=കുരുനന്ദനന്റെ (ദുൎയ്യോധനന്റെ) അമ്മാമനും. ക്ഷത്രാന്തഹേതുമപി= ക്ഷത്രിയരുടെ നാശത്തിന്നു കാരണമെങ്കിലും. ദേവനം=ചൂതുകളിയെ. ആദധാതേ ചെയ്തു. അന്ധനായ രാജാവിന്റെ മുമ്പിൽ, സഭയിൽ, രാജാക്കന്മാർ ആസനസ്ഥന്മാരായിരിക്കുമ്പോൾ ധൎമ്മപുത്രനും ശകുനിയും, ക്ഷത്രിയൎക്കു നാശകാരണമാണെങ്കിലും ചൂതുകളി ആരംഭിച്ചു. വൃത്തം വസന്തതിലകം.

൪൬. പ്രാരബ്ധേ സതി=ആരംഭിക്കപ്പെട്ടപ്പോൾ. തത്ര= അവിടെ ദേവനവിധൌ= ചൂതുകളി (പ്രാരബ്ധേ എന്നതിനോടു യോജന). വാരാഞ്ഞ്=വരാഞ്ഞിട്ടു്. ആകലിതഃ=പരവശനായിട്ടു്. ജിഗായ= ജയിച്ചു. വ്യാജേന = ചതികൊണ്ടു. കുന്തീസുതം= ധൎമ്മപുത്രനെ. കോശഗൃഹാൻ= ഭണ്ഡാരങ്ങളെ. ഭൂയോപി= പിന്നെയും. നേരായിട്ടുള്ള പോരിൽ ജയം കിട്ടായ്കയാൽ

ശകുനി വ്യാജംകൊണ്ടു ധൎമ്മപുത്രനെ ജയിച്ചു. അദ്ദേഹം അതിന്നു ഭണ്ഡാരങ്ങൾ പണയം വെക്കുകയും, പിന്നെയും ഇരുവരും ചൂതുനിരത്തി കളിക്കുകയും ചെയ്തു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൪൧. ഉജ്ഝിതം=ഉപേക്ഷിക്കപ്പെട്ട. വാരണൌഘം=ഗജസമൂഹം. ദൈവോപരോധം=ദൈവവിരോധം. വിവേകോദയം= വിവേകമുണ്ടാവൽ. അഹാസീൽ=ഉപേക്ഷിച്ചു. അശേഷം=മുഴുവൻ. രണ്ടാം വരയ്ക്കു രാജ്യവും പിന്നത്തെ വരയ്ക്കു ഗജസമൂഹവും എന്നിപ്രകാരം വെച്ച വരയെല്ലാം തോററു ധൎമ്മപുത്രൻ സകലവും കളഞ്ഞു. ദൈവവിരോധം വരുമ്പോൾ വിവേകമുണ്ടാകയില്ലല്ലോ. വൃത്തം സ്രഗ്ദ്ധര.

൪൨. നിജാ=............തരം= തന്റെ കനിഷ്ഠഭ്രാതാവായ (ഭീമസേനവിശേഷണം). ഹാ= കഷ്ടം. സമ........ത്തിലും= എല്ലാ ലോകത്തിലും. വീരവരം=വീരശ്രേഷ്ഠനായ. അൎജ്ജുനം= അൎജ്ജുനനെ. ഗ്ലഹധനീചകാര = ഗ്ലഹധനം (പണയദ്രവ്യം) ആക്കിച്ചെയ്തു. പരിമൂഢധീഃ= ഭ്രമിച്ചബുദ്ധിയോടുകൂടിയവനായിട്ട്. ധനങ്ങളെല്ലാം ഒടുങ്ങിയപ്പോൾ ഭീമസേനനെയും, പിന്നെ വീരാധിവീരനായ അൎജ്ജുനനേയും ധൎമ്മപുത്രൻ പണയം വെച്ചു. രം· ന. ര. ന. ര. ന. ര. എന്നീ ഗണങ്ങൾ വരികയാൽ വൃത്തം കുസുമമഞ്ജരി. "രംനരം നരനരം നിരന്നുവരുമെങ്കിലോ കുസുമമഞ്ജരി" എന്നു ലക്ഷണം.

൪൩. നാലരും= നാലുപേരും, അവൎക്കു= കൌരവന്മാൎക്കു. ദാസ........വിധൌ= ദാസന്മാരായ സമയത്തു്. സപദി- വേഗത്തിൽ. ഖിന്നനായ്= ദുഃഖിതനായിട്ടു്. ശകുനിച്ഛലൈഃ= ശകുനിയുടെ വ്യാജങ്ങളാൽ, പരാജിതേ (സതി)= തോററസമയത്തു്. യജനാന്തരേ = യജ്ഞമദ്ധ്യത്തിൽ. മഹിത........ഭവാം= മഹിത (പൂജിത) യായ വേദിയുടെ മദ്ധ്യത്തിൽനിന്നുത്ഭവിച്ച.

ഉന്നതാം= ഉൽകൃഷ്ടയായ. അഭിമതാം= ഇഷ്ടയായ. പ്രിയാം= ഭാൎയ്യയെ. ജഹൌ=ത്യജിച്ചു. സഹോദരന്മാർനാലുപേരും കൌരവന്മാൎക്കു ദാസന്മാരായപ്പോൾ ധൎമ്മപുത്രൻ ഖേദിച്ചു തന്നെയും പണയപ്പെടുത്തി. ശകുനിയുടെ വ്യാജങ്ങളാൽ അദ്ദേഹം തിരെ തോറ്റപ്പോൾ, യജ്ഞവേദിയുടെ മദ്ധ്യത്തിൽ നിന്നുത്ഭവിച്ച പ്രിയപത്നിയായ പാഞ്ചാലിയേയും പണയമാക്കി. വൃത്തം കുസുമമഞ്ജരി.

൭൦. ദുർദ്യൂതത്തിന്നു= കള്ളച്ചൂതിന്നു. നിശ്ശേഷവും=മുഴുവനും. ആത്തദൈന്യം= ഉണ്ടായ ദീനതയോടുകൂടി (ക്രി. വി.) വക്ത്രാബ്ജം=മുഖപത്മം. വിവശത=പാരവശ്യം. ആസ്ഥിതേ (സതി) ധൎമ്മരാജേ= ധൎമ്മപുത്രൻ സ്ഥിതനായ സമയത്ത്.. അത്യന്തം=ഏററവും. ദ്വേഷശാലി = വിരോധമുള്ള. നൃപതിസദസി=രാജസഭയിൽ. ദുൎയ്യോധനഃ = ദുൎയ്യോധനൻ. വാചമൂചേ = വാക്കിനെ പറഞ്ഞു. ഗത്വാ പോയിട്ടു. ദുശ്ശാസന= എടോ ദുശ്ശാസന! പ്രാപയ=പ്രാപിപ്പിച്ചാലും. സപദി=വേഗത്തിൽ. സഭാം= സഭയിലേക്ക്. പ്രേയസീം=ഭാൎയ്യയെ. പാണ്ഡവാനാം= പാണ്ഡവന്മാരുടെ. ധൎമ്മപുത്രൻ സകലവും പണയംവെച്ചു ദൈന്യം പൂണ്ടു മുഖം താഴ്ത്തി ഇരിപ്പായപ്പോൾ അത്യന്തവിരോധിയായ ദുൎയ്യോധനൻ ദുശ്ശാസനനെ വിളിച്ച് പാണ്ഡവപത്നിയെ സഭയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൭൧. ദുൎയ്യോധനവചനം. തോയേ=വെള്ളത്തിൽ. സഭായാം=സഭയിൽ. വിവശതയോടു= പാരവശ്യത്തോടെ. ഹാസം= ചിരി. ഇഹസദസി= ഈ സഭയിൽ. ഏഷാം= ഇവരുടെ. പ്രിയായാഃ= ഭാൎയ്യയുടെ. ഖിന്നാം= ഖേദിച്ച. തൻപ്രാണനാഥാം= തന്റെ പ്രിയതമയെ. മണി................ഹസ്താം= മണിഗൃഹം അടിച്ചുവാരുന്നതിൽ വ്യാപൃതങ്ങളായ കൈകളോടു

കൂടിയവളായിട്ട്. അന്യൂനം- കുറവു കൂടാതെ (ക്രി. വി.) പണ്ട ഞാൻ സഭയിൽ വെള്ളത്തിൽ വീണപ്പോഠ പാഞ്ചാലി ചിരിച്ച ചിരി അവാം ഈ സഭയിൽ വരുന്നസമയത്ത് എനിക്കൊന്നു കാണണം. തന്റെ ഭാൎയ്യ എന്റെ ഗൃഹത്തിൽ മുററമടിച്ചു ക്ലേശിക്കുന്നതു കണ്ടു ഭീമസേനനും ചിരിക്കണം. വൃത്തം സ്രഗ്ദ്ധര.

൫൨. നിത്യം = ദിവസന്തോറും. വേശ്മാന്തരാളേ - ഗൃഹത്തിന്നുള്ളിൽ. പിലരിയൊട്. പ്രഭാതത്തോട്ടകൂടി. ദാസീകൃത്യം- ദാസ്യപ്പണി. തേടേണം- അന്വേഷിക്കണം. ഏഷാം- ഈ ദ്രുപ............സുതാ - പാഞ്ചാലരാജപുത്രിയായ. പ്രേയസീ-ഭാൎയ്യ. പാണ്ഡവാനാം- പാണ്ഡവന്മാരുടെ. അത്രേയല്ല-അത്രയുമല്ല. കൎഷണത്തിൻ വൃത്ത്യാ-കൃഷിപ്പണിയോട്ട കൂടി. യമൌ=ഇരട്ടപെററവർ(നകുലസഹദേവന്മാർ). പാഞ്ചാലി ദിവസന്തോറും പ്രഭാതത്തിൽ ചൂലുമായിവന്ന് അടിച്ചുതളിയ്ക്കണം. തടിയനായ ഭീമൻ കിളയ്ക്കണം. അൎജ്ജുനൻ കൃഷിപ്പണി നടത്തണം. നകുലസഹദേവന്മാർ കന്നുമേയ്ക്കണം. വൃത്തം സ്രഗ്ദ്ധര.

൫൩. മുദാ= മോദത്തോടെ. ധൎമ്മജന്മാ = ധൎമ്മപുത്രൻ. അസ്മ..............ങ്ങളിൽ=നമ്മുടെ ദാസ്യപ്പണികളിൽ. മേളത്തിൽ= മോടിയിൽ. ഏഷാം= ഇവരുടെ. പ്രഹാരങ്ങാം= അടികാം. മേളിക്കേണം= ചേൎക്കണം. പാഞ്ചാലകന്യാം= പാഞ്ചാലിയെ. ധൎമ്മപുത്രൻ ഓലക്കെട്ടും ചുമന്ന് ഓരോന്നെഴുതിക്കൊണ്ടിരിക്കണം. ഇപ്രകാരം നമ്മുടെ ദാസ്യപ്പണികളിൽ ആറുപേരേയും ചേൎക്കുക. എന്നിങ്ങനെ വലിയ ധാടിയിൽ പറഞ്ഞിട്ടു പിന്നെയും പറഞ്ഞു. ഇവരുടെ ഞെളിവ് (അഹംഭാവം) നിവിരുന്നതുവരെ അടിക്കുകയും, പാഞ്ചാലിയെ സഭയിൽവരുമ്പോഠ ഇഴയ്ക്കുകയും വേണം. വൃത്തം സ്രഗ്ദ്ധര.

൫൪. പഞ്ചാനാം പാണ്ഡവാനാം= പാണ്ഡവന്മാരഞ്ചുപേൎക്കും. ഭുജബലം= കയ്യൂക്ക്. പാരം= വളരെ. എന്നിട്ട്= എ

ന്നു വിചാരിച്ചിട്ട്. അമീ= ഇവർ. ഗാണ്ഡീവം= അൎജ്ജുനന്റെ വില്ല്. കറന്നാൻ= കറന്നു. അമീഷാം=ഇവരുടെ. അസൌ=ഈ. മാതുലോമമ= എന്റെ അമ്മാമൻ. പാണ്ഡവന്മാൎക്കു വലിയ കയ്യൂക്കുണ്ടെന്നു വിചാരിച്ച്, എടോ ദുശ്ശാസന, നീ പേടിക്കേണ്ട. ഇവരിപ്പോൾ വെറും നായ്ക്കൾക്കു സമമാണ്. അൎജ്ജുനന്റെ വില്ലുകൊണ്ടും ഭീമന്റെ ഗദകൊണ്ടും ഇപ്പോൾ കാൎയ്യമൊന്നുമില്ല. അവൎക്കുണ്ടായിരുന്ന വിഷം എന്റെ അമ്മാമൻ കറന്നുകളഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൯൯. നിശ്ശേ.....................ളെയും= എല്ലാദോഷങ്ങളെയും. നിജാത്മനി= തന്റെ ആത്മാവിൽ. അശ്രാന്തം= എല്ലായ്പ്പോഴും. ഉൾച്ചേൎത്തോരു= ഉള്ളിൽചേൎത്ത. അകീൎത്തിഭൂമാ= അകീൎത്തിയുടെ അതിശയമായ (ദുശ്ശാസനവിശേഷണം). ദുശ്ശാസനം=ദുഷ്ടമായ ശാസനം. സുയോധനോക്തം=ദുൎയ്യോധനനാൽ പറയപ്പെട്ട (ദുശ്ശാസനത്തിന്റെ വിശേഷണം). ദുശ്ശാസനഃ= ദുശ്ശാസനൻ. വേശ്മ=ഗൃഹത്തെ. ജഗാമ=ഗമിച്ചു. തസ്യാഃ=ആ പാഞ്ചാലിയുടെ. സൎവ്വദോഷങ്ങളേയും തന്നിൽചേൎത്തു കേവലം ദുഷ്കീൎത്തിപ്പരപ്പുതന്നെയായിരിക്കുന്ന (മൂൎത്തിമത്തായ ദുൎയ്യശസ്സോ എന്നു തോന്നുമാറിരിക്കുന്ന) ദുശ്ശാസനൻ, ദുൎയ്യോധനൻ പറഞ്ഞ ദുശ്ശാസനം കേട്ടിട്ടു പാഞ്ചാലിയുടെ ഗൃഹത്തിലേക്കുപോയി. ഇന്ദ്രവജ്രാവൃത്തം.

൧൦൦. നിശ്ശേഷ.....................നീയാം= എല്ലാസ്ത്രീഗുണങ്ങളെക്കൊണ്ടും ലാളനീയയായ. വിശ്വാസഭൂമിം= വിശ്വാസത്തിന്നിരിപ്പിടമായ ബത= കഷ്ടം. പാണ്ഡവാനാം= പാണ്ഡവന്മാരുടെ. വിശ്വോത്തരാം=ലോകത്തിൽവച്ചു ഉൽകൃഷ്ടയായ. താം= ആ. പാഞ്ചാലിയെ. യജ്ഞശാലാം= യാഗശാലയെ. ശ്വഃ= ആ. ശ്വാ ഇവ=ശ്വാവെന്നപോലെ. ദുശ്ശാസനഃ = ദുശ്ശാസനൻ. ആസസാദ=പ്രാപിച്ചു. സ്ത്രീകൾക്കുവേണ്ട സൎവ്വഗുണങ്ങളും തികഞ്ഞവളും പാണ്ഡവന്മാരുടെ വിശ്വാസപാത്രവും ലോ

കോൽകൃഷ്ടയുമായ പാഞ്ചാലിയുടെ അടുക്കലേക്കു, യജ്ഞശാലയിലേക്കു ശ്വാവെന്നപോലെ ദുശ്ശാസനൻ ചെന്നു. ഇന്ദ്രവജ്രാവൃത്തം.

൭൧ യുദ്ധേ= യുദ്ധത്തിൽ. ദ്യൂതാഹ്വയേ= ചൂതെന്നുപേരായ (യുദ്ധവിശേഷണം). മാതു.............ജിതാഃ= അമ്മാമന്റെ കൈകൊണ്ടു ജയിക്കപ്പെട്ടവരായിട്ടു്. ദാസഭാവംഗതാഃ= ദാസത്വത്തെ പ്രാപ്തന്മാരായി. തേ= നിന്റെ. ഭർത്താരഃ=ഭർത്താക്കന്മാർ. യാജ്ഞസേനി=പാഞ്ചാലി! ത്വരിതം=വേഗത്തിൽ. നയാമി= കൊണ്ടുപോകുന്നുണ്ടു്. ഏഷഃ= (അഹം)= ഈ ഞാൻ. ദാസീം=ദാസിയായ. ഇതഃ=ഇവിടെനിന്നു. ത്വാം=നിന്നെ. ഉദ്ദാമക്രോധം= വലിയ ക്രോധത്തോടുകൂടി (ക്രി. വി.) ഇത്ഥം പരുഷവചനം= ഇപ്രകാരമുള്ള പരുഷവാക്യത്തെ. ആഭാഷ്യ= പറഞ്ഞിട്ടു്. ദുശ്ശാസനോസൌ= ഈ ദുശ്ശാസനൻ. ഗത്വാ=പോയിട്ടു. പസ്പർശ= സ്പർശിച്ചു. കേശേഷു=തലമുടിയിൽ. അദയം=ദയകൂടാതെ (ക്രി. വി). അവ.............തേഷു=അവഭൃഥസ്നാനജലത്താൽ അഭിഷിക്തങ്ങളായ (കേശവിശേഷണം). ഹേ പാഞ്ചാലി, നിന്റെ ഭർത്താക്കന്മാർ മാതുലനാൽ ചൂതാകുന്ന പോരിൽ ജയിക്കപ്പെട്ടു് ദാസന്മാരായിത്തീന്നിരിക്കുന്നു. ദാസിയായ നിന്നെ ഞാൻ വേഗത്തിൽ ഇവിടെനിന്നു കൊണ്ടുപോകുന്നുണ്ടു്. എന്നിങ്ങനെ പരുഷവാക്കു പറഞ്ഞു ദുശ്ശാസനൻ രാജസൂയയാഗത്തിൽ അവഭൃഥസ്നാനജലത്താൽ അഭിഷിക്തമായ പാഞ്ചാലിയുടെ തലമുടിയിൽ കടന്നുപിടിച്ചു. വൃത്തം സ്രഗ്ദ്ധര.

൭൨ കേശേ= തലമുടിയിൽ ദുശ്ശാ.............തരാ=ദുശ്ശാസനന്റെ ആകൎഷണത്താൽ ഏററവും പരവശയായി. വാചാ= വാക്കുകൊണ്ടു്. ദീനം=ദീനമാകുംവണ്ണം (ക്രി. വി.) പ്രശി.............സനം=കിഴിഞ്ഞ വസ്ത്രത്തെ. ക്ലേശാൻ= ക്ലേശങ്ങളെ. ഈശാ= ദൈവമേ! പരിഷദം= സഭയിലേക്കു്. നീയമാനാ= കൊണ്ടുപോകപ്പെടുന്ന. കുരൂണാം=കൌരവന്മാരുടെ. നാ

ശോ........................മന്ത്രം=നാശവാർത്തയുടെ ആദ്യത്തെ മന്ത്രത്തെ. ഗതധൃതി = ധൈര്യമകന്നു (ക്രി. വി.) വിലലാപ = വിലപിച്ചു. പാഞ്ചാലകന്യാ = പാഞ്ചാലി. ദുശ്ശാസനൻ തലമുടി പിടിച്ചുവലിച്ചു കുരുസഭയിലേക്കു കൊണ്ടുപോകുമ്പോൾ പാഞ്ചാലി പരവശയായിട്ടു താഴേപറയും വിധം കൌരവന്മാരുടെ നാശവാർത്തയ്ക്കു പ്രഥമമന്ത്രമായ വിലാപത്തെ ചെയ്തു. വൃത്തം സ്രഗ്ദ്ധര,

൯൯. മാപാപി=മഹാപാപി. അപകരുണം=ദയകൂടാതെ (ക്രി. വി.) മാം=എന്നെ. ശിവ ശിവ=കഷ്ടം കഷ്ടം. മര്യാദാഹാനി=മര്യാദാഭംഗം. മഹാലോകരേ=മഹാജനങ്ങളെ! ഗതി=ശരണം. അയ്യോ മഹാജനങ്ങളേ! അയ്യോ ദൈവമേ! മഹാപാപിയായ ദുശ്ശാസനൻ എന്നിൽ മര്യാദാഭംഗം ചെയ്യുന്നതിന്നു നിങ്ങളേ ശരണമുള്ളൂ. ഞാൻ ആരോടും ഒരു പിഴയും ചെയ്തിട്ടില്ല. വൃത്തം സ്രഗ്ദ്ധര.

ഗദ്യം ൩. ദുഷ്ടാത്മാവേ= ദുഷ്ടമാനസ! മാമാപീഡയ= എന്നെ ഉപദ്രവിക്കരുതേ. മാമാതാഡയ= എന്നെ അടിക്കരുതേ. കൊട്ടതായ്= കഠിനമായ്. യുധിഷ്ഠിര പാലയ=യുധിഷ്ഠിരാ, രക്ഷിക്കണേ. വൃകോദര പാലയ=ഭീമസേനാ, രക്ഷിക്കണേ. ഫൽഗുന പാലയ=അർജ്ജുനാ, രക്ഷിക്കണേ. നകുല=ഹേ നകുലാ! വിഭോ സഹദേവ=സ്വാമിൻ സഹദേവാ! യുഷ്മന്നാഥാം= നിങ്ങളുടെ ഭാര്യയായ. അപഗതകരുണം= ദയകൂടാതെ (ക്രി. വി.) നിതാന്തം= ഏററവും. ഉദിതക്രോധം- ഉണ്ടായ ക്രോധത്തോടെ (ക്രി. വി.) കോംക്കട്ടിന്നും= കോംക്കട്ടേ+ഇന്നും. എന്നു പറഞ്ഞേ=എന്നു പറഞ്ഞുതന്നെ. കൊല്ലുന്നുതേ=കൊല്ലുന്നു. കുരു......................താതനും=കുരുകുലശ്രേഷ്ഠനായ അച്ഛനും (ധൃതരാഷ്ട്രരും). ഉപേക്ഷിച്ചതോ=ഉപേക്ഷിച്ചുവോ? വാത്സ......................രംഗം= വത്സനകലന്ന ദയയുടെ രംഗമായ.

ക്ഷീണാം എന്നെ=ക്ഷീണയായ എന്നെ. പെരി...............നിധി=വലിയ ദയയ്ക്കിരിപ്പിടമായ. കൃപരു മഹാത്മാ=മഹാത്മാവായ കൃപാചാൎയ്യർ. കൃപണാം=ദീനയായ. നിമ്മൎയ്യാദം=മൎയ്യാദക്കൂടാത്ത പ്രവൃത്തി. അനുമതമായോ=സമ്മതമായോ? ശാസ്താവ്=ശാസകൻ. ഇല്ലെ...............തെല്ലോ=ഇല്ലെന്നായല്ലോ. ബഹുവിധം=ബഹുപ്രകാരം. വിലപന്തി-വിലപിക്കുന്നു. നീതാ സദസി=സഭയിൽ നയിക്കപ്പെട്ട. നിതാ...................ത്താ=കഠിനമായ വിഷാദംകൊണ്ടും വ്യാമോഹംകൊണ്ടും ആത്തയായ. ദ്രുപദതനൂജാ=പാഞ്ചാലി. "പീഡകാ ചെയ്തിടാമോ" എന്നതുവരെ ദുശ്ശാസനനോടുള്ള വാക്ക്. "ഹാഹാ നാഥ" എന്നതുമുതൽ "തല്ലിക്കൊല്ലുന്നുതേ" എന്നതുവരെ ഭത്താക്കന്മാരായ യുധിഷ്ഠിരാദികളോടുള്ള വാക്ക്. "ഹാഹാ കുരുകുല" എന്നതു മുതൽ "ഇല്ലെന്നായിതെല്ലോ" എന്നതുവരെ ധൃതരാഷ്ട്രാദികളെ ഉദ്ദേശിച്ചുള്ള വാക്ക്. ശേഷം സ്പഷ്ടം.

൩൦. ഭീഷ്മാദിഷു=ഭീഷ്മർ മുതലായവർ. ഖിന്നാസ്യേഷു ആസ്ഥിതേഷു (സൽസു)=ഖിന്നമുഖന്മാരായി സ്ഥിതന്മാരായ സമയത്തിങ്കൽ. ശ്ലഥകചവസനാം=അഴിഞ്ഞ തലമുടിയോടും വസ്ത്രത്തോടും കൂടിയവളായി. പീഡനസ്രസ്തഗാത്രീം-പീഡനംകൊണ്ടു സ്രസ്തങ്ങളായ അവയവങ്ങളോടുകൂടിയവളായി. തന്വീം=കൃശയായിരിക്കുന്ന. ആലോക്യ=കണ്ടിട്ട്. കൃഷ്ണാം-പാഞ്ചാലിയെ അയിസുമുഖി=ഹേ സുന്ദരി! നിഷീദാത്ര=ഇവിടെ ഇരുന്നാലും. ഉദ...........ക്ഷൌമം=മാററപ്പെട്ട പൊൻപട്ടോടുകൂടിയ. നിജോരും=തന്റെ തുടയെ. കുരുപതിഃ=ദുൎയ്യോധനൻ. ധൌഷ്ട്യശാലീ=ധൃഷ്ടതയുള്ള. തത്സമയം ഭീഷ്മാദികൾ തലതാഴ്ത്തി മുഖം വാടി ഇരിപ്പായി. അപ്പോൾ ദുൎയ്യോധനൻ തലമുടിയും വസ്ത്രവും സ്രംസിച്ചും പീഡനം നിമിത്തം അവയവങ്ങൾ ഉലഞ്ഞും മെലിഞ്ഞുമിരിക്കുന്ന പാഞ്ചാലിയെ നോക്കി "ഹേ സുമുഖി, ഇവിടെ

ഇരിക്കു" എന്നു പറഞ്ഞു പൊൻകസവുപട്ടു് ഉരച്ചുകയററി തുട കാട്ടി. വൃത്തം സ്രഗ്ദ്ധര.

൩൧. താം=ആ പാഞ്ചാലിയോടു. ആഹ (സ്മ)=പറഞ്ഞു. ഭാനുതനയഃ=കൎണ്ണൻ. കഥയേ=ഞാൻ പറയുന്നു. ഹിതം=ഹിതത്തെ. തേ=നിനക്കു്. ദാസ്യം=ദാസ്യത്തെ. ഗതാൻ=ഗമിച്ച. പുനഃ=പിന്നെ. ഇമാൻ-ഈ. അവമത്യ=അനാദരിച്ചിട്ടു. പാൎത്ഥാൻ-കുന്തീപുത്രന്മാരെ. ഏകം=ഒരുവനെ. വൃണു=നീ വരിച്ചാലും. പ്രണയിനം=ഭൎത്താവായിട്ടു്. കുരുനന്ദനേഷു=കൌരവന്മാരിൽ. സംബന്ധം=സംബന്ധത്തെ. ആത്മസദൃശം=തനിക്കു ചേൎന്ന. ദ്രുപദഃ=പാഞ്ചാലരാജാവും. യായാൽ=പ്രാപിക്കും. ആ പാഞ്ചാലിയോടു കൎണ്ണൻ പറഞ്ഞു:—നിനക്കു നല്ലതു ഞാൻ പറയാം. ദാസ്യം പ്രാപിച്ച ഈ കുന്തീപുത്രന്മാരെ വിട്ടു നൂററുവരിലൊരുത്തനെ ഭൎത്താവായി വരിക്കുക. എന്നാൽ ദ്രുപദരാജാവും തനിക്കു ചേൎന്നതായ വേഴ്ചയെ പ്രാപിക്കും. വൃത്തം വസന്തതിലകം.

൩൨. ഇനി ഭീമാൎജ്ജുനന്മാരുടെ കോപം വൎണ്ണിക്കുന്നു:— ഗൎജ്ജൻ = അലറുന്നവനായിട്ടു്. പ്രിയാ............നേന=ഭാൎയ്യാദ്രോഹമാകുന്ന കാററിന്റെ അടികൊണ്ടു്. ഭീമാംബുദഃ= ഭീമനാകുന്ന മേഘം. ക്ഷരി......................ണൌഘം=ക്ഷരിതമായ (പുറപ്പെടുവിക്കപ്പെട്ട) ഘൎമ്മപയഃകണങ്ങളുടെ (വിയൎപ്പുവെള്ളത്തുള്ളികളുടെ) സമൂഹത്തോടുകൂടിയ. രാജ..................ഭൂതഃ-ക്ഷത്രിയവംശമാകുന്ന വനത്തിന്റെ ദഹനത്തിന്നു കാരണമായ് ഭവിച്ച. ക്രോധം=കോപത്തെ. കൃശാനും ഇവ=അഗ്നിയെയെന്നപോലെ. വൈദ്യുതം= വിദ്യുത്തിനെസ്സംബന്ധിച്ച (കൃശാനുവിശേഷണം). ആബഭാര=ഭരിച്ചു. ഭീമസേനനാകുന്ന മേഘം, ഭാൎയ്യാദ്രോഹമാകുന്ന കാററിന്റെ അടിയാൽ അലറിക്കൊണ്ടു്, ദേഹത്തിൽനിന്നു വിയൎപ്പുവെള്ളത്തുള്ളികളെ ചിതറി

ക്കുന്നതും ക്ഷത്രിയവംശമാകുന്ന വൻകാട്ടു കത്തിയെരിയുന്നതിന്നു കാരണവുമായ ക്രോധത്തെ, ഇടിത്തീയിനെയെന്നപോലെ, വ ഷിച്ചു. അലങ്കാരം രൂപകാനുപ്രാണിതമായ ഉപമ. വൃത്തം വസ ന്തതിലകം.

൬൧. തസ്മിൻ ക്ഷണേ= ആ സമയത്തു്. വാചമുവാ ച=വാക്കിനെ പറഞ്ഞു. ദോഷ്ണാ= കൈകൊണ്ടു്. മൃദ്നൻ= മർദ്ദി ക്കുന്നവനായിട്ടു്. മണിസ്തംഭം=മണിത്തൂണിനെ. ഉദഗ്രദംഭഃ= ഉൽകടമായ അഹങ്കാരത്തോടുകൂടിയവനായി. ഉദ്‌ഗി........... ...........കായൈഃ=വർദ്ധിച്ച കോപാഗ്നിയുടെ ജ്വാലാസമൂഹ ങ്ങളെക്കൊണ്ടു്. വിശ്വം=ലോകത്തെ. ദിധക്ഷൻ ഇവ=ദഹി പ്പാനിച്ഛിക്കുന്നവനോ എന്നു തോന്നുമാറു്. അപ്പോൾ ഭീമസേ നൻ, കൈകൊണ്ടു മണിമയമായ സ്തംഭത്തെ മർദ്ദിച്ചുംകൊണ്ടു്, ഉൽകടമായ അഹങ്കാരത്തോടുകൂടി, കത്തിജ്വലിക്കുന്ന കോപാ ഗ്നിയുടെ ജ്വാലാമാലകളാൽ ഭുവനത്തെ ദഹിപ്പാൻ ഭാവിക്കു യോ എന്നു തോന്നുമാറു പറഞ്ഞു. ഇന്ദ്രവജ്രാവൃത്തം.

൬൨. ഭോഭോ........................വൃദ്ധാഃ = അല്ലയോ അ ല്ലയോ ഭീഷ്മർ തുടങ്ങിയ വൃദ്ധന്മാരേ! സ്ഫുടതരം=അതിസ്പഷ്ടമാ യിട്ടു് (ക്രി. വി.) അയം=ഈ. ആലക്ഷിതഃ കിം=കാണപ്പെട്ടു വോ? ഭവത്ഭിഃ=ഭവാന്മാരാൽ. വ്യാപാരഃ=പ്രവൃത്തി. അമുഷ്യ= ഇവന്റെ. സോമാ........................കേതോഃ=സോമവംശത്തി ന്റെ നാശത്തിന്നു വലിയ ധൂമകേതുവായ (അമുഷ്യ എന്നതി ന്റെ വിശേഷണം). അശേഷഃ=മുഴുവനും. തൽ=അതിനാൽ. വഃ=നിങ്ങളുടെ. ജാഗർത്തു=ഉണർന്നിരിക്കട്ടേ. ചിത്തേ=മനസ്സിൽ ക്ഷണം=ക്ഷണനേരം. സമതാ=സമഭാവം. മാസ്തു വാ=ഭവിക്കാ തിരിക്കട്ടേ. ഭീമസേനഃ സോയം=ഭീമസേനനായ ഈയുള്ളവൻ. വേഷ്ടും കുരൂണാം=കുരുക്കളെ വേഷണം ചെയ്വാൻ (ഹനി പ്പാൻ). ദൃഢ..............................ബന്ധഃ=ദൃഢമായ പരികരബ

ന്ധത്തോടുകൂടിയവനായിട്ട്. അദ്യ=ഇന്നു. സന്നാനഹ്യതി= ഏററവും സന്നാഹം ചെയ്യുന്നു. അല്ലയോ ഭീഷ്മർ തുടങ്ങിയുള്ള വൃദ്ധന്മാരേ! നിങ്ങാം സോമവംശത്തിന്റെ നാശത്തിന്നൊരു ധൂമകേതുവായ ഇവന്റെ പ്രവൃത്തി മുഴവൻ സ്പഷ്ടമായി കണ്ടില്ലേ? അതിനാൽ, നിങ്ങളുടെ മനസ്സിൽ ഓർമ്മയുണ്ടായിരിക്കട്ടേ, ഞങ്ങാക്കു സമതമില്ലെങ്കിൽ വേണ്ട, ഭീമസേനനായ ഞാൻ, ഇതാ ഈ കുരുക്കളെയെല്ലാം വധിക്കുന്നതിന്നു, ഉറപ്പോടെ കച്ചകെട്ടി സന്നദ്ധനായി പുറപ്പെടുന്നു. വൃത്തം സ്രഗ്ദ്ധര.

൱൩. ധാർഷ്ട്യത്തോടെ=ധൈര്യത്തോടേ. ഗദാംതാം-ആഗദയെ. കര..................ലയൻ = കയ്യിലെടുത്തുംകൊണ്ടു. ഭൈരവാം= ഭയങ്കരയായ (ഗദാവിശേഷണം) കൌരവാണാം. കൌരവന്മാരുടെ. ഘോരാഭിഘാതൈഃ=ഘോരങ്ങളായ അടികാംകൊണ്ട്. ദ്വിപ..................വന്ത്യാം= ആന തേർ കുതിര കാലാളുകളുടെ രക്തനദിയിൽ. പരി..................പണായ= പരിഭവാഗ്നിയെ കെടുത്തുന്നതിന്നു. ആരഭേ=ആരംഭിക്കുന്നു. ഞാനിതാ, ഗദയും കയ്യിലേന്തി, കുരുക്കൂട്ടത്തിൽ ചെന്നുചാടി, ചില കളികാം കളിച്ചു, ഗദാപ്രഹാരങ്ങളാൽ ചത്തുവീഴുന്ന ചതുരംഗസേനയുടെ രക്തമാകുന്ന നദിയിൽ ചാടിക്കളിച്ച്, ഈ പരിഭവാഗ്നിയെ കെടുത്തുവാൻ ആരംഭിക്കുന്നു. വൃത്തം സ്രഗ്ദ്ധര.

൱൱. ചഞ്ചൽ..................നസ്യ= ഇളകുന്ന കൈകൊണ്ടു ചുഴററപ്പെട്ട ഭയങ്കരമായ ഗദകൊണ്ടുള്ള പ്രഹരങ്ങളാൽ പൊടിപെടുത്തപ്പെട്ട ഇരുതുടകളോടു കൂടിയ. സുയോധനസ്യ=ദുര്യോധനന്റെ. സ്ത്യാനാ..................പാണിഃ=സ്ത്യാനം (കട്ടപിടിച്ചതു്) ആയും ബന്ധിക്കപ്പെട്ടതായുമുള്ള ഘനമായ രക്തംകൊണ്ടു തുടുത്ത കൈത്തലങ്ങളോടുകൂടിയവനായിട്ട് ഉത്തംസയിഷ്യതി=കെട്ടിക്കും. കചാൻ=തലമുടിയെ. ദേവി=ഹേ പാഞ്ചാലി! ഭീമഃ= ഭീമസേനൻ. അല്ലയോ പാഞ്ചാലി,

ഈ ഭീമസേനൻ, ഇളകുന്ന കൈകൊണ്ടു ചുഴററിയ പെരിയ ഗദകൊണ്ടു് ദുര്യ്യോധനന്റെ ഇരുതുടകളും അടിച്ചുപൊടിച്ചു് അതിൽനിന്നു പുറപ്പെട്ട കട്ടപിടിച്ച കട്ടനിണം പുരണ്ടു ചുവന്ന കൈകളോട്ടുകൂടി ഭവതിയുടെ തലമുടി കെട്ടിച്ചേക്കാം. വൃത്തം വസന്തതിലകം.

൯൭. വിഷ്ടാ = അരച്ചിട്ടു്. ഗദാഭിഹതിഭിഃ=ഗദാപ്രഹരങ്ങൾ കൊണ്ടു്. തിലശഃ=എൾപ്രമാണമായി. സമന്താൽ=ചുററും. തൽ ധാർത്തരാഷ്ട്രശതം=ആ ധാർത്തരാഷ്ട്രന്മാർ നൂറിനേയും. അദ്യ=ഇന്നു. പുരഃ=മുമ്പിൽ. ക്ഷണേന=ക്ഷണനേരംകൊണ്ടു. സദ്യഃ=പെട്ടന്നു. ക്ഷിപാമി-ഇടുന്നുണ്ടു്. ദഹനാർച്ചിഷി=അഗ്നിജ്വാലയിൽ. ധർമ്മസൂനോഃ- ധർമ്മപുത്രന്റെ. ദുർ ..................രിണം=ദുർദ്യൂതമാകുന്ന പാപം ചെയ്ത. അഗ്രപാണിം = കരാഗ്രത്തെ. ഞാനിപ്പോൾത്തന്നെ ഗദകൊണ്ടടിച്ചു് ആ ധൃതരാഷ്ട്രപുത്രന്മാർ നൂറിനേയും എൾപ്രമാണമായിട്ടരച്ചു് ധർമ്മപുത്രന്റെ ഈ ദുർദ്യൂതപാപം ചെയ്ത കരാഗ്രത്തെ തീയിലിടുന്നുണ്ടു്. വൃത്തം വസന്തതിലകം.

൯൮. പാർത്ഥഃ=അർജ്ജുനൻ. പവനസൂനും ഉവാച=ഭീമനോടു പറഞ്ഞു. യൽത്തു=യാതൊന്നാകട്ടേ. പ്രാരഭ്യതേ=ആരംഭിക്കപ്പെടുന്നു. കുരുഷു-കുരുക്കളിൽ. തസ്യ=അതിന്നു. സഹായസ്ഥി=സഹായമായ് ഭവിക്കുന്നു. സോഹം = ആ ഞാൻ. യൽ=യാതൊന്നു. ധർമ്മജംപ്രതി=ധർമ്മപുത്രനെക്കുറിച്ചു്. നൃശംസതയാ=നിന്ദ്യഭാവത്തോടുകൂടി. ത്വയോക്തം=നിന്നാൽ പറയപ്പെട്ടു. പശ്യാമിനോ=ഞാൻ കാണുന്നില്ല. പ്രതികാരം-പ്രതിവിധിയെ. അസ്യ=ഇതിന്നു. അപ്പോൾ അർജ്ജുനൻ ഭീമനോടു പറഞ്ഞു:— അങ്ങുന്നു കൗരവന്മാരിൽ ആരംഭിക്കുന്നതിനെല്ലാം ഞാൻ തുണയായി നിൽക്കാം. എന്നാൽ ധർമ്മപുത്രനെ നിന്ദിച്ചു പറഞ്ഞ

തീന്നൊരു പ്രായശ്ചിത്തം ഞാൻ കാണുന്നില്ല. വൃത്തം വസന്ത തിലകം.

൯ൻ. പാൎത്ഥമയഭാനുമാലി=അൎജ്ജുനനാകുന്ന സൂൎയ്യൻ. രണമൂൎദ്ധ്നി = രണശിരസ്സാകുന്ന. പൂൎവ്വഗിരിമൂൎദ്ധ്നി = ഉദയപൎവ്വതാഗ്രത്തിൽ. ഇഷുജാലരശ്മികാം = ശരനിരകളാകുന്ന രശ്മികാം. ദിഗന്തരേഷു=ദിങ്മദ്ധ്യങ്ങളിൽ. ധാൎത്ത...............കൂരിരുട്ട്=ധാൎത്തരാഷ്ട്രന്മാരാകുന്ന ഇരുട്ട്. മുതലറവുപോം=അടിയോടെ നശിക്കും. ഭൂപ...............ലീനി=പാഞ്ചാലിയാകുന്ന താമരപ്പൊയ്ക. സുഖം=സുഖേന (ക്രി. വി) ഏധതാം=വൎദ്ധിക്കട്ടെ. അൎജ്ജുനനാകുന്ന സൂൎയ്യൻ യുദ്ധശിരസ്സാകുന്ന ഉദയഗിരിശിരസ്സിൽ ചെന്നു ശരനിരകളാകുന്ന കരങ്ങാം ദിക്കുകളിൽ പൊഴിയുമ്പോാം ധൃതരാഷ്ട്രപുത്രന്മാരാകുന്ന കൂരിരുട്ടു മൂലത്തോടെ നശിക്കും. അപ്പോാം പാഞ്ചാലിയാകുന്ന താമരപ്പൊയ്ക വൃദ്ധിയെ പ്രാപിക്കും. 'ഏധതാം' എന്നതു പ്രാപ്തകാലത്തിൽ ലോട്ട്. രൂപകം അലങ്കാരം. വൃത്തം കുസുമമഞ്ജരി.

൧൦. ഗാണ്ഡി...............കോയം = ഗാണ്ഡീവമെന്നു പേരായ ഈ മേഘം. അധുനാ=ഇപ്പോാം. ശരൌഘമഴ= ശരസമൂഹമാകുന്ന മഴ. ഉൽതീൎണ്ണ...............വീൎയ്യമായ=ഉൽകൃഷ്ടമായ കൃഷ്ണന്റെ ഭുജപരാക്രമമാകുന്ന. കൊട്ട...............ലൂഷ്മ=കഠിനമായ വേനലിന്റെ ചൂട്. ഖിന്നരായ=ഖേദിച്ച. കുരുവീരർ=കൌരവന്മാർ. രുധിരാംബുനാ=രക്തജലത്താൽ. സുഖം=സുഖത്തെ. ആതനോതു=ചെയ്യട്ടെ. പയസാംനിധേഃ=സമുദ്രത്തിന്ന്. ഗാണ്ഡീവമാകുന്ന മേഘം, ശരനിരയാകുന്ന മഴപെയ്തു, കൃഷ്ണന്റെ കയ്യൂക്കാകുന്ന കഠിനമായ വേനൽചൂട കളഞ്ഞു, കൌരവന്മാരാകുന്ന മലയിൽനിന്നു വരുന്ന രക്തമാകുന്ന വെള്ളംകൊണ്ടു നിറഞ്ഞ അനേകം നദികളെ നിൎമ്മിച്ച് സമുദ്രത്തിന്നു സുഖം ഉണ്ടാക്കട്ടെ. രൂപകം അലങ്കാരം. വൃത്തം കുസുമമഞ്ജരി.

൧൧. തദനു=അതിനുശേഷം. പവ ..........നന്ദനോഃ=ഭീമാജ്ജുനന്മാരുടെ. താഃ രഭസഗിരഃ=ആ രഭസവാക്കുകളെ (സാവേഗവചനങ്ങളെ, അഥവാ പൂൎവ്വാപരവിചാരം കൂടാത്ത വാക്കുകളെ) നിശമയ്യ=കേട്ടിട്ട്. ധൎമ്മജന്മാ=ധൎമ്മപുത്രൻ. ഭ്രുകു........രേണ=ഭ്രൂഭംഗത്താൽ കഠിനമായ. വീക്ഷണേന=നോട്ടംകൊണ്ട്. പ്രകടരുഷാ=സ്പഷ്ടമായ രോഷത്തോടുകൂടിയ (വീക്ഷണവിശേഷണം.) നിരുരോധ=നിരോധിച്ചു. ഗൂഢഗൂഢം=അതിഗൂഢമാകുംവണ്ണം (ക്രി. വി.) ഭീമാജ്ജുനന്മാരുടെ ആ വാക്കുകൾ കേട്ടപ്പോൾ ധൎമ്മപുത്രൻ പുരികം വളച്ചു കോപത്തെ സ്പഷ്ടമാക്കുന്ന ഒരു നോട്ടംകൊണ്ട് അവരെ അതിഗൂഢമാകുംവണ്ണം വിലക്കി. വൃത്തം പുഷ്പിതാഗ്രം.

൧൨. ഒരുപൊഴുത് = ഒരിക്കൽ. ദുൎയ്യോധനോസൌ=ഈ ദുൎയ്യോധനൻ. സംക്ഷോഭം=മനഃക്ഷോഭം. അപനയ=അകുറ്റുക. വസനം=വസ്ത്രത്തെ. ഭ്രാതഃ=ഹേ അനുജാ! അസ്യാഃ ശഠായാഃ=ശഠയായ ഇവളുടെ. അനേകപ്രണയിനി=അനേകം പുരുഷന്മാരുടെ ഭാൎയ്യ. കുലടാ സേയം=കുലടയാണിവൾ. ആഹന്ത=അയ്യേ (അനുകമ്പാദ്യോതകം.) സദസി=സഭയിൽ. വിവസനാം=വസ്ത്രഹീനയായി. മാലോകർ=മഹാലോകർ. ഏനാം=ഇവളെ. ഭീമാജ്ജുനന്മാരുടെ വാക്കു കേട്ടപ്പോൾ ദുൎയ്യോധനൻ 'എന്നാൽ ആ കോപ്പുകളൊന്നു കാണണം' എന്നു പറഞ്ഞു മനഃക്ഷോഭത്തോടുകൂടി കല്പിച്ചു:—അനുജാ, ഈ ശഠയുടെ വസ്ത്രം അഴിച്ചുമാറ്റുക. ഒട്ടും ശങ്കിക്കേണ്ട, അനേകപുരുഷന്മാരുടെ ഭാൎയ്യയായ ഇവൾ ഒരു വ്യഭിചാരിണിയാണ്. വങ്കനായ ഭീമൻ നോക്കിനിൽക്കേ സഭയിൽവെച്ചു മഹാജനങ്ങൾ ഇവളെ വസ്ത്രഹീനയായി കാണട്ടെ. വൃത്തം സ്രഗ്ദ്ധര.

൧൩. ശ്രുത്വാ=കേട്ടിട്ട്. സുയോധനഗിരം=ദുൎയ്യോധനന്റെ വാക്കിനെ. തരസാ-വേഗത്തിൽ ദുരാത്മാ=ദുഷ്ടനാ

യ. ദുശ്ശാസനഃ=ദുശ്ശാസനൻ. സര................ണാക്ഷഃ=ആവേഗത്തോടുകൂടിയവയും ചുവന്നവയും ഭയങ്കരങ്ങളുമായ കണ്ണുകളോടുകൂടിയവനായിട്ട്. പശ്യത്സു=(സത്സു) സൎവ്വനൃവരേഷു=എല്ലാ രാജാക്കന്മാരും കണ്ടുംകൊണ്ടിരിക്കുമ്പോൾ. സമേത്യ=അടുത്തുചെന്നിട്ട്. സാദ്ധ്വ്യാഃ=സാദ്ധ്വിയായ. തസ്യാഃ=ആ. ചകൎഷ=വലിച്ചു. വസനം=വസ്ത്രത്തെ. ദ്രുപദാത്മജായാഃ=പാഞ്ചാലിയുടെ. ദുൎയ്യോധനന്റെ വാക്കു കേട്ടപ്പോഴേയ്ക്കും ദുഷ്ടനായ ദുശ്ശാസനൻ കണ്ണും ചുവത്തിച്ചെന്ന്, സകല രാജാക്കന്മാരും കണ്ടുംകൊണ്ടിരിക്കേ, പതിവ്രതയായ പാഞ്ചാലിയുടെ വസ്ത്രം പിടിച്ചു വലിച്ചു. വൃത്തം വസന്തതിലകം.

൨൪. ജ്യേഷ്ഠാ.......... ....പരാൻ=ജ്യേഷ്ഠനെ അനുസരിക്കുന്നതിൽ നിരതന്മാരായിട്ട്. അവബുദ്ധ്യ=അറിഞ്ഞിട്ട്. ഭൎത്തൄൻ=ഭൎത്താക്കന്മാരെ. മന്ദോഷ്മണഃ=ചൂടു കുറഞ്ഞവരായിട്ട്. ഭീഷ്മമുഖാൻ ച വൃദ്ധാൻ=ഭീഷ്മൻ തുടങ്ങിയ വൃദ്ധന്മാരെയും (അവബുദ്ധ്യ എന്നതിനോടു യോജന). ആക്രന്ദതിസ്മ=നിലവിളിച്ചു. ശരണം=രക്ഷിതാവായ. യദുനാഥം=ശ്രീകൃഷ്ണനെ. ഉച്ചൈഃ=ഉറക്കെ. ആകൃഷ്യമാണവസനാ=വലിക്കപ്പെടുന്ന വസ്ത്രത്തോടുകൂടിയ. ചപലേന=ചപലനാൽ. സാദ്ധ്വീ=പതിവ്രത. ചപലനായ ദുശ്ശാസനൻ വസ്ത്രം അഴിച്ചുംകൊണ്ടിരിക്കുമ്പോൾ, തന്റെ ഭൎത്താക്കന്മാർ ജ്യേഷ്ഠനെ അനുസരിച്ച് ഒതുങ്ങിയിരിക്കയാണെന്നും ഭീഷ്മാദികളായ വൃദ്ധന്മാർ ഉദാസീനന്മാരായിരിക്കയാണെന്നും അറിഞ്ഞിട്ട്, പാഞ്ചാലി സൎവ്വരുടേയും രക്ഷിതാവായ ശ്രീകൃഷ്ണനെ വിളിച്ചു മുറയിട്ടു. വൃത്തം വസന്തതിലകം.

ഗദ്യം 4. അത്യന്തദീനാ=ഏററവും ദീനയായ. യാജ്ഞസേനീ=പാഞ്ചാലി. കൃപാസാഗരേ=ദയാസമുദ്രമായി. വിശോകകന്ദേ=വിശോകത്തിന്നു മൂലമായിരിക്കുന്ന. മുകുന്ദേ=കൃഷ്ണനിൽ.

പരാം ഭക്തിയെ= പരയായ ഭക്തിയെ. ഹാ ഹാ=അയ്യോ അയ്യോ. ജഗന്നാഥ= ലോകനാഥ! വിഷ്ണോ= സൎവ്വവ്യാപക! മുരാരേ= മുരാന്തക! ദുശ്ശാസനോഽസൌ= ഈ ദുശ്ശാസനൻ. കനം= ഏററവും. പീഡയിത്വാ=പീഡിച്ചിട്ടു്. ബലാൽ= ബലാൽക്കാരേണ. വാസഃ= വസ്ത്രത്തെ. സമക്ഷം= പ്രത്യക്ഷമായിട്ടു്. ഹൃഷീകേശ= ഇന്ദ്രിയങ്ങൾക്കു നാഥനായവനേ! പാഹി പാഹി= രക്ഷിക്കണേ രക്ഷിക്കണേ. പ്രഭോ= സ്വാമിൻ! മാം അനാലംബനാം= ആശ്രയമില്ലാത്തവളായ എന്നെ. ഭക്തലോകേഷു=ഭക്തജനങ്ങളിൽ. തൃക്കൺ................ഭ്രമം- കടാക്ഷവിലാസം. വഴങ്ങീടും= പ്രയോഗിക്കും. മംഗല്യസങ്കേതമേ= മംഗല്യങ്ങൾക്കു നിവാസസ്ഥാനമേ! മഹാ................ഷ്ടനാം= വലിയ മുതലയാൽ കടിക്കപ്പെട്ട. അഗ്ഗജേന്ദ്രം= ആഗജേന്ദ്രനെ (ഗജരൂപനായ ഇന്ദ്രദ്യുമ്നനെ). പുരാ= പണ്ടു്. മത്സ്യമായ്= മത്സ്യമൂൎത്തിയായി. ദാനവേന്ദ്രം= അസുരശ്രേഷ്ഠനെ (ഹയഗ്രീവനെ). ആഗമാൻ= വേദങ്ങളെ. വീണ്ടതും= വീണ്ടെടുത്തതും. വാരിധൌ= സമുദ്രത്തിൽ. മന്ദരം= മന്ദരാദ്രിയെ. ധാത്രിയെക്കട്ട= ഭൂമിയെ കവൎന്ന. ദുൎദ്ദാനവം=ദുഷ്ടദൈത്യനെ (ഹിരണ്യാക്ഷനെ). പോത്രിയായ്=പന്നിയായി. നാരസിംഹാകൃതിം=നരസിംഹരൂപത്തെ. നാകൌകസാം വൈരിണം=ദേവന്മാരുടെ ശത്രുവിനെ(ഹിരണ്യകശിപുവിനെ). മാബലി=മഹാബലി. ലോകാൻ=ലോകങ്ങളെ. മാണിയായ്= ബ്രഹ്മചാരി (വാമനമൂൎത്തി) യായിട്ടു്. രാമനായ്=പരശുരാമനായി. ഭൂപതീൻ=ക്ഷത്രിയരാജാക്കന്മാരെ. രാവണം=രാവണനെ. അൎക്കവംശേ=സൂൎയ്യവംശത്തിൽ. രാമനായ്= ശ്രീരാമനായി. ദേവദേവാ= ദേവന്മാൎക്കും ദേവനായവനേ! ദയാവാരിധേ= കൃപാസമുദ്രമേ! ദാനവാരേ= അസുരാന്തകാ! ദുരക്ഷച്ഛലം=കള്ളച്ചൂതാകുന്ന വ്യാജം. ദുൎയ്യോധനാദ്യൈഃ= ദുൎയ്യോധനൻ മുതലായവരാൽ. ദരിദ്രീകൃതാഃ= ദരിദ്രന്മാരാക്കി ചെയ്യപ്പെട്ട. ദാസതാം പ്രാപിതാഃ=ദാസ്യത്തെ പ്രാപിപ്പിക്ക

പ്പെട്ടു. ഭർത്താരഃ ഏതേ= ഈ ഭർത്താക്കന്മാർ. നമസ്തേ= നിന്തിരുവടിക്കു നമസ്കാരം. സമസ്തൈകനാഥാ= എല്ലാ പ്രപഞ്ചങ്ങൾക്കും ഏകനാഥനായവനേ! പിഞ്ഛരങ്ങൾ=പീലികൾ. കൌങ്കമം, ചിത്രകം=കുങ്കുമംകൊണ്ടുള്ള പൊട്ട്. കൃപാപൂരം = കൃപാജലസമൂഹം. കൺനോ ..........................................

........ദ്വയം= കടാക്ഷവും പൊൻകുണ്ഡലങ്ങളെക്കൊണ്ടു മിന്നുന്ന കവിളുകൾ രണ്ടും. മന്ദഹാസം= ചെറുപുഞ്ചിരിയോടു കൂടിയ. മുഖാംഭോജം=മുഖപത്മം. അമ്ലാനമാലാ ഗളേ=കഴുത്തിലുള്ള വാടാത്തമാല. കൌസ്തുഭം= കൌസ്തുഭരത്നം. നാഭിപങ്കേരുഹം=നാഭിപത്മം. പാദപത്മദ്വയം=പാദാരവിന്ദങ്ങൾ രണ്ടും. മുദാ= മോദത്തോടുകൂടി. താവകം= നിന്തിരുവടിയെസ്സംബന്ധിച്ച. പൂവൽമെയ്= മൃദുമേനി. കാനനാന്തേ= കാട്ടിന്റെ മദ്ധ്യത്തിൽ. ജന്മജന്മാന്തരം=അനേകജന്മാന്തരം. മൃത്യു=മരണം. മററുരാജ്യേ=അന്യരാജ്യത്തു്. തോന്നുക=തോന്നേണമേ. അപ്പോൾ അതിദീനയായ്ച്ചമഞ്ഞ പാഞ്ചാലി, കൃപാസമുദ്രവും സർവ്വപ്രപഞ്ചമൂലവുമായ ശ്രീകൃഷ്ണഭഗവാനിൽ പരമഭക്തിപൂണ്ടു വിലപിച്ചു “ഹാ ഹാ ജഗന്നാഥ” എന്നു തുടങ്ങിയ ഭാഗം വിലാപം. അതിൽ “മഹാഗ്രാഹസന്ദഷ്ട” ഇത്യാദ്യംശംകൊണ്ടു ഗജേന്ദ്രമോക്ഷം, മത്സ്യാവതാരം, കൂർമ്മാവതാരം, വരാഹാവതാരം, നരസിംഹാവതാരം, വാമനാവതാരം, പരശുരാമാവതാരം, ശ്രീരാമാവതാരം എന്നിവയെ സ്തുതിക്കുന്നു. “ദേവദേവാ ദയാവാരിധേ” ഇത്യാദ്യംശംകൊണ്ടു കേശാദിപാദാന്തം ചുരുക്കത്തിൽ അനുസ്മരിച്ചു് ശ്രീകൃഷ്ണനെ സ്തുതിക്കുന്നു. സാരം സ്പഷ്ടം.

൧൭. ഭഗവാൻ=ഭൂതങ്ങളുടെ ഉൽപത്തി, വിപത്തി, ആഗതി, ഗതി, വിദ്യ, അവിദ്യ എന്നിവയെ അറിയുന്നവൻ (കൃഷ്ണൻ). അനുഗ്രഹലവം=അനുഗ്രഹലേശം. തസ്യാം=ആ പാഞ്ചാലിയിൽ. ഉയരവുംവിധൌ=ചെയ്യുന്ന അവസരത്തിൽ. അരു...

..........ശയം=ആശ്ചര്യത്തിന്റേയും സംഭ്രമത്തിന്റേയും ആധിക്യം. ഓന്നാ............... വിധൌ= ഓരോന്നായി വലിച്ചുകളയുമ്പോൾ. വസനം= വസ്ത്രം. അഹോ= ആശ്ചര്യം. ആഹ............ശതൈഃ= ആഹരിക്കപ്പെട്ട വസ്ത്രങ്ങളുടെ സമൂഹങ്ങളെക്കൊണ്ടു. പൂർണ്ണാ സഭാ=സഭ നിറഞ്ഞു. മേൽപ്രകാരം പഞ്ചാലി വിലപിച്ചപ്പോൾ, സർവ്വഭൂതങ്ങളുടെ ഉൽപത്തിവിപത്ത്യാദികളെ അറിയുന്ന ശ്രീകൃഷ്ണൻ ആ സാദ്ധ്വിയിൽ കാരുണ്യത്തോടനുഗ്രഹം ചെയ്തു. അപ്പോഴത്തെ അത്ഭുതം പറയാവതല്ല. അരയിൽനിന്ന വസ്ത്രം ഓരോന്നോരോന്നായി അഴിക്കുംതോറും പിന്നെയും ഓരോന്നോരോന്ന് അഴിയാതെ കാണമാറായി. അഴിച്ച വസ്ത്രങ്ങളെക്കൊണ്ടു സഭ നിറഞ്ഞുവശായി. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൱൨. ആഹൃത്യാഹൃത്യ= അഴിച്ചിട്ടഴിച്ചിട്ട്. വസ്ത്രാണി= വസ്ത്രങ്ങളെ. ഉരു............................ഭേന=ഏററവും വലുതായ കരസാദം (കൈകുഴച്ചിൽ) കൊണ്ട്. മോഹിച്ച്=മോഹാലസ്യപ്പെട്ട്. അഴകിതഴകിതു= ഇതു നല്ലത് നല്ലത്. ഘോഷഃ= ശബ്ദം. സമാസീൽ= ഉണ്ടായി. ഹാഹാകാരേ= ഹാ ഹാ എന്ന ശബ്ദം. കുരൂണാം = കുരുക്കളുടെ. പ്രസരതി (സതി)= വ്യാപിക്കുന്ന സമയത്ത് ധൃതരാഷ്ട്രോയം= ഈ ധൃതരാഷ്ട്രൻ. ആനമ്യ= നമസ്കരിച്ചിട്ട്. കൃഷ്ണാം= പാഞ്ചാലിയെ ഏകാന്തേ-വിജനത്തിൽ. സാദ്ധ്വി= ഹേ പതിവ്രതേ! കോപം ജഹി=കോപത്തെ കളഞ്ഞാലും. കൃതം അപരാധം= ചെയ്യപ്പെട്ട അപരാധത്തെ. ക്ഷമസ്വ= ക്ഷമിച്ചാലും. ഇത്യവാദീൽ= എന്നു പറഞ്ഞു. വസ്ത്രങ്ങളഴിച്ചഴിച്ചു കുഴശലായി കൈകാൾ കുഴഞ്ഞു മോഹാലസ്യപ്പെട്ടു ദുശ്ശാസനൻ നിലത്തു വീഴുകയും, സഭയിൽ നല്ലത് നല്ലത് എന്ന ഘോഷമുണ്ടാകയും, കൌരവന്മാരുടെ അയ്യോ അയ്യോ എന്ന ശബ്ദം എങ്ങും പരക്കുകയും ചെയ്തപ്പോൾ ധൃതരാഷ്ട്രർ പാഞ്ചാലിയെ വണങ്ങി, "ഹേ പതിവ്രതേ! കോപം

കളയൂ, ചെയ്തുപോയതെററു ക്ഷമിക്കുക'' എന്നു പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൭൨. പ്രസീദ=നീ പ്രസാദിച്ചാലും. കോപഃ=കോപം. ചപലേഷു = ചപലന്മാരിൽ. മാ ഭൂൽ = അരുതു്. പാഹി= നീ രക്ഷിച്ചാലും. സഹാത്മജം മാം= പുത്രന്മാരോടുകൂടിയ എന്നെ. പണാൽ= പണയത്തിൽനിന്നു. വിമുക്താ അസി= നീ മുക്തയായ് ഭവിക്കുന്നു. സമം വരൈഃ=ഭർത്താക്കന്മാരോടുകൂടി. ഇത്യുക്തേ (സതി)= എന്നു പറയപ്പെട്ടപ്പോൾ. നിഷിദ്ധ്യ= നിഷേധിച്ചു് ആഹ (സ്മ)= പറഞ്ഞു. സുയോധനോസൌ= ഈ സുയോധനൻ. "ഭവതി പ്രസാദിക്കുക. കോപം ചപലന്മാരിൽ അരുതു്. ഹേ സാദ്ധ്വി, എന്നെ പുത്രന്മാരോടുകൂടി രക്ഷിക്കുക. ഭവതി ഭർത്താക്കന്മാരോടുകൂടി പണയത്തിൽനിന്നു വേർപെട്ടിരിക്കുന്നു'' എന്നു ധൃതരാഷ്ട്രൻ പറഞ്ഞപ്പോൾ ദുര്യോധനൻ അതു നിഷേധിച്ചു പറഞ്ഞു. ഉപജാതി വൃത്തം.

൭൩. ദുര്യോധനവചനം. ബാല്യാൽ പ്രഭൃതി= ബാല്യം മുതൽക്കു. അപകൃതാഃ= ദ്രോഹിക്കപ്പെട്ടവരായി. മയി= എന്നിൽ. ലബ്ധവൈരാഃ= ഉണ്ടായ വൈരത്തോടുകൂടിയവരായി. കൃഷ്ണാപരാഭവം=പാഞ്ചാലിയുടെ പരിഭവത്തെ. ഉദീക്ഷ്യ= കണ്ടിട്ടു്. കൃതപ്രതിജ്ഞാഃ=പ്രതിജ്ഞ ചെയ്തവരായിരിക്കുന്ന (പരേ എന്നതിന്റെ വിശേഷണങ്ങൾ). ത്വത്തഃ= അങ്ങയിൽ നിന്നു. പരേ= ശത്രുക്കൾ. പുനരപി=പിന്നെയും. പ്രതിപദ്യ രാജ്യം= രാജ്യത്തെ പ്രാപിച്ചിട്ടു്. ഉന്മൂലയേയുഃ= നശിപ്പിക്കും. അചിരേണ= താമസം കൂടാതെ. സമൂലം=മൂലത്തോടുകൂടി (ക്രി. വി.) അസ്മാൻ= ഞങ്ങളെ. ബാല്യം മുതൽക്കേ എന്നാൽ ദ്രോഹിക്കപ്പെട്ടു് എന്നിൽ വൈരം ഉറച്ചു വശായവരും, വിശേഷിച്ചു് ഇപ്പോൾ പാഞ്ചാലിയെ അപമാനിച്ചതു കണ്ടു സത്യംചെയ്തവരുമായ ശത്രുക്കൾ, അങ്ങയുടെ കയ്യിൽനിന്നു് ഇനിയും രാ

ജ്യം സമ്പാദിച്ച് ഏറെത്താമസിക്കാതെ ഞങ്ങളെ മുരടോടെ നശിപ്പിക്കും. വൃത്തം വസന്തതിലകം.

൯൯. കൃഷ്ണാ ................തദ്ധ്വ= പാഞ്ചാലിയുടെ തേജോവിശേഷത്തിൽ നിന്നുള്ള ഭയം ഹേതുവായും. സുതാനുരാഗാൽ= പുത്രസ്നേഹംഹേതുവായും. കത്ത................ദയഃ=കത്തവ്യത്തിങ്കൽ മൂഢമായ ഹൃദയത്തോടുകൂടിയ. കുരുരാജവീരഃ= ധൃതരാഷ്ട്രൻ. ഭീഷ്മാദികാൻ=ഭീഷ്മൻ മുതലായ. ഗുണനിധീൻ= ഗുണങ്ങൾക്കിരിപ്പിടമായ. ഉപഹൂയ-വിളിച്ചിട്ട്. കിം വാ വിധേയം ഇതി= എന്താണ് ചെയ്യപ്പെടേണ്ടതെന്ന്. സാദരം= ആദരവോടെ. അനുയുംക്ത= ചോദിച്ചു. പാഞ്ചാലിയുടെ തേജോവിശേഷത്തിൽനിന്നുള്ള ഭയത്താലും പുത്രസ്നേഹത്താലും എന്തു ചെയ്യണമെന്നുറപ്പു തോന്നാതെ ധൃതരാഷ്ട്രൻ ഭീഷ്മാദികളായ വൃദ്ധന്മാരെ വിളിച്ച് ആദരപൂർവ്വം ചോദിച്ചു. വൃത്തം വസന്തതിലകം.

൧൦൦. വത്സരാൻ ദ്വാദശ= പന്ത്രണ്ടു സംവത്സരംമുഴുവൻ. വനവസതിം= വനവാസത്തേയും. വത്സരാജ്ഞാതവാസം=ഒരു സംവത്സരം അജ്ഞാതവാസത്തെയും കൃത്വാ= ചെയ്തിട്ട്. രാജ്യാർദ്ധം. പകുതിരാജ്യം. വൃദ്ധാനാം= വൃദ്ധന്മാരുടെ. വാചം=വാക്കിനെ. കുരുനൃപതി= ധൃതരാഷ്ട്രൻ. തഥേതി= അങ്ങനെയെന്ന്. ആഹൂയ കുന്തീപുത്രം=ധർമ്മപുത്രനെ വിളിച്ചിട്ട്. മദ്ധ്യേസഭം= സഭാമദ്ധ്യത്തിൽ. സംവിദം= പ്രതിജ്ഞയെ. ഇതി= ഇപ്രകാരം കൃതിഭിഃ കല്പിതാം= വിദ്വാന്മാരാൽ കല്പിക്കപ്പെട്ട (സംവിദ്വിശേഷണം). ആബഭാഷേ= പറഞ്ഞു. പന്തീരാണ്ടു വനവാസവും ഒരാണ്ടജ്ഞാതവാസവും ചെയ്തുവന്നാൽ പകുതിരാജ്യം കൊടുക്കുക എന്ന് വൃദ്ധന്മാർ പറഞ്ഞതു കേട്ടു ധൃതരാഷ്ട്രർ ധർമ്മപുത്രനെ വിളിച്ച് സഭയിൽവച്ച് അപ്രകാരം പ്രതിജ്ഞചെയ്തു. വൃത്തം സ്രഗ്ദ്ധര.

വൃ. ൧. ധൎമ്മജന്മാ=ധൎമ്മപുത്രൻ. ജനകനാൽ=അച്ഛനാൽ. വാചാ= വാക്കുകൊണ്ടു. സഭാന്തേ= സഭാമദ്ധ്യത്തിൽ. ആജ്ഞപ്തം = കല്പിക്കപ്പെട്ടു. ഉന്നതാത്മാ = ഉന്നതചിത്തത്തോടുകൂടിയവനായ. മോദേന = മോദത്തോടെ. ആമന്ത്ര്യ സൎവ്വാൻ = എല്ലാവരോടും യാത്രപറഞ്ഞ്. വിദുരനിലയനെ- വിദുരൻെറ ഗൃഹത്തിൽ. ഖിന്നാം= ഖേദിച്ചവളായ. ജനിത്രിം=അമ്മയെ. വീതാശങ്കം= ശങ്കകൂടാതെ (ക്രി. വി.) പ്രതസ്ഥേ= പുറപ്പെട്ടു. സഹ=കൂടി. നിജസഹജൈഃ= തൻെറ അനുജന്മാരോടും. ധൎമ്മപത്ന്യാ= ധൎമ്മപത്നിയോടും. അച്ഛൻ സഭയിൽവച്ച് അരുളിച്ചെയ്തപ്രകാരം ചെയ്യാമെന്നു പറഞ്ഞു ധൎമ്മപുത്രൻ അദ്ദേഹത്തെ വണങ്ങി എല്ലാവരോടും യാത്രപറഞ്ഞു്, അമ്മയെ വിദുരഗൃഹത്തിലാക്കി, അനുജന്മാരോടും ഭാൎയ്യയോടും കൂടി പുറപ്പെട്ടു. വൃത്തം സ്രഗ്ദ്ധര.

വൃ. ൨. ധൃത........................ശസ്ത്രാഃ=താന്താങ്ങളുടെ ആയുധങ്ങളെടുത്തവരായി. സാനു...............ഗതാഃ= പശ്ചാത്താപത്തോടുകൂടിയ ധൃതരാഷ്ട്രനാൽ അയയ്ക്കപ്പെട്ട രഥത്തിലൂടെ ഗതന്മാരായിട്ടു് തേ-അവർ. യാജ്ഞ.....................ഹായാഃ= പാഞ്ചാലിയോടുകൂടിയ (തേ എന്നതിൻെറ വിശേഷണം). പ്രയയുഃ= പോയി. അനുസരന്തം- പിന്നാലെ വരുന്ന. പൌരലോകം= പൌരജനത്തെ. നിവൎത്ത്യ=മടക്കി അയച്ചിട്ട്. പ്രസഭം= വേഗത്തിൽ. വനാന്തം= വനമദ്ധ്യത്തെ. പാണ്ഡുപുത്രാഃ= പാണ്ഡവന്മാർ. മഹാന്തം= വലിയ. പാണ്ഡവന്മാർ ആയുധങ്ങളെടുത്തു തേരിൽ കയറി അനുഗമിക്കുന്ന പൌരന്മാരെ തിരിച്ചയച്ച് വൻകാട്ടിലേക്കു പോയി. ന. ന. മ. യ. യ. ഗണങ്ങളും എട്ടിൽ യതിയുമാകയാൽ വൃത്തം മാലിനി. "നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു" എന്നു ലക്ഷണം.

വൃ. ൩. അക്കാ............യാണേ=ആവനയാത്രയിൽ. കരു............ലകാഃ=കരുവംശത്തിനു പൊട്ടുകളായവർ (പാണ്ഡ

വന്മാർ). ഭാനു ..........സാദാൽ=സൂൎയ്യന്റെ പ്രസാദത്താൽ. അഗ്രേ = മുമ്പിൽ. ലബ്ധ്വാ = ലഭിച്ചിട്ടു. അന്നപാത്രം = അന്നപാത്രത്തെ (അക്ഷയപാത്രത്തെ). തദ്ഭ ..........വൈഃ= അതിൽനിന്നുണ്ടായ വിഭവങ്ങൾകൊണ്ടു ബ്രാഹ്മണരെ പ്രീതിപ്പെടുത്തിയവരായിട്ടു്. ഉഗ്രം = ഉഗ്രനായ. നിർമ്മഥ്യ=കൊന്നിട്ടു്. മാർഗ്ഗേ = വഴിയിൽ. നിശിചരം = രാക്ഷസനായ. കിർമ്മീരം = കിർമ്മീരനെ. വിധുത ..........കാഃ=ദോഷസമൂഹങ്ങളില്ലാത്തതായ. ഉപഗതാഃ = ഗമിച്ചു. കാമ്യകം = കാമ്യകമെന്ന കാനനാന്തം = വനമദ്ധ്യത്തെ. ഈ പാണ്ഡവന്മാർ സൂൎയ്യപ്രസാദത്താൽ ആദ്യംതന്നെ അക്ഷയപാത്രം സമ്പാദിക്കയും, അതിൽനിന്നുണ്ടായ നാനാവിഭവങ്ങൾകൊണ്ടു ബ്രാഹ്മണരെ പ്രീതിപ്പെടുത്തുകയും, കിർമ്മീരനെ കൊല്ലുകയും ചെയ്തു കാമ്യകവനത്തിൽ ചെന്നു. വൃത്തം സ്രഗ്ദ്ധര.

൨൪. ധീരാഃ=ധീരന്മാരായ. കുന്തീതനൂജാഃ=കുന്തീപുത്രന്മാർ. ധര ..........വരം=ദ്വിജശ്രേഷ്ഠനെ. ധൌമ്യനാമാനം=ധൌമ്യനെന്നുപേരായ. ആരാൽ=അരികിൽവെച്ചു്. പൌരോഹിത്യേ=പുരോഹിതസ്ഥാനത്തു്. അതി ..........വാസഃ= ഏററവും പൂജിതമായ മരത്തോലാകുന്ന വസ്ത്രത്തെ. വസാനാഃ=ഉടുക്കുന്നവരായിട്ടു്. സൈരം=സുഖമാംവണ്ണം. പ്രസ്ഥായ=പുറപ്പെട്ടു്. തസ്മാൽ=ആ കാമ്യകവനത്തിൽനിന്നു്. അവ ..........ഗണൈഃ=വിപ്രവൃന്ദങ്ങളോടു. സാകം=കൂടി. അത്യ... ..........മനി=അധികം സൌഖ്യമുള്ള ദ്വൈതവനപ്രദേശത്തിൽ. ചക്രുഃ=ചെയ്തു. ഏതേ=ഇവർ. നിവാസം=വാസത്തെ. പാണ്ഡവന്മാർ, ധൌമ്യമുനിയെ പുരോഹിതനായി വരിച്ചു്, ബ്രാഹ്മണരോടുകൂടി കാമ്യകവനത്തിൽനിന്നു പോയി, ദ്വൈതാടവിയിൽ ചെന്നു സുഖമായി വസിച്ചു. വൃത്തം സ്രഗ്ദ്ധര.

---

63

63

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 Acc. No. 19663

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MA2
Cl.No. KOC-K Acc.No. 19663
Author കൊച്ചി മലയാള ഭാഷ
Title പരിഷ്കരണ കമ്മിറ്റി

MA2
KOC-K
19663

കൊച്ചി മലയാളഭാഷ
പരിഷ്കരണ കമ്മിറ്റി
നേരലേഖനം